# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 32 THE ONLINE OFFICIAL NEWS BULLETIN 2025 August 07


## SEASON OF TRANSFIGURATION | തേജസ്കരണകാലം | ...

| SUNDAY | MONDAY | TUESDAY | WEDNESDAY | THURSDAY | FRIDAY | SATURDAY |
|---|---|---|---|---|---|---|
| 10 | 11 | 12 | 13 | 14 | 15 | 16 |
| 1st Sunday after the Feast of Transfiguration | | Comme. of Mar Assayel | | Comme. of Prophet Micah | Shunoyo<br>Feast of the Dormition of St. Mary<br>110th Mem. of Patriarch Mar Ignatios Abded Meshiha<br>(Kurkuma Dayara)<br>Devalokam aramana chappel perunnal | 332th Mem. of Mar Ivanios Hidayathulla (Mulamthuruthi) |

സംയുക്ത ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് റാന്നി പെരുനാട് ബഥനി ആശ്രമത്തിൽ നടന്ന പൊതുസമ്മേളനം പരിശുദ്ധ ബസേലിയോസ് മാർ ത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്യുന്നു.

## സിനിമകളിൽ അക്രമങ്ങളും ലഹരി ഉപയോഗവും മഹത്വവൽക്കരിക്കരുത് എന്ന പ്രസ്താവന അഭിനന്ദനാർഹം: പ. കാതോലിക്കാ ബാവാ

കോട്ടയം: സംസ്ഥാന ചലച്ചിത്ര നയരൂപീകരണത്തിന്റെ ഭാഗമായി സർക്കാർ സംഘടിപ്പിച്ച കോൺക്ലേവിൽ മുഖ്യമന്ത്രി പിണറായി വിജയൻ നടത്തിയ ചില പരാമർശങ്ങൾ സമൂഹത്തിൽ ഇടപെടുന്ന ഒരു സഭ എന്ന നിലയിൽ ഏറെ പ്രതീക്ഷയോടെയാണ് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ വീക്ഷിക്കുന്നതെന്നും സിനിമകളിൽ അക്രമങ്ങളും, ലഹരി ഉപയോഗവും മഹത്വവൽക്കരിക്കരുത് എന്ന മുഖ്യമന്ത്രിയുടെ പ്രസ്താവന അഭിനന്ദനാർഹമാണെന്നും പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ.

മയക്കുമരുന്നുകളെ നിസാരവൽക്കരിക്കുന്ന സിനിമകൾ ലഹരി ഉപയോഗത്തെ പരോക്ഷമായി പ്രോത്സാഹിപ്പിക്കുകയാണെന്ന സഭയുടെ മുൻ നിലപാടിനുള്ള പിന്തുണ കൂടിയായി മുഖ്യമന്ത്രിയുടെ വാക്കുകൾ. ലഹരി വിപത്തിനെതിരെ 'ഡ്രഗ്സിറ്റ്' എന്ന പേരിൽ സഭ സംഘടിപ്പിച്ച കോൺക്ലേവും, സഭയുടെ യുവജനപ്രസ്ഥാനം ലഹരിക്കെതിരെ നടത്തിയ കേരളയാത്രയുമൊക്കെ ഇതേ ആശയങ്ങളാണ് ഉയർത്തിപ്പിടിച്ചത്. സിനിമാ നയരൂപീകരണ ചർച്ചയിൽ തന്നെ ഗൗരവമേറിയ ഈ ചിന്ത പങ്കുവെച്ചതിന് മുഖ്യമന്ത്രി പിണറായി വിജയനെ പ്രത്യേകം അഭിന ന്ദിക്കുന്നു. ലഹരിക്കെണിയിൽ നിന്ന് നമ്മുടെ സമൂഹത്തെ രക്ഷിക്കാ നുള്ള സർക്കാരിന്റെ എല്ലാ ശ്രമങ്ങൾക്കും മലങ്കരസഭയുടെ പൂർണ പിന്തുണയുണ്ടാകുമെന്നും പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പറഞ്ഞു.

പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 13-ാമത് ഓർ മ്മപ്പെരുന്നാളിന് മാവേലിക്കര തെയോ ഭവനിൽ പ. കാതോലിക്കാ ബാവാ മുഖ്യ കാർമ്മികത്വം വഹിച്ചു.

റാന്നി പെരുനാട് ബഥനി ആശ്രമത്തിൽ നടന്ന പൊതുസമ്മേളനത്തിൽ അലക്സിയോസ് മാർ തേവോദോസിയോസ് എക്സലൻസി അവാർഡ് ഫാ. ഗബ്രിയേൽ ജോസഫിന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ സമ്മാനിച്ചു.

അലക്സിയോസ് മാർ തേവോദോസ്യോസ്തിരുമേനിയുടെ ഓർമ്മപ്പെരു ന്നാളിന് ആരംഭം കുറിച്ചു കൊണ്ട് നിരണം പള്ളിയിൽ നിന്നും ഛായചിത്രം വഹിച്ചുകൊണ്ടുള്ള വാഹന റാലി മാത്യൂസ് മാർ തേവോദോസിയോസ് ഉദ്ഘാടനം ചെയ്തു.


Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ചരിത്രരേഖകൾ

# പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1960)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്



27-10-1960. രാവിലെ വി. കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ പത്തനാപുരം ദയറായിലെ അംഗങ്ങളായ യോഹന്നാൻ, ശമുവേൽ, തോമ്മാ എന്നീ ശെമ്മാശന്മാർക്ക് കശ്ശീശാ പട്ടം നാം നൽകി. യോഹന്നാൻ കത്തനാർ പത്തിച്ചിറ ഇടവകക്കാരനും, ശമുവേൽ ശെമ്മാശൻ പുതിയകാവു പള്ളി ഇടവകാംഗവും തോമ്മാ കത്തനാർ വളഞ്ഞവട്ടം ഇടവകക്കാരനുമാണ്.

പത്തനാപുരത്തെ ഡോക്ടർ അലക്സാണ്ടർ വന്നു നമ്മെ കണ്ടു. അയാൾക്ക് നാം ഒരു ക്ലോക്ക് സമ്മാനമായി കൊടുത്തു. 11 മണിക്ക് പത്തനംതിട്ടയ്ക്ക് യാത്ര തിരിച്ചു. ദീവന്നാസ്യോസ് മെത്രാച്ചൻ നമ്മുടെ കാറിൽ പത്തനംതിട്ടയ്ക്കു വരികയുണ്ടായി.

വകയാർ സെന്റ് മേരീസ് പള്ളിക്കാർ നമുക്ക് ഒരു സ്വീകരണം തന്നു. സമയം ഇല്ലാത്തതുകൊണ്ടു അവിടെ താമസിക്കാതെ തന്നെ പത്തനംതിട്ടയ്ക്കു പോന്നു. 12.30-നു പത്തനംതിട്ട ദയറായിൽ എത്തി. ധാരാളം പട്ടക്കാർ നമ്മുടെ വരവ് പ്രമാണിച്ചു കാത്തുനിന്നിരുന്നു. നാം ബസേലിയോസ് ചാപ്പലിന്റെ കല്ലിടീൽ കർമ്മം നടത്തി. നമ്മെക്കൂടാതെ ദീവന്നാസ്യോസ്, പീലക്സിനോസ് എന്നീ മെത്രാന്മാർ ഉണ്ടായിരുന്നു. കാതോലിക്കേറ്റ് ഹൈസ്കൂളിലെ വിദ്യാർത്ഥികൾ എല്ലാംകൂടി വന്നു നമ്മെ കണ്ടു. ദയറായിൽ തന്നെ താമസം.

28-10-1960. രാവിലെ 10 മണിക്ക് പരുമലയ്ക്കു യാത്ര തിരിച്ചു. വഴിക്ക് വഞ്ചിത്ര പുതുക്കി പണിയുന്ന സെന്റ് മാത്യൂസ് പള്ളി കയറി കണ്ടു. നമ്മുടെ വരവ് പ്രമാണിച്ച് ധാരാളം ആളുകൾ അവിടെ കാത്തു നിന്നിരുന്നു. പള്ളിയിൽ കയറി ലുത്തിനിയാ കഴിച്ചശേഷം പണികൾ കാണുകയും പള്ളിയുടെ മുഴുവനായുള്ള പ്ലാൻ നമ്മെ കാണിക്കുകയും ചെയ്തു.

യാത്രാമദ്ധ്യേ പുത്തൻകാവ് ഹൈസ്കൂൾ നാം സന്ദർശിച്ചു. ഹെഡ്മാസ്റ്റർ പി. സി. ജോബ് കത്തനാരോടു നാം പുതുതായി വാങ്ങിയ മിഡിൽ സ്കൂളിന്റെ കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്തു. ഒരു മണിയോടു കൂടി പരുമല സെമിനാരിയിൽ എത്തി. പാത്രിയർക്കീസ് ബാവായുടെ ഒരു എഴുത്തു വന്നത് ഇന്നു നമ്മുടെ കൈവശം കിട്ടി. ഉച്ചയ്ക്കുശേഷം നാം അല്പം വിശ്രമിച്ചു. മറ്റു വിശേഷങ്ങൾ ഒന്നുംതന്നെയില്ല.

29-10-1960. പരുമല സെമിനാരി. രാവിലെ വി. കുർബ്ബാന മത്തായി കത്തനാർ ചൊല്ലി. ഒമ്പതു മണിയോടു കൂടി സെമിനാരിയുടെ ചുറ്റും ഇറങ്ങി നടന്നു മതിൽ പണി നാം കണ്ടു. വള്ളക്കാലിലെ ജോർജ് നമ്മെ വന്നു കണ്ടു. ഇന്ന് മറ്റ് വിശേഷങ്ങൾ ഒന്നുംതന്നെയില്ല.

30-10-1960. പരുമല സെമിനാരി. രാവിലെ വി. കുർബ്ബാന നാം ചൊല്ലി. കൂദെശ്ഈത്തൊ ഞായറാഴ്ച ആയിരുന്നു. കുർബ്ബാനമദ്ധ്യേ നാം പ്രസംഗിച്ചു. ഇന്നു പെരുന്നാളായിരുന്നു. കോട്ടയത്തു നിന്നും മറ്റും ധാരാളം ആളുകൾ പെരുന്നാളിനു വന്നിട്ടുണ്ടായിരുന്നു. എം. ഏബ്രഹാം ഇവിടെ വന്നു നമ്മെ കണ്ടു. ഉച്ചയ്ക്കുശേഷം ഒസ്താത്തിയോസ് മെത്രാച്ചൻ വന്നു. അദ്ദേഹം പെരുനാളിനായിട്ടു ഇവിടെ വന്നതാണ്. ഇന്ന് മറ്റ് വിശേഷങ്ങൾ ഒന്നും തന്നെയില്ല.

31-10-1960. ഒസ്താത്തിയോസ് മെത്രാച്ചൻ രാവിലെ വി. കുർബ്ബാന ചൊല്ലി. മട്ടയ്ക്കലെ അലക്സന്ത്രയോസ് കത്തനാർ നമ്മെ വന്നു കണ്ടു. നാലു മണിയോടു കൂടി ദീവന്നാസ്യോസ് മെത്രാച്ചൻ സെമിനാരിയിൽ വന്നു. ഇന്നു മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

1-11-1960. ഇന്നു രാവിലെ വി. മൂന്നുമ്മേൽ കുർബ്ബാന ഉണ്ടായിരുന്നു. ദീവന്നാസ്യോസ് മെത്രാച്ചനും ശമുവേൽ കത്തനാരും പന്നായിക്കടയിൽ വി. സി. അലക്സാണ്ടർ കത്തനാരും കൂടിയാണ് തിരുബലി അർപ്പിച്ചത്. പെരുനാളിന് ഇന്ന് ധാരാളം ആളുകൾ പള്ളിയിൽ വന്നിട്ടുണ്ടായിരുന്നു. ഇന്ന് സന്ധ്യയ്ക്ക് കൂറിലോസ് മെത്രാച്ചൻ വന്നു. പെരുന്നാളിനു വൈദിക സെമിനാരിക്കാരും മുളന്തുരുത്തിയിൽ നിന്നുള്ള ആളുകളും വന്നിട്ടുണ്ട്. ആറു മണിക്ക് സന്ധ്യാനമസ്കാരം ആരംഭിച്ചു. ധാരാളം ആളുകൾ വന്നിട്ടുണ്ടായിരുന്നു. മഴ ഉണ്ടായിരുന്നതുകൊണ്ട് ആളുകൾക്കു വിശ്രമിക്കുന്നതിന് വളരെ പ്രയാസമുണ്ടായിരുന്നു. ഇന്ന് മറ്റ് വിശേഷങ്ങൾ ഒന്നും തന്നെയില്ല.

2-11-1960. പരുമല പെരുന്നാൾ ദിവസമാണ്. രാവിലെയുള്ള വി. കുർബ്ബാന മാർ കൂറിലോസ് മെത്രാച്ചൻ ചൊല്ലി. രണ്ടാമത്തെ കുർബ്ബാന നാമും ഒസ്താത്തിയോസ്, പീലക്സിനോസ് എന്നീ മെത്രാന്മാർ കൂടി ചൊല്ലി. കുർബാനയ്ക്കു ശേഷം ദീവന്നാസ്യോസ് മെത്രാച്ചൻ ഒരു പ്രസംഗം ചെയ്തു. 11 മണിക്ക് വി. കുർബ്ബാന തീർന്നു. വി. കുർബ്ബാനയ്ക്കു ശേഷം 11.30-നു സിറിയൻ ക്രിസ്ത്യൻ കോൺഗ്രസിന്റെ ഒരു യോഗം നമ്മുടെ അദ്ധ്യക്ഷതയിൽ കൂടി. ധാരാളം ആളുകൾ ആ യോഗത്തിൽ സംബന്ധിച്ചിരുന്നു. നമ്മെ കൂടാതെ ദീവന്നാസ്യോസ്, കൂറിലോസ് എന്നീ മെത്രാന്മാരും റ്റി. എസ്. കോറെപ്പിസ്കോപ്പായും സി. ഐ. നൈനാനും പ്രസംഗിച്ചു. പതിവുപോലെ റാസ 2 മണിക്ക് ആരംഭിച്ചു. ഇന്നു മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

3-11-1960. ഇന്നു രാവിലെ വി. കുർബ്ബാന നാം ചൊല്ലി. കുർബ്ബാന മദ്ധ്യേ പത്തനാപുരം ദയറായിലെ അംഗവും മേപ്രാൽ കണിയാന്തറ മാമ്മൻ ശെമ്മാശനു (പിന്നീട് ഡൽഹിയുടെ ജോബ് മാർ പീലക്സീനോസ്) നാം പൂർണ്ണ ശെമ്മാശപട്ടം കൊടുത്തു. ദീവന്നാസ്യോസ് മെത്രാച്ചനും മദ്ബഹായിൽ ഉണ്ടായിരുന്നു. ഉച്ചയ്ക്കുശേഷം നിരണത്തു പള്ളിയിലെ വികാരിമാർ നമ്മുടെ കല്പന അനുസരിച്ച് ഇവിടെ വന്നിരുന്നു. അവരോടു നാം നിരണം ഇടവകയിൽ ഉണ്ടായിരിക്കുന്ന വഴക്ക് എത്രയും വേഗം അവസാനിപ്പിക്കണമെന്ന് പറഞ്ഞു. അപ്ര

കാരം ചെയ്യാമെന്നു സമ്മതിച്ച് അവർ തിരികെ പോയി. ദീവന്നാസ്യോസ് മെത്രാച്ചൻ ഇന്നു സന്ധ്യയോടു കൂടി തിരുവല്ലാ അരമനയിലേക്കു പോയി. മുളന്തുരുത്തിയിൽ നിന്നു കാച്ചപ്പിള്ളിൽ മർക്കോസ് ഇവിടെ വന്നിരുന്നു. കർമ്മേൽ ദയറാ പള്ളിയുടെ പണികാര്യങ്ങൾ നമ്മോടു പറഞ്ഞു. അവന്റെ കൈവശം 400 രൂപാ കൂടി നാം കൊടുത്തു.

4-11-1960. വി. കുർബ്ബാന ഉണ്ടായിരുന്നു. മാനേജർ കെ. ബി. മാത്യൂസ് കത്തനാർ വി. കുർബ്ബാന ചൊല്ലി. കണ്ണങ്കോടു നിന്നു കാഞ്ഞിരക്കാട്ടു അച്ചൻ വന്നു നമ്മെ കണ്ടു. കണ്ണങ്കോട്ടു പള്ളിക്ക് കല്ലിടുന്നതിനു നമ്മെ ക്ഷണിക്കുവാൻ വന്നതാണ്. 6-ാം തീയതി ഞായറാഴ്ച നാം അവിടെ ചെന്ന് പള്ളിക്കു കല്ലിട്ടു കൊടുക്കാമെന്നു അവരോടു പറഞ്ഞു. മാവേലിക്കരക്കാരൻ പ്ലാമൂട്ടിൽ വടക്കേതിലെ കോശി ശെമ്മാശൻ വന്നു നമ്മെ കണ്ടു. അടുത്ത വർഷം അയാൾ എം.എ. യ്ക്കു പഠിക്കുവാൻ പോകുകയാണെന്നും അതിനു മുമ്പ് കശ്ശീശാപട്ടം ഏൽക്കണമെന്നുള്ള ആഗ്രഹം നമ്മുടെ അടുക്കൽ പ്രദർശിപ്പിച്ചു. സുറിയാനി നല്ലതുപോലെ പഠിക്കണം. പിതാക്കന്മാരുടെ വിശ്വാസങ്ങളും പഠിപ്പിക്കലുമുള്ള പുസ്തകങ്ങൾ വായിച്ചു പഠിക്കണമെന്നു നാം അയാളോടു പറഞ്ഞു. സഖറിയാ ശെമ്മാശൻ വീട്ടിൽ പോയതിനുശേഷം ഇന്നു തിരികെ വന്നു. മറ്റു വിശേഷങ്ങൾ ഒന്നുംതന്നെയില്ല.

7-1-1960. സഖറിയാ ശെമ്മാശൻ തിരുവല്ലായ്ക്കു പോയി. ആശുപത്രിയിൽ സുഖക്കേടായിരുന്ന അയാളുടെ അപ്പച്ചനെ കാണാൻ പോയതായിരുന്നു. പള്ളത്തെ ശമുവേൽ കത്തനാർ ഇന്ന് ഇവിടെ വന്നു നമ്മെ കണ്ടു. മാമ്മൂട്ടിൽ അലക്സാണ്ടർ കത്തനാർ സന്ധ്യയ്ക്ക് ഇവിടെ വന്നിരുന്നു. ഇന്നു മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

8-11-1960. മാനേജർ കെ. ബി. മാത്യൂസ് കത്തനാരും സഖറിയാ ശെമ്മാശനും കൂടി സെമിനാരിയിലെ പെരുനാളിന്റെ പണം ബാങ്കിൽ ഇടുവാൻ കോട്ടയത്തേക്കു പോയി. പണം ബാങ്കിൽ ഇട്ടശേഷം അയാൾ സന്ധ്യയ്ക്കു ശേഷം ഇവിടെ തിരികെ വന്നു. മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

9-11-1960. രാവിലെ വി. കുർബ്ബാന ഉണ്ടായിരുന്നു. മത്തായി കത്തനാർ വി. കുർബ്ബാന ചൊല്ലി. ഇന്ന് സന്ധ്യയോടു കൂടി ദീവന്നാസ്യോസ് മെത്രാച്ചൻ കാർത്തികപള്ളിയിൽ നിന്നും ഇവിടെ വന്നു. അദ്ദേഹം പാലിയേക്കര പള്ളി സംബന്ധിച്ച ചില കാര്യങ്ങൾ ആലോചിക്കാൻ നമ്മുടെ അടുക്കൽ വന്നതായിരുന്നു. അദ്ദേഹം തിരികെ പോയി. ഇന്ന് നാം പാത്രിയർക്കീസ് ബാവായ്ക്ക് 73/60 എന്ന കത്ത് അയച്ചു. ഇന്ന് മറ്റ് വിശേഷങ്ങൾ ഒന്നും തന്നെയില്ല.

10-11-1960. രാവിലെ 9 മണിക്ക് പരുമല സെമിനാരിയിൽ നിന്നു യാത്ര തിരിച്ചു. പുതിയകാവ് പള്ളിയിൽ കയറി അവർ പുതുക്കിപണിത മദ്ബഹാ കണ്ടു. അതിനുശേഷം കുറെനേരം പള്ളികെട്ടിടത്തിൽ വിശ്രമിച്ചു. 11.30-നു തഴക്കര സെമിനാരി പള്ളിയിലേക്കു പോയി. ഉച്ചമേശയ്ക്കു ശേഷം മൂന്നു മണിയോടു കൂടി അടൂർ കണ്ണങ്കോടു പള്ളിയിലേക്കു യാത്ര തിരിച്ചു. അടൂർ കരുവാറ്റ പള്ളിയിൽ 4 മണിക്ക് എത്തി. ലുത്തിനിയായ്ക്കു ശേഷം അവിടെ വിശ്രമിച്ചു. 4.30-നു കരുവാറ്റ പള്ളിയിൽ നിന്നു കണ്ണങ്കോടു പള്ളിയിലേക്കു ഭക്തിപൂർവ്വം നമ്മെ എതിരേറ്റു. കൂറിലോസ് മെത്രാച്ചനും നമ്മോടു കൂടി ഉണ്ടായിരുന്നു. 6 മണിക്കു കണ്ണങ്കോടു പള്ളിയിൽ എത്തി. ലുത്തിനിയായ്ക്കു ശേഷം പള്ളിമുറിയിലേക്കു പോയി. 7.30-നു സന്ധ്യാനമസ്കാരത്തിനു പള്ളിയിലേക്കു പോയി. സന്ധ്യാനമസ്കാരത്തിനുശേഷം എം. വി. ജോർജ് കത്തനാർ കോട്ടയത്തേക്കു പോകുവാൻ യാത്ര ചോദിക്കുവാൻ നമ്മുടെ അടുക്കൽ വന്നപ്പോൾ നാളെ വി. കുർബ്ബാനയ്ക്കു ശേഷം പോയാൽ മതിയെന്നു നാം അയാളോടു പറഞ്ഞു. അതനുസരിച്ച് അയാൾ നമ്മോടു കൂടി താമസിച്ചു. ഇന്ന് മറ്റ് വിശേഷങ്ങൾ ഒന്നുംതന്നെയില്ല.

11-11-1960. അടൂർ, കോട്ടയം. ഇന്നു രാവിലെ വി. കുർബ്ബാന നാം ചൊല്ലി. നമ്മോടു കൂടി കൊന്നേലച്ചനും പി. പി. ഏബ്രഹാം കത്തനാരും വി. കുർബ്ബാന ചൊല്ലി. കൂറിലോസ് മെത്രാച്ചൻ മദ്ബഹായിൽ ഉണ്ടായിരുന്നു. വി. കുർബ്ബാനയ്ക്കുശേഷം കൂറിലോസ് മെത്രാച്ചൻ പ്രസംഗിച്ചു. 11 മണിക്ക് കുർബ്ബാന തീർന്നു. 11.30-നു പുതുക്കിപണിയുവാൻ പോകുന്ന പള്ളിയുടെ കല്ല് നാം ഇട്ടു. ധാരാളം ആളുകൾ ഇവിടെ വന്ന് ഈ ചടങ്ങിൽ സംബന്ധിച്ചിരിക്കുന്നു. 3 മണിയോടു കൂടി കോട്ടയത്തേക്കു തിരിച്ചു. നാലര മണിക്ക് കോട്ടയത്തെത്തി. അരമനയിൽ മാർ തീമോത്തിയോസ് മെത്രാച്ചനും മാനേജരച്ചനും സഖറിയാ ശെമ്മാശനും മറ്റും ഉണ്ടായിരുന്നു.

12-11-1960. കാതോലിക്കേറ്റ് അരമന. ഇവിടെ വടക്കുവശത്തായി ഒരു അരമനക്കെട്ടിടം പണിയിക്കുന്നതു സംബന്ധിച്ച് പ്ലാൻ തയ്യാറാക്കിക്കുന്നതിനും അരമനപണിയുടെ ചുമതലകൾ വഹിക്കുന്നതിനുമായി ഒരു കമ്മിറ്റിയെ നാം നിയമിച്ച് കല്പന കൊടുത്തു.

13-11-1960. ഇന്ന് (ഞായർ) മാനേജരച്ചൻ വി. കുർബ്ബാന അർപ്പിച്ചു. നാം പ്രസംഗിച്ചു. മാർ തീമോത്തിയോസ് മെത്രാച്ചനും പള്ളിയിൽ വന്നിരുന്നു. ഉച്ച കഴിഞ്ഞ് അരമന പണി സംബന്ധിച്ചു നാം ചുമതലപ്പെടുത്തിയ ബിൽഡിംഗ് കമ്മിറ്റിയുടെ ഒരു മീറ്റിംഗ് ഇവിടെ വച്ചു കൂടി. കമ്മിറ്റിയുടെ പ്രസിഡണ്ടായി മാനേജരച്ചനെയും, കൺവീനറായി റ്റി. ജി. സഖറിയാ ശെമ്മാശനെയും, ട്രഷററായി ഉപ്പൂട്ടിൽ കൂര്യൻ ഏബ്രഹാമിനെയും നിശ്ചയിച്ചു. സിറിയക്കിനെക്കൊണ്ട് എത്രയുംവേഗം പ്ലാൻ എടുപ്പിക്കണമെന്നും പ്ലാൻ പൂർത്തിയാക്കി കഴിയുന്നതുംവേഗം പണി തുടങ്ങണമെന്നും നിശ്ചയിച്ചു.

14-11-1960. കാതോലിക്കേറ്റ് അരമന. ഉച്ച കഴിഞ്ഞ് ആശുപത്രിയിൽ പോയി തേവോദോസ്യോസ് മെത്രാച്ചനെ കണ്ടു. ഈ ആഴ്ച അവസാനം പൂർണ്ണ സുഖം പ്രാപിച്ച് ബഥനിക്കു പോകാമെന്നു ഡോക്ടർ പൗലോസ് പറഞ്ഞതായി മെത്രാച്ചൻ പറഞ്ഞു. മെത്രാച്ചന്റെ അടുക്കൽ നിന്നും നീലിമംഗലംകാരൻ ചാക്കോച്ചൻ (കെ.എഫ്.റ്റി.) കിടക്കുന്ന മുറിയിൽ പോയി അയാളെയും നാം കാണുകയും പ്രാർത്ഥിക്കുകയും ചെയ്തു.

15-11-1960. കാതോലിക്കേറ്റ് അരമന. കാലത്ത് ഗീവർഗീസ് ശെമ്മാശൻ അയാളുടെ വീട്ടിലോട്ടു പോയി. പതിവുപോലെ ഓഫീസിൽ നൈനാനും ക്ലേറിയും വന്നിരുന്നു. മണലിൽ യാക്കോബ് കത്തനാർ വന്നിട്ടുണ്ടായിരുന്നു. അയാൾ ഇവിടെ താമസിച്ചു.

16-11-1960. കാതോലിക്കേറ്റ് അരമന. മാർ തീമോത്തിയോസ് മെത്രാച്ചന്റെ ഓപ്പറേഷൻ ചെയ്ത ഭാഗം പരിശോധിക്കുന്നതിന് ഡോ. പൗലോസ് വന്നിരുന്നു. മെത്രാച്ചന് വിശേഷം ഒന്നും ഇല്ലെന്നും നാളെ മൂവാറ്റുപുഴയ്ക്കു പോകാമെന്നും ഡോക്ടർ പറഞ്ഞു. തേവോദോസിയോസ് മെത്രാച്ചന് അടുത്ത ശനിയാഴ്ച ആശുപത്രിയിൽ നിന്നും പോകാമെന്നും പറഞ്ഞു. കോന്നിയിൽ നിന്നും ഈട്ടിമൂട്ടിൽ ശമുവേൽ കത്തനാർ വന്നിരുന്നു.

17-11-1960. കാതോലിക്കേറ്റ് അരമന. ഉച്ചകഴിഞ്ഞ് മാർ തീമോത്തിയോസ് മെത്രാച്ചൻ മൂവാറ്റുപുഴയ്ക്കു പോയി. സഖറിയാ ശെമ്മാശനും മെത്രാച്ചന്റെ കൂടെ മെത്രാച്ചനെ കൊണ്ടുചെന്നാക്കാൻ പോയിരുന്നു. ഇന്നു മഴ ശക്തിയായി ഉണ്ടായിരുന്നു.

18-11-1960. നാരകത്ത് പൗലോസ് കത്തനാരും ഓലിക്കൽ യൗസേഫ് കത്തനാരും കുന്നക്കുരുടിയിൽ നിന്നും വന്നിരുന്നു. നാം 20-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് കുന്നക്കുരുടി പള്ളിയിലേക്കു ചെല്ലുന്ന കാര്യത്തെപ്പറ്റി പറയുവാനാണ് നാരകത്ത് കത്തനാർ വന്നത്. കുന്നക്കുരുടിയിലേക്കു പോകുന്ന വഴിയ്ക്കാണ് തൃക്കളത്തൂർ പള്ളിയെന്നും ടി പള്ളിപ്പടിക്കൽ വച്ച് പള്ളിക്കാരുടെ വകയായി നമുക്ക് ഒരു സ്വീകരണം നൽകണമെന്ന് പള്ളിക്കാരും വികാരിയായ താനും ആഗ്രഹിക്കുന്നുവെന്നും അതിന് നമ്മുടെ അനുവാദത്തിനാണ് വന്നതെന്നും പറഞ്ഞു. നമുക്ക് വിരോധമില്ലെന്നും പള്ളിപ്പടിക്കൽ വണ്ടി നിർത്താമെന്നും നാം പറഞ്ഞു. ഇന്ന് അവർ തിരിച്ചുപോയി.

19-11-1960. കാതോലിക്കേറ്റ് അരമന. മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് സ്റ്റുഡന്റ്സ് അസോസിയേഷന്റെ കമ്മിറ്റി മീറ്റിംഗിൽ സംബന്ധിക്കുന്നതിനും എം.ഡി. യിൽ സ്ഥാപിക്കുന്ന ഓഫീസിന്റെ ഉദ്ഘാടനത്തിനുമായി മാർ പീലക്സിനോസ് മെത്രാച്ചൻ വന്നിരുന്നു. ഉച്ചകഴിഞ്ഞ് തിരിച്ചുപോയി.

ആശുപത്രിയിൽ നിന്നും മാർ തേവോദോസ്യോസ് മെത്രാച്ചൻ ഇന്ന് ഇവിടെ വന്നു. നാം പറഞ്ഞതനുസരിച്ച് ഇന്നിവിടെ താമസിച്ചു.

സ്റ്റുഡന്റ്സ് അസോസിയേഷൻ കോട്ടയം ശാഖയുടെ ധ്യാനയോഗം നടത്തുന്നതിന് ചെറിയപള്ളിയിൽ വന്നിരുന്ന മാർ കൂറിലോസ് മെത്രാച്ചൻ ചെറിയപള്ളിയിൽ നിന്നും ഗബ്രിയേൽ കത്തനാരുമൊരുമിച്ചു ഇവിടെ വന്നിരുന്നു.

20-11-1960. കാതോലിക്കേറ്റ് അരമന, കുന്നക്കുരുടി. കാലത്ത് 8.15-നു മാനേജരച്ചൻ വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ നാം പ്രസംഗിച്ചു. തേവോദോസ്യോസ് മെത്രാച്ചനും കുർബ്ബാനയിൽ സംബന്ധിക്കുന്നതിന് മദ്ബഹായിൽ സന്നിഹിതനായിരുന്നു.

12 മണിയോടു കൂടി കുന്നക്കുരുടിയിൽ നിന്നും ബഹനാൻ ശെമ്മാശനും പട്ടലാട്ടെ ശെമ്മാശനും വന്നിരുന്നു. നമ്മെ കുന്നക്കുരുടിക്കു കൊണ്ടുപോകാനാണ് അവർ വന്നത്. രണ്ടു മണിക്ക് തേവോദോസ്യോസ് മെത്രാച്ചൻ ബഥനി ആശ്രമത്തിലേയ്ക്കു പോയി. മാനേജരച്ചനും മെത്രാച്ചന്റെ കൂടെ പോയിരുന്നു. രണ്ടര മണിക്ക് ദീവന്നാസ്യോസ് മെത്രാച്ചൻ വന്നു. മെത്രാച്ചനുമൊന്നിച്ച് നാം ഉടനെതന്നെ കുന്നക്കുരുടി സെന്റ് ജോർജ് പള്ളിയിലേക്കു തിരിച്ചു. 4 മണിക്ക് മൂവാറ്റുപുഴ അരമനയിൽ കയറി തീമോത്തിയോസ് മെത്രാച്ചനെ കണ്ടതിനുശേഷം അവിടെ നിന്നും കുന്നക്കുരുടിക്കു പോയി. മുറിമറ്റത്തു ഗീവർഗീസ് കത്തനാരും കുന്നക്കുരുടിക്കു നമ്മോടുകൂടെ പോന്നിരുന്നു. 4.15-നു തൃക്കളത്തൂർ പള്ളിക്കു മുൻവശം കെട്ടി അലങ്കരിച്ചിരുന്ന പൂപ്പന്തലിൽ എത്തി. വികാരി ഓലിക്കൽ യൗസേഫ് കത്തനാർ നമ്മെയും മെത്രാച്ചനെയും ബൊക്കെ തന്നും മെഴുകുതിരി സമർപ്പിച്ചും സ്വീകരിച്ചു. ആളുകൾ വളരെ പള്ളിക്കു മുൻവശം തിങ്ങിക്കൂടിയിരുന്നു. പത്തു മിനിട്ട് താമസിച്ച് കുറെപ്പേരെ കൈമുത്തിച്ച ശേഷം കുന്നക്കുരുടിക്കു തിരിച്ചു. തൃക്കളത്തൂർ കവല മുതൽ ആലുവായിൽ നിന്നും മാർ ഗ്രീഗോറിയോസ് മെത്രാച്ചനും നമ്മോടു കൂടി കുന്നക്കുരുടി പള്ളിയിലേക്കുള്ള സ്വീകരണ ചടങ്ങുകളിൽ സംബന്ധിച്ചു. കുന്നക്കുരുടി പോസ്റ്റ് ഓഫീസ് കവലയിൽ എത്തിയപ്പോൾ കുന്നക്കുരുടി സെന്റ് ജോർജ് പള്ളി വികാരി പുളിനാട്ട് ഇത്താപ്പിരി മത്തായി കത്തനാർ ഹാരമണിയിച്ച് സ്വീകരിക്കുകയും അവിടെ കെട്ടി അലങ്കരിച്ചിരുന്ന പന്തലിലേക്ക് ഇറങ്ങി അല്പം വിശ്രമിക്കണമെന്ന് പറയുകയും ചെയ്തു. നാം വണ്ടിയിൽ തന്നെ ഇരിക്കുകയും മെത്രാച്ചന്മാർ പന്തലിൽ ഇറങ്ങി അല്പം വിശ്രമിക്കുകയും ചെയ്തു. വികാരി വീണ്ടും ബൊക്കെ സമർപ്പിക്കയും നമ്മെയും മെത്രാച്ചന്മാരെയും സ്വാഗതം ചെയ്തുകൊണ്ട് പ്രസംഗിക്കുകയും ചെയ്തു. വമ്പിച്ച ജനക്കൂട്ടം കവലയിൽ തിങ്ങിക്കൂടിയിരുന്നു. പ്രസംഗം എല്ലാവർക്കും കേൾക്കത്തക്കവണ്ണം ഉച്ചഭാഷിണി സജീകരിച്ചിരുന്നു. പോസ്റ്റ്ഓഫീസ് കവല മുതൽ പള്ളി വരെ ജനസമുദ്രത്തിന്റെ മദ്ധ്യേ കൂടി മന്ദംമന്ദം നമ്മുടെ കാർ നീങ്ങിയപ്പോൾ ജെയ് വിളികളാലും, കാതോലിക്കാ ഗാനാലാപനങ്ങളാലും ജനക്കൂട്ടം ആഹ്ലാദഭരിതരായി നമ്മെ എതിരേറ്റു. അഞ്ചര മണിയോടുകൂടി പള്ളിയിൽ എത്തിയപ്പോൾ പുളിനാട്ടു മത്തായി കത്തനാർ സുറിയാനിയിൽ ചിയേഴ്സ് വിളിക്കുകയും കൂടിയിരുന്ന വൈദികർ "നീഹേ നീഹേ" എന്ന് പ്രത്യുത്തരം പറയുകയും ചെയ്തു. അനന്തരം നാമും മെത്രാച്ചന്മാരും പള്ളിയിൽ പ്രവേശിച്ചു ലുത്തിനിയാ നടത്തുകയും പ. യാക്കോബ് ബുർദാനായുടെ തിരുശേഷിപ്പ് സ്ഥാപിച്ചിട്ടുള്ള കബറുങ്കൽ ധൂപാർപ്പണം നടത്തുകയും ചെയ്തു. തുടർന്ന് മാർ ഗ്രീഗോറിയോസ് മെത്രാച്ചൻ നമ്മെ സ്വാഗതം ചെയ്തുകൊണ്ട് പ്രസംഗിക്കുകയും നാം അതിന് മറുപടി പ്രസംഗം ചെയ്യുകയും ജനക്കൂട്ടത്തെ ആശീർവദിക്കയും ചെയ്തു.

പിന്നീട് പള്ളിമേടയിൽ വിശ്രമിക്കയും കാപ്പിയും കഴിഞ്ഞ് സന്ധ്യാനമസ്കാരം നടത്തി. നമസ്കാരശേഷം മാർ ദീവന്നാസ്യോസ് മെത്രാച്ചൻ പ്രസംഗിച്ചു. രാത്രിയിൽ പെരുനാൾ പ്രമാണിച്ച് റാസയും കരിമരുന്നു പ്രയോഗവും ഉണ്ടായിരുന്നു. കുന്നക്കുരുടിയിലും സമീപപ്രദേശങ്ങളിലുമുള്ള അനേകായിരം ജനങ്ങൾ ആദ്യമായി അവിടെ ചെന്ന നമ്മെ കാണുന്നതിനും കൈമുത്തുന്നതിനും ആഗ്രഹിച്ചുകൊണ്ട് മേടയുടെ താഴെ ബഹളം ഉണ്ടാക്കുന്നതായി മുറിമറ്റത്തു കത്തനാർ നമ്മോടു പറഞ്ഞു. നാം പള്ളിമേടയുടെ വരാന്തയിൽ വളരെനേരം ജനങ്ങൾക്കു കാണത്തക്കവണ്ണം ഇറങ്ങി നിന്നു. ജനങ്ങളെല്ലാം നമ്മെ നോക്കിക്കൊണ്ട് പള്ളിമുറ്റത്ത് വളരെ നേരം നിന്നു.

21-11-1960. ഇന്ന് പെരുന്നാൾ പ്രമാണിച്ച് പ്രഭാതം മുതൽ ആളുകൾ വി. കുർബ്ബാനയിൽ സംബന്ധിക്കുന്നതിനു വന്നുകൂടുമെന്ന് വികാരിയും മറ്റും പറയുകയാൽ എല്ലാവർക്കും വി. കുർബ്ബാനയിൽ സംബന്ധിക്കത്തക്കവണ്ണം ഇന്നലെ നിശ്ചയിച്ചതനുസരിച്ച് കാലത്ത് 7 മണിക്ക് ഗ്രീഗോറിയോസ് മെത്രാച്ചൻ വടക്കുവശത്തെ ത്രോണോസിലും, എട്ടരയ്ക്ക് നാം പ്രധാന ത്രോണോസിലും, 10-ന് ദീവന്നാസ്യോസ് മെത്രാച്ചൻ തെക്കേ ത്രോണോസിലും വി. കുർബ്ബാന അർപ്പിച്ചു. വി. കുർബ്ബാനമദ്ധ്യേ നാം പതിനഞ്ചു മിനിട്ടു പ്രസംഗിക്കുകയും ഉച്ചകഴിഞ്ഞു കോട്ടയത്തിനു പോകുമെന്നു പ്രസ്താവിക്കയും ജനങ്ങളെ ആശീർവദിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് നാമും ദീവന്നാസ്യോസ് മെത്രാച്ചനും കോട്ടയത്തിനു തിരിച്ചുപോന്നു. ഗ്രീഗോറിയോസ് മെത്രാച്ചൻ വളരെ സന്തോഷമായി തന്നെ പെരുമാറുകയും നമ്മെ യാത്ര അയയ്ക്കുന്നതിന് കാറിന്റെ അടുത്തുവരെ വരികയും മറ്റും ചെയ്തു. നാരകത്തു പൗലോസ് കത്തനാർക്കും കാതോലിക്കാ സിംഹാസന ഭക്തന്മാരായി നിന്നുകൊണ്ടു കേസുകളും മറ്റും നടത്തി വളരെ കഷ്ടനഷ്ടങ്ങൾ അനുഭവിച്ചു വന്നിരുന്നവർക്കും വലിയ സന്തോഷം നമ്മുടെ വരവിൽ ഉണ്ടെന്നു അവർ പലരും വന്ന് നമ്മോടു പറഞ്ഞു. പുളിനാട്ടു ഇത്താപ്പിരി മത്തായി കത്തനാർ വികാരി എന്ന നിലയിൽ പള്ളിയിൽ നിന്നും പള്ളിക്കാർക്കു വേണ്ടി നമുക്ക് നൂറു രൂപാ കൈമുത്ത് തരികയും വളരെ സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു.

കോട്ടയത്തിനു പോരുന്ന വഴി മൂവാറ്റുപുഴ അരമനയിൽ ഇറങ്ങി തീമോത്തിയോസ് മെത്രാച്ചൻ പണിയിക്കുന്ന അരമനക്കെട്ടിടം കാണുകയുണ്ടായി. മെത്രാച്ചനും ചെമ്മങ്കുഴ കത്തനാരും മൂവാറ്റുപുഴെ വക്കീലന്മാരും മറ്റും അവിടെ കൂടിയിരുന്നു. കാപ്പി കഴിഞ്ഞു കോട്ടയത്തിനു പോന്നു. ഇന്നലെ മൂവാറ്റുപുഴ മുതൽ ഇന്നു മൂവാറ്റുപുഴ വരുന്നതു വരെ മുറിമറ്റത്തിൽ കത്തനാർ നമ്മോടു കൂടി ഉണ്ടായിരുന്നു.

22-11-1960. കാതോലിക്കേറ്റ് അരമന. ചെറിയപള്ളിയിലെ ദശാംശവും കല്യാണ കൈമുത്തും കൂടി 300 രൂപ വികാരി ഗബ്രിയേൽ കത്തനാരും, ട്രസ്റ്റികളായി പടിഞ്ഞാറേത്തലയ്ക്കൽ അബ്രഹാംകുട്ടിയും എരുത്തിക്കൽ അലക്സാണ്ടറും കൂടി കൊണ്ടുവന്നു തന്നു. ഉച്ചകഴിഞ്ഞു പി.സി. ഏബ്രഹാം അരമനയുടെ പ്ലാൻ വരപ്പിക്കുന്നതിനായി വെള്ളാപ്പള്ളിൽ സിറിയക്കിനെയും കൊണ്ടുവന്നു. തിരുവല്ലാക്കാരൻ എഞ്ചിനീയർ തോമസ് മാത്യുവും വന്നിരുന്നു. സ്ഥലമെല്ലാം നോക്കിയശേഷം ഡിസംബർ നാലാം തീയതി ഞായറാഴ്ച കൂടുന്ന അരമന ബിൽഡിംഗ് കമ്മിറ്റിയിൽ സമർപ്പിക്കത്തക്കവണ്ണം പ്ലാൻ വരച്ചുതരാമെന്നു സിറിയക്ക് പറഞ്ഞിട്ടു പോയി.

23-11-1960. കാതോലിക്കേറ്റ് അരമന. നമ്മുടെ ജ്യേഷ്ഠന്റെ മകൾ ആച്ചിയമ്മ ഇന്നലെ രാത്രിയിൽ മരിച്ചുപോയി എന്നും ഇന്നു മൂന്നു മണിക്കു വേങ്ങൽ പള്ളിയിൽ അടക്കുന്നതിന് നിശ്ചയിച്ചിരിക്കയാണെന്നും ആൾ വന്ന് ഇവിടെ അറിയിച്ചു.

എം.ഡി. സിമ്മനാരി സ്കൂൾ ഗവേണിംഗ് ബോർഡിന്റെ മിനിറ്റ്സ് ബുക്കും, ഭരണഘടനയും ഇവിടെ കൊണ്ടുവന്ന് നമ്മെ കാണിക്കണമെന്നു കാണിച്ച് സി. യു. മാത്യുവിന്റെ പേർക്ക് നാം കല്പന കൊടുത്തു.

ഫോർവേർഡ് ബാങ്കിൽ നമ്മുടെ പേരിൽ ഏഴു ദിവസത്തെ ഷോർട്ട് നോട്ടീസിൽ 2% പലിശയ്ക്കു ഇട്ടിരിക്കുന്ന പതിനായിരം രൂപ ഡിസംബർ ഒന്നാം തീയതി മുതൽ നാലേകാൽ ശതമാനം പലിശയ്ക്കു 22 ദിവസത്തെ ഷോർട്ട് നോട്ടീസിൽ മാറ്റി ഇടണമെന്നു കാണിച്ച് ഏജന്റ് ചാക്കോച്ചന്റെ പേർക്ക് നാം കല്പന കൊടുത്തു.

ഉച്ചകഴിഞ്ഞ് രണ്ടു മണിയോടു കൂടി വേങ്ങൽ പള്ളിയിലേക്കു തിരിച്ചു. മൂന്നു മണിക്ക് പള്ളിയിൽ എത്തി. ഉടനെതന്നെ അച്ചാമ്മയുടെ മൃതശരീരം പള്ളിയിൽ കൊണ്ടുവന്നു. സംസ്കാര ശുശ്രൂഷ നാം നടത്തി. തീരാറായപ്പോഴേക്കും ദീവന്നാസ്യോസ് മെത്രാച്ചനും വന്നുചേർന്നു. മെത്രാച്ചൻ കുഴിക്കരികെ ചെന്ന് ശവസംസ്കാരം നടത്തി. പല പട്ടക്കാരും അനേകം ജനങ്ങളും ശുശ്രൂഷയിൽ സംബന്ധിച്ചു. 4 മണിക്ക് മെത്രാച്ചനും ഒന്നിച്ച് തിരുവല്ലാ ബഥനി അരമനയിലേക്കു തിരിച്ചു. കാപ്പി കഴിഞ്ഞു കോട്ടയത്തിനു പോന്നു.

അട്ടച്ചാക്കൽ നിന്നും ജ്ഞാനശിഖാമണി കത്തനാരും മറ്റു രണ്ടു പേരും കൂടി വന്നിരുന്നു. അട്ടച്ചാക്കലെ മാത്യൂസ് റമ്പാച്ചൻ പള്ളിക്കടുത്തു താമസിക്കുന്നയാളിന്റെ സ്ഥലം ബലമായി അതിരു മാന്തി കൈവശപ്പെടുത്തുന്നു എന്നും മറ്റും വസ്തു ഉടമസ്ഥന്റെ അപേക്ഷ നമുക്കു സമർപ്പിച്ചു. രാത്രിയിൽ അവർ ഇവിടെ താമസിച്ചു.

24-11-1960. കാതോലിക്കേറ്റ് അരമന. ജ്ഞാനശിഖാമണി കത്തനാരും മറ്റും കാലത്തെ പോയി. അവരുടെ ഹർജിയെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുന്നതിന് മാർ പീലക്സിനോസ് മെത്രാച്ചന്റെ പേർക്കു അയച്ചു. മെത്രാച്ചന്റെ റിപ്പോർട്ടു വന്ന് നാം ഒരു തീരുമാനം ചെയ്യുന്നതുവരെ വിവാദ വസ്തുവിൽ പ്രവേശിക്കരുത് എന്ന് കാണിച്ച് റമ്പാച്ചന്റെ പേർക്കു കല്പനയും ഹർജിയുടെ ഒരു കോപ്പിയും അയച്ചുകൊടുത്തു.

വളവുചിറക്കലെ തോമ്മാച്ചൻ ഇന്നലെ തിരുവനന്തപുരത്തു വച്ചു മരിച്ചെന്നും രാത്രിയിൽ ശവം താഴത്തങ്ങാടിയിൽ കൊണ്ടുവന്നെന്നും ഇന്നു മൂന്നു മണിക്ക് ശവസംസ്കാരം നടത്തുന്നതിന് നാം കൂടി ചെല്ലണമെന്ന് ആഗ്രഹമുണ്ടെന്നും മറ്റും തോമ്മാച്ചന്റെ അനുജൻ ഇവിടെ വന്നു പറഞ്ഞു. പഴയസിമ്മനാരിയിൽ

പെരുന്നാളിനു പോകുന്ന വഴി പുത്തൻപള്ളിയിൽ കയറി ശവസംസ്കാരം നടത്താമെന്നു നാം സമ്മതിച്ചു. ഉച്ചകഴിഞ്ഞ് രണ്ടര മണിക്ക് പുത്തൻപള്ളിയിലേക്കു പോയി. തോമ്മാച്ചന്റെ ശവസംസ്കാരം നടത്തിയിട്ട് പഴയസിമ്മനാരിയിലേക്കു പോയി. സിമ്മനാരി സ്ഥാപകൻ യൗസേഫ് ദീവന്നാസ്യോസ് തിരുമനസ്സിലെ ഓർമ്മപ്പെരുനാൾ പ്രമാണിച്ച് സന്ധ്യാനമസ്കാരവും റാസയും ഉണ്ടായിരുന്നു. നമസ്കാരം കഴിഞ്ഞ് മെത്രാച്ചന്മാർ ആരും ഇല്ലായിരുന്നതിനാൽ നാം തന്നെ വാഴ്വുകളും മറ്റും നടത്തേണ്ടി വന്നു. എം.ഡി. യിൽ നിന്നും ശെമ്മാശന്മാരും, പ്രൊഫസറന്മാരും ആരും വന്നിരുന്നില്ല. പീലിപ്പോസു കത്തനാരും, റ്റി. സി. ജേക്കബ് കത്തനാരും, അലക്സാണ്ടർ കത്തനാരും, ഗബ്രിയേൽ കത്തനാരും, .... കത്തനാരും, എരുത്തിക്കൽ കത്തനാരും, യോഹന്നാൻ മല്പാനും വന്നിരുന്നു. മേശ കഴിഞ്ഞു അരമനയിലേക്കു നാം പോന്നു.

25-11-1960. കാലത്ത് ഏഴു മണിക്ക് നാം പഴയസിമ്മനാരിയിൽ പോയി. തൂയോബോ കഴിഞ്ഞ് പള്ളിയുടെ അറ്റകുറ്റങ്ങൾ തീർത്തശേഷമുള്ള താൽക്കാലിക കൂദാശ നടത്തി. അനന്തരം നാമും ജോർജ് കത്തനാരും അലക്സാണ്ടർ കത്തനാരും കൂടി വി. മൂന്നുമ്മേൽ കുർബ്ബാന അർപ്പിച്ചു. അത്താനാസ്യോസ് മെത്രാച്ചൻ കുർബ്ബാനയ്ക്കു മുമ്പ് വന്നുചേർന്നു. മെത്രാച്ചൻ പ്രസംഗിച്ചു. വി. കുർബ്ബാനയ്ക്കു ശേഷം കബറിങ്കൽ ധൂപപ്രാർത്ഥന നടത്തി. പിന്നീട് റാസയും മറ്റും ഉണ്ടായിരുന്നു. ഉച്ചമേശ കഴിഞ്ഞ് നാം അരമനയിലേക്കു പോന്നു. പോരുന്ന വഴി എം.ഡി. സിമ്മനാരിയിൽ കയറി ഹെഡ്മാസ്റ്റർ സി. യു. മാത്യുവിനെ കണ്ടു. മാത്യു സ്കൂൾ ഗവേണിംഗ് ബോർഡിന്റെ മിനിറ്റ്സ് ബുക്കാണെന്നു പറഞ്ഞ് ഒരു ബുക്കും, സ്കൂളിന്റെ ഭരണഘടനയുടെ ഒരു കോപ്പിയും നമ്മെ ഏല്പിച്ചു. നാം ഇവിടെ വന്നു പരിശോധിച്ചപ്പോൾ ബുക്ക് ഒരു പുതിയ ബുക്കായിരുന്നു. മിനിറ്റ്സിൽ പ്രസിഡണ്ടോ സെക്രട്ടറിയോ ഒപ്പു വച്ചിട്ടുമില്ല. ഘടന നാം കണ്ടിട്ടും കേട്ടിട്ടും ഇല്ലാത്ത രീതിയിലുള്ള ഒന്നായിരുന്നു. ഉടനെ മാത്യുവിനെ ഫോൺ ചെയ്തു വരുത്തി. ബുക്കിനെപ്പറ്റിയും, ഘടനയെപ്പറ്റിയും ചോദിച്ചപ്പോൾ അവിടെ ശരിയായ ഒരു മിനിറ്റ്സ് ബുക്ക് ഇല്ലെന്നും ബോർഡ് മീറ്റിംഗിന്റെ മിനിറ്റ്സ് ഒരു ബുക്കിൽ (പോയിന്റ്സ് മാത്രം) കുറിച്ചിടുകയേ ഉള്ളുവെന്നും, നാം ആവശ്യപ്പെട്ടതുകൊണ്ട് പെട്ടെന്ന് പോയിന്റ്സ് ഒരു മിനിറ്റ്സിന്റെ രീതിയിൽ ഒരു പുതിയ ബുക്കിൽ എഴുതി തന്നതേ ഉള്ളു എന്നും മാത്യു പറഞ്ഞു. എന്നാൽ ആ നോട്ട്സ് കുറിക്കുന്ന മിനിറ്റ്സ് ബുക്ക് നമ്മെ കൊണ്ടുവന്നു കാണിക്കണമെന്നു ആവശ്യപ്പെട്ടു. ഘടനയെപ്പറ്റി ചോദിച്ചപ്പോൾ വേറൊരു ഘടനയുടെ കോപ്പി നമ്മെ ഏല്പിച്ചു. പഴയ ഘടന നടപ്പിൽ ഇല്ലെന്നും ഇപ്പോൾ നമ്മുടെ കല്പനപ്രകാരം ഉള്ള ഒരു ബോർഡാണ് ഭരിക്കുന്നതെന്നും ടി കോപ്പിയിൽ നിന്നും മനസ്സിലായി. മിനിട്ട്സ് കുറിച്ചിട്ടിരിക്കുന്ന ഒറിജിനൽ ബുക്ക് തിങ്കളാഴ്ച നമ്മെ കൊണ്ടുവന്നു കാണിക്കാമെന്നു പറഞ്ഞു മാത്യു പോയി.

26-11-1960. കാതോലിക്കേറ്റ് അരമന. പതിവുപോലെ ഓഫീസിൽ നൈനാനും ക്ലേറിയും മറ്റും വന്നിരുന്നു. മലബാർ ജനറൽ വികാരി തോമസ് കത്തനാർ മലബാറിലെ പ്രവർത്തനങ്ങളെപ്പറ്റിയും കഴിഞ്ഞ ആഴ്ചയിൽ കോഴിക്കോട്ടു വച്ചു കൂടിയ ഭദ്രാസനയോഗത്തെപ്പറ്റിയും മറ്റും പറയുകയുണ്ടായി.

27-11-1960. കാതോലിക്കേറ്റ് അരമന. മാനേജർ റ്റി. സി. ജേക്കബ് കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. നാം കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു. ഇടനാട്ടുകാരൻ സ്കറിയാ ശെമ്മാശന് കുപ്പായം തയ്പ്പിക്കുന്നതിന് ഇന്ന് നാം നൂറു രൂപാ കൊടുത്തു.

(തുടരും)

# 2025 ഓഗസ്റ്റ് സുന്നഹദോസ് നിശ്ചയങ്ങൾ

കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ സമ്മേളിച്ച പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സമാപിച്ചു. കത്തോലിക്കാസഭയുടെ തലവനായിരുന്ന ഫ്രാൻസിസ് മാർപാപ്പാ,കൽദായ സുറിയാനി സഭയുടെ ഡോ.മാർ അപ്രേം മെത്രാപ്പോലീത്താ, മുൻ മുഖ്യമന്ത്രി ശ്രീ.വി.എസ് അച്ചുതാനന്ദൻ എന്നിവരുടെ വേർപാടിൽ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അനുശോചനം രേഖപ്പെടുത്തി. കത്തോലിക്കാ സഭയുടെ പുതിയ ഇടയനായി തെരഞ്ഞെടുക്കപ്പെട്ട ലിയോ പതിനാലാമൻ മാർപാപ്പയ്ക്ക് സുന്നഹദോസ് ആശംസകൾ നേർന്നു.

ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്തായെ അദ്ദേഹത്തിന് മുൻപുണ്ടായിരുന്ന ചുമതലകളിലേക്ക് തിരികെ പ്രവേശിപ്പിക്കുവാൻ പരിശുദ്ധ സുന്നഹദോസ് തീരുമാനിച്ചു.സഭയുടെ വിവിധ സിനഡിക്കൽ കമ്മീഷനുകൾ, വൈദിക സെമിനാരികൾ, പരുമല സെമിനാരി, പരുമല ആശുപത്രി, മിഷൻ സൊസൈറ്റി, എക്യൂമെനിക്കൽ റിലേഷൻസ് ഡിപ്പാർട്ട്മെന്റ് തുടങ്ങിയ വിവിധ പ്രസ്ഥാനങ്ങളുടെ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. സഭയുടെ ബി-ഷെഡ്യൂളിൽ ഉൾപ്പെട്ട സ്ഥാപനങ്ങളുടെ 2024 -25 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകൾ അവതരിപ്പിച്ചു.

വൈദിക ഗണത്തിന്റെ ഇടയശുശ്രൂഷ സഭയുടെ അടിസ്ഥാന പ്രമാണത്തിൽ ഉറച്ചുനിന്നുകൊണ്ട് കാലികമാക്കുന്നതിനുവേണ്ടി തയ്യാറാക്കിയ രൂപരേഖ പരിശുദ്ധ സുന്നഹദോസ് അംഗീകരിച്ചു. ശാസ്താംകോട്ട മൗണ്ട് ഹോറേബ് ആശ്രമത്തിന്റെയും സൗത്ത് വെസ്റ്റ് അമേരിക്ക ഭദ്രാസനത്തിൽപ്പെട്ട സെന്റ് ഗ്രിഗറി ആശ്രമത്തിന്റെയും നിയമാവലികൾക്ക് അംഗീകാരം നൽകി. മെത്രാസന - സഭാതലങ്ങളിൽ നടത്തുന്ന മിഷൻ- ചാരിറ്റി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന പദ്ധതികൾക്ക് രൂപം നൽകുവാൻ തീരുമാനിച്ചു.

1977 മുതൽ 2025 വരെയുള്ള പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസുകളിലെ പ്രധാന തീരുമാനങ്ങൾ കോർത്തിണക്കി വൈദികർക്കും, വിശ്വാസികൾക്കായി പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ പ്രകാശനം അഭിവന്ദ്യ കുറിയാക്കോസ് മാർ ക്ലിമ്മീസ് വലിയമെത്രാപ്പോലീത്തായ്ക്ക് നൽകി പരിശുദ്ധ കാതോലിക്കാ ബാവാ നിർവഹിച്ചു.

*മലങ്കരസഭയുടെ 1977 മുതൽ 2025 വരെയുള്ള പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസുകളിലെ പ്രധാന തീരുമാനങ്ങൾ കോർത്തിണക്കി വൈദികർക്കും, വിശ്വാസികൾക്കായി പ്രസിദ്ധീകരിച്ച 'പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിശ്ചയങ്ങൾ' എന്ന പുസ്തകത്തിന്റെ പ്രകാശനം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ കുറിയാക്കോസ് മാർ ക്ലിമ്മീസ് വലിയമെത്രാപ്പോലീത്തായ്ക്ക് നൽകി നിർവഹിച്ചു.*

പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് റിപ്പോർട്ട് അവതരിപ്പിച്ചു. അഭിവന്ദ്യരായ ഡോ. തോമസ് മാർ അത്താനാസിയോസ്, കുറിയാക്കോസ് മാർ ക്ലിമ്മീസ്, യൂഹാനോൻ മാർ മിലിത്തിയോസ്, സഖറിയാ മാർ സേവേറിയോസ് എന്നീ മെത്രാപ്പോലീത്താമാർ ധ്യാനയോഗങ്ങൾക്ക് നേതൃത്വം നൽകി.സഭാധ്യക്ഷനും മലങ്കര മെത്രാപ്പോലീത്തായുമായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ അധ്യക്ഷതയിൽ ജൂലൈ 29 മുതൽ നടന്നു വന്ന പരിശുദ്ധ സുന്നഹദോസിൽ സഭയുടെ മുഴുവൻ മെത്രാപ്പോലീത്താമാരും പങ്കെടുത്തു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

# അലക്സിയോസ് മാർ തേവോദോസിയോസ്:
# മലങ്കരയുടെ ധർമ്മയോഗി

ഫാ. ജോബ് സാം മാത്യു
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

മലങ്കര ഓർത്തഡോക്സ് സഭയിൽ കാതോലിക്കേറ്റിന്റെ സംരക്ഷകനും എക്യൂമെനിസത്തിന്റെ വക്താവും മിഷനറിയുമായി ബഹുമുഖമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട ഇടയശ്രേഷ്ഠനാണ് ബഥനിയുടെ അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ.

**ജീവചരിത്രം**

നിരണം മട്ടയ്ക്കൽ ബഹനാൻ കത്തനാരുടെ മകൻ മാത്തന്റെയും, കല്ലുപ്പാറ കൈതയിൽ കുഞ്ഞണ്ടാമ്മയുടെയും ഇളയ മകനായി 1888 ഓഗസ്റ്റ് 28-ന് (ചിങ്ങം 12-ന്) ഈ കർമ്മധീരൻ ജനിച്ചു. എം. എം. അലക്സാണ്ടർ എന്ന ഔദ്യോഗിക നാമവും 'ചാണ്ടി കുഞ്ഞ്' എന്ന വിളിപ്പേരും അദ്ദേഹത്തിനുണ്ടായിരുന്നു. തിരുവല്ല എം.ജി.എം., കോട്ടയം എം.ഡി. സെമിനാരി എന്നീ വിദ്യാലയങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് കോട്ടയം സി.എം.എസ്. കോളേജിൽ ഇന്റർമീഡിയറ്റ് പഠനം നടത്തി. വേദശാസ്ത്ര പഠനത്തിനായി ഈസ്റ്റ് ബംഗാളിലെ ബാരിസാളിൽ ഓക്സ്ഫോർഡ് മിഷൻ നടത്തുന്ന വിദ്യാലയത്തിൽ ചേർന്നു. 1918-ൽ സെറാമ്പൂർ കോളേജിൽ നിന്നും വേദശാസ്ത്ര ഉപരിപഠനം പൂർത്തിയാക്കി. ഇതിനുശേഷം, 1930-ൽ ഇംഗ്ലണ്ടിലെ മെർഫീൽഡിൽ ആംഗ്ലിക്കൻ സഭയുടെ നേതൃത്വത്തിലുള്ള ഈീൗിശ്യേ ീള വേല ഞലൗ്യൈലരശേീ നടത്തുന്ന കോളേജിൽ ഉപരിപഠനം നടത്തി. ഈ ഉന്നത വിദ്യാഭ്യാസത്തിലൂടെ ഇംഗ്ലീഷിലും മലയാളത്തിലും പ്രസംഗിക്കാനും എഴുതാനും അദ്ദേഹം പ്രാവീണ്യം നേടി.

1907-ൽ കോട്ടയം ചെറിയ പള്ളിയിൽ വെച്ച് മലങ്കര മെത്രാപ്പോലീത്താ സഭാതേജസ്സ് മാർ ദിവന്നാസിയോസ് അഞ്ചാമൻ എം. എം. അലക്സാണ്ടറെ ശെമ്മാശനാക്കി. 1911-ൽ പരുമല സെമിനാരിയിൽ വെച്ച് യുയാക്കിം മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അദ്ദേഹത്തെ വൈദികനാക്കി. പെന്തിക്കോസ്തി ദിനമായ 1920 മെയ് 30-ന് അലക്സിയോസ് കത്തനാർ സന്യാസവ്രതം സ്വീകരിച്ചു.

മലങ്കരസഭയിലെ ആശ്രമ പ്രസ്ഥാനത്തിന് തുടക്കമിട്ടത് മാർ ദിവന്നാസിയോസ് അഞ്ചാമൻ ആയിരുന്നു. വെട്ടിക്കൽ ദയറായിലും പരുമല സെമിനാരിയിലും ചാത്തുരുത്തി ഗീവർഗീസ് റമ്പാനെയും (പരിശുദ്ധ പരുമല ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ), പിന്നീട് വട്ടശ്ശേരിൽ ഗീവർഗീസ് മൽപ്പാനെയും (പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് മലങ്കര മെത്രാപ്പോലീത്താ) പുലിക്കോട്ടിൽ തിരുമേനി നിയോഗിച്ചു. വട്ടശ്ശേരിൽ തിരുമേനിയുടെ അനുഗ്രഹത്തോടെ പെരുനാട് മുണ്ടൻ മലയിൽ 1918-ൽ ബഥനി ആശ്രമം സ്ഥാപിതമായി. ഇതിന് നേതൃത്വം നൽകിയത് വട്ടശ്ശേരിൽ തിരുമേനിയുടെ പ്രിയ ശിഷ്യനായിരുന്ന പണിക്കരുവീട്ടിൽ ഗീവർഗീസ് കത്തനാരും (പിന്നീട് ഗീവർഗീസ് മാർ ഇവാനിയോസ്, 1882-1953) മട്ടയ്ക്കൽ അലക്സിയോസ് കത്തനാരുമായിരുന്നു. ആശ്രമം സ്ഥാപിക്കുന്നതിനായി മുണ്ടൻ മലയിൽ ആദ്യമെത്തിയത് അലക്സിയോസ് കത്തനാരാണ്.

മലങ്കര സഭയുടെ പുരോഗതിയെ ലക്ഷ്യമിട്ട് ആരംഭിച്ച ബഥനി ആശ്രമവും സന്യാസികളും ശ്രദ്ധയാകർഷിച്ചു. ആശ്രമത്തിന്റെ വളർച്ചയ്ക്കും പ്രവർത്തനങ്ങൾക്കുമായി അനേകർ സഹായങ്ങൾ നൽകി. ആശ്രമം സ്ഥാപിക്കുന്നതിനുള്ള 100 ഏക്കർ സ്ഥലം നിരണം ഇലഞ്ഞിക്കൽ ജോൺ വക്കീൽ ദാനമായി നൽകി. എന്നാൽ പണം കൈകാര്യം ചെയ്യുന്നതിൽ ഗീവർഗീസ് കത്തനാർക്ക് സൂക്ഷ്മത കുറവുണ്ടെന്ന് വട്ടശ്ശേരിൽ തിരുമേനിക്ക് പരിഭവം ഉണ്ടായിരുന്നു. ബഥനി ആശ്രമത്തിന്റെ പ്രാരംഭകാലഘട്ടത്തിൽ ഒട്ടേറെ പ്രതിസന്ധികൾ ആശ്രമാംഗങ്ങൾ നേരിട്ടിരുന്നു. ആശ്രമത്തിന്റെ നേതൃത്വത്തിൽ പള്ളികൾ സ്ഥാപിക്കുന്നതിനായി അനുവാദം ലഭിച്ചിരുന്നു. ഇതിനായി മലങ്കരയിൽ ഉടനീളം ധനശേഖരണവും നടത്തിയിരുന്നു.

1929-ൽ സഭയുടെ മൂന്നാം കാതോലിക്കായായി പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ വാഴിക്കപ്പെട്ടതിനെ തുടർന്ന് റോമൻ കത്തോലിക്കാ സഭയിൽ ചേരുന്നതിന് മാർ ഈവാനിയോസ് താല്പര്യപ്പെട്ടു. ഈ ലക്ഷ്യം നടപ്പിലാക്കാൻ ആശ്രമത്തിന്റെ സഹസ്ഥാപകനായ ആബോ അലക്സിയോസിന്റെ സാന്നിധ്യം ഒഴിവാക്കണമെന്ന് മാർ ഇവാനിയോസ് കണക്കുകൂട്ടി. ആബോ അലക്സിയോസിനെ മലയാ (മലേഷ്യ), സിംഗപ്പൂർ മുതലായ സ്ഥലങ്ങളിൽ ധനശേഖരണാർത്ഥം മാർ ഇവാനിയോസ് നിർബന്ധിച്ച് അയച്ചു. ഈ ദൗത്യം പ്രതിസന്ധികൾ നിറഞ്ഞതായിരുന്നു. ഈ കാലഘട്ടത്തിലാണ് മാർ ഈവാനിയോസും അദ്ദേഹത്തെ പിന്തുണയ്ക്കുന്നവരും മലങ്കര ഓർത്തഡോക്സ് സഭയിൽ നിന്നും മാറി 1930 സെപ്തംബർ 20-ന് റോമൻ കത്തോലിക്കാ സഭയിൽ ചേർന്നത്. സ്വാർത്ഥ താൽപര്യങ്ങൾ സംരക്ഷിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിരുന്നു ഈ സഭാഭ്രംശം. 'പുനരൈക്യം' എന്ന് ഓമനപ്പേരിട്ട് വിളിക്കുന്ന ഈ സംഭവത്തോടെ സഭാന്തരീക്ഷം കലുഷിതമായി.

ഈവാനിയോസിനോടൊപ്പം ഏതാനും ആശ്രമവാസികളും കന്യാസ്ത്രീ

കളും മലങ്കര ഓർത്തഡോക്സ് സഭയിൽ നിന്ന് വിട്ടുപോയി. ആശ്രമാംഗമായിരുന്ന ഫാദർ മത്തായി ('വല്യച്ചൻ' എന്നറിയപ്പെടുന്നു) ഈ സംഘത്തോടൊപ്പം പോകാതിരിക്കാൻ രണ്ടാഴ്ചയോളം കാട്ടിൽ ഒളിവിൽ കഴിഞ്ഞു. മൂലമണ്ണിൽ നൈനാൻ, കാര്യസ്ഥൻ പാപ്പി എന്നിവരും ആബോ അലക്സിയോസിനൊപ്പം നിന്നു. തുടർന്ന് ബഥനി ആശ്രമത്തെ നയിക്കുക എന്ന വലിയ ഉത്തരവാദിത്തം ആബോ അലക്സിയോസിൽ വന്നുചേർന്നു. ആർച്ച് ബിഷപ്പ് ഈവാനിയോസും അദ്ദേഹത്തിന്റെ പിൻഗാമികളും ബഥനി ആശ്രമ സ്വത്തുക്കൾ കൈവശമാക്കാൻ കോടതി വ്യവഹാരങ്ങൾ നടത്തിയെങ്കിലും, അവയെല്ലാം പരാജയപ്പെട്ടു. റോമൻ കത്തോലിക്കാ സഭയുടെ ഒരു റീത്തായി അവർ നിലകൊണ്ടു.

ഈ കാലയളവിൽ ആബോ അലക്സിയോസിന്റെ സ്വഭാവശ്രേഷ്ഠതയും, സഭാസ്നേഹവും, ഉത്തരവാദിത്തബോധവും ഏവരും തിരിച്ചറിഞ്ഞു. 1930 സെപ്റ്റംബർ 4-ന് കോട്ടയം പഴയസെമിനാരിയിൽ നടന്ന അസോസിയേഷൻ മീറ്റിംഗിൽ മെത്രാൻ സ്ഥാനത്തേക്ക് അദ്ദേഹത്തെ തിരഞ്ഞെടുത്തുവെങ്കിലും, ആബോ അലക്സിയോസ് ആ സ്ഥാനം സ്വീകരിക്കാൻ വിസമ്മതിച്ചു. മെത്രാൻ സ്ഥാനത്തേക്ക് വരാൻ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയും മറ്റ് മെത്രാപ്പോലീത്താമാരും പല തവണ നിർബന്ധിച്ചു. എന്നാൽ, സന്യാസ ജീവിതം നയിക്കുന്നതിന് അത് തടസ്സമാകുമെന്ന വാദം ഉന്നയിച്ച് ആബോ അലക്സിയോസ് പിൻമാറി. 1934 ഡിസംബർ 26-ന് കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ അസോസിയേഷൻ വീണ്ടും അദ്ദേഹത്തെ മെത്രാൻ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. ഇത് ദൈവിക നിയോഗമാണെന്ന് തിരിച്ചറിഞ്ഞ ആബോ അലക്സിയോസ്, സഭയുടെ ആവശ്യം മനസ്സിലാക്കി മെത്രാൻ സ്ഥാനം സ്വീകരിക്കാൻ തയ്യാറായി.

1938 ഏപ്രിൽ 7-ന് കണ്ടനാട് കർമ്മേൽ ദയറായിൽ വെച്ച് പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ 'അലക്സിയോസ് മാർ തേവോദോസിയോസ്' എന്ന പേരിൽ അദ്ദേഹത്തെ എപ്പിസ്കോപ്പയാക്കി. 1941 ഏപ്രിൽ 8-ന് ആലുവ യു.സി. കോളജ് ചാപ്പലിൽ വെച്ച് മാർ തേവോദോസിയോസിനെയും തോമ മാർ ദിവന്നാസിയോസിനെയും (പത്തനാപുരം താബോർ ആശ്രമ സ്ഥാപകൻ) മെത്രാപ്പോലീത്താമാരാക്കി. അഭ്യസ്തവിദ്യരും സഭാസ്നേഹികളും കർമ്മകുശലരുമായ ഈ മെത്രാപ്പോലീത്താമാരുടെ പ്രവർത്തനങ്ങൾ സഭയ്ക്ക് വലിയ അനുഗ്രഹമായിത്തീർന്നു.

ബഥനി ആശ്രമത്തിന്റെ സ്ഥാപകനായിരുന്ന തിരുമേനി, ആശ്രമാധ്യക്ഷൻ എന്ന നിലയിലുള്ള പ്രവർത്തനങ്ങൾക്കൊപ്പം കൊല്ലം, ബാഹ്യകേരളം എന്നീ ഭദ്രാസനങ്ങളുടെയും വിവിധ ആധ്യാത്മിക പ്രസ്ഥാനങ്ങളുടെയും ചുമതല നിർവഹിച്ചു. 1940 ജൂൺ 28-ന് തിരുവല്ലയിൽ വെച്ച് ബാലികാമഠം ചാപ്പലിൽ ബഥനി മഠത്തിന് അദ്ദേഹം തുടക്കമിട്ടു. മഠത്തിൽ ചേർന്ന സിസ്റ്റേഴ്സിന് ആവശ്യമായ പരിശീലനം നൽകുകയും, 1948-ൽ പെരുനാട്ടിൽ ബഥനി മഠം പുനഃസ്ഥാപിക്കുകയും ചെയ്തു. 1948 മാർച്ചിൽ ഇന്ത്യൻ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെയും, 1952-ൽ ഇന്ത്യൻ പ്രസിഡന്റ് ഡോ. രാജേന്ദ്രപ്രസാദിനെയും അദ്ദേഹം ഡൽഹിയിൽ സന്ദർശിച്ചു.

തിരുമേനിയുടെ പിൻഗാമിയായി വാത്സല്യ ശിഷ്യൻ ആബോ യോഹന്നാനെ (യൂഹാനോൻ മാർ അത്താനാസിയോസ് എപ്പിസ്കോപ്പ) ആശ്രമ സുപ്പീരിയറായി ആശ്രമ പൊതുയോഗം തിരഞ്ഞെടുത്തു. തിരുമേനിയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് സുപ്പീരിയർ പ്രവർത്തിച്ചു. ഇടയ ശുശ്രൂഷയുടെ ഭാഗമായി നടത്തിയ യാത്രകൾ തിരുമേനിയുടെ അനാരോഗ്യത്തിന് കാരണമായി. വാതരോഗം അദ്ദേഹത്തെ ഏറെ ബുദ്ധിമുട്ടിച്ചിരുന്നു. 1953-ൽ മാത്യൂസ് മാർ കൂറീലോസ് തിരുമേനിയെ (പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ) കൊല്ലം ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്തായായി പൗരസ്ത്യ കാതോലിക്കാ നിയമിച്ചു. ബാഹ്യകേരളത്തിന്റെ ചുമതല മാത്യൂസ് മാർ അത്താനാസിയോസ് തിരുമേനിയെ (പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ) ഏല്പിച്ചു.

പത്തുവർഷത്തോളം രോഗാതുരനായി കഴിഞ്ഞ തിരുമേനി 1965 ഓഗസ്റ്റ് 6-ന് പെരുനാട് ബഥനി ആശ്രമത്തിൽ വെച്ച് കാലംചെയ്തു. പിറ്റേന്ന് പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ മുഖ്യ കാർമികത്വത്തിൽ ബഥനി ആശ്രമ ചാപ്പലിന്റെ തെക്ക് ഭാഗത്ത് കബറടക്കി. തിരുമേനിയുടെ ചരമ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് 2015 ഓഗസ്റ്റ് 6-ന് സഭയുടെ എപ്പിസ്കോപ്പൽ സുന്നഹദോസ് 'മലങ്കരയുടെ ധർമ്മയോഗി' എന്ന വിശേഷണം നൽകി അദ്ദേഹത്തെ ആദരിച്ചു.

പുണ്യശ്ലോകനായ ഈ പിതാവിന്റെ വ്യക്തി മാഹാത്മ്യത്തെക്കുറിച്ച് സമകാലീനർ സാക്ഷിച്ചിട്ടുണ്ട്. ഈ ലേഖനത്തിലൂടെ അവയെ നമുക്കൊന്ന് പുനർ വായനയ്ക്ക് വിധേയമാക്കാം.

**തപോനിഷ്ഠൻ**

തേവദോസിയോസ് തിരുമേനി കരുത്തുറ്റ ഒരു സന്യാസി ശ്രേഷ്ഠനായിരുന്നു. അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നീ സന്യാസവ്രതങ്ങൾ അദ്ദേഹം നിഷ്ഠയോടെ പാലിച്ചു. പ്രാർത്ഥന, സന്യാസനിഷ്ഠ, മൗനം, ലാളിത്യം, തിരുവചന പാരായണം എന്നിവ അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഭാഗമായിരുന്നു. അതിലൂടെ ആത്മീയ ഉൾക്കാഴ്ചകൾ നേടി. ലളിതമായ ജീവിതം ഇഷ്ടപ്പെട്ടിരുന്ന തിരുമേനിക്ക് ബഥനി ആശ്രമത്തിലെ താമസം പ്രിയങ്കരമായിരുന്നു. ആ മണ്ണിൽ തന്നെ അന്ത്യവിശ്രമം കൊള്ളാനും അദ്ദേഹം ആഗ്രഹിച്ചിരുന്നു. കളങ്കമില്ലാതെ ജീവിക്കാൻ പ്രാർത്ഥിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്തു. സന്യാസനിഷ്ഠയും ആശ്രമനിയമങ്ങളും കൃത്യതയോടെ പാലിച്ചു.

തിരുമേനിയുടെ ജീവിതത്തെക്കുറിച്ച് സമകാലീനനും കോട്ടയം ഭദ്രാസന മെത്രാപ്പോലീത്തായുമായിരുന്ന പാറേട്ട് മാത്യൂസ് മാർ ഇവാനിയോസ് തിരുമേനി സാക്ഷിച്ചത് ഇപ്രകാരമാണ്: "അദ്ദേഹം തീർത്തും നിഷ്കളങ്കനായിരുന്നു. സത്യത്തോടുള്ള കൂറും മനോബോധ്യത്തോടുള്ള മുറുകെ പിടിത്തവും അദ്ദേഹത്തിന് വരുത്തിവെച്ച ദുരിതങ്ങൾ കുറച്ചൊന്നുമല്ല'. രോഗാതുരനായി ആശ്രമത്തിൽ കഴിഞ്ഞ കാലത്തും പ്രാർത്ഥനയും നോമ്പും യാമനമസ്കാരങ്ങളും തിരുമേനി മുടങ്ങാതെ നിർവഹിച്ചു."

**കർമ്മധീരൻ**

റീത്ത് പ്രസ്ഥാനക്കാർ 1930 മുതൽ ബഥനി ആശ്രമത്തെയും മലങ്കര സഭയെയും ഉപദ്രവിച്ചിരുന്നു. മാർ ഈവാനിയോസിന്റെ വഞ്ചന ആബോ അലക്സിയോസിനും സഹപ്രവർത്തകർക്കും വേദന നൽകിയെങ്കിലും, അത് അവരെ തളർത്തിയില്ല. ഈ പ്രതിസന്ധിയാണ് വിശാലമായ ലോകത്തെ പ്രവർത്തനങ്ങളുടെ വഴിയായി കണ്ടെത്താനും, ഓർത്തഡോക്സ് വിശ്വാസത്തിന്റെ പ്രചാരകനാകാനും തിരുമേനിയെ പ്രചോദിപ്പിച്ചത്. ദൈവത്തെ സ്നേഹിക്കുകയും സഭയുടെ വിശ്വസ്ത ശുശ്രൂഷകനായി പ്രവർത്തിക്കുകയും ചെയ്ത ഈ ധീരൻ, റീത്ത് പ്രസ്ഥാനത്തിൽ ചേർന്നാൽ സ്ഥാനമാനങ്ങൾ നൽകാമെന്ന മാർ ഈവാനിയോസിന്റെ പ്രലോഭനത്തിൽ വീണില്ല. മാർ തേവോദോസിയോസിന്റെ അന്ത്യ കൽപ്പനയിൽ, മാർ ഈവാനിയോസിനെ 'ആത്മാർത്ഥമായി സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്തിരുന്നു' എന്ന് രേഖപ്പെടുത്തുന്നു. സഹോദര തുല്യം സ്നേഹിച്ചിരുന്ന മാർ ഈവാനിയോസിന്റെ പിൻവാങ്ങൽ അദ്ദേഹത്തിന് വലിയ ഹൃദയവേദനയുണ്ടാക്കി. അന്ത്യം വരെ ആ വേദന അദ്ദേഹത്തിൽ ഉണ്ടായിരുന്നു.

തിരുവനന്തപുരം അതിരൂപതയുടെ ആർച്ച് ബിഷപ്പ് സ്ഥാനം മാർ ഈവാനിയോസിന് ലഭിച്ചെങ്കിലും, കാതോലിക്കാ സ്ഥാനം റോം അനുവദിച്ചില്ല. തുടർന്ന് ആശ്രമ സ്വത്തുക്കൾ കൈക്കലാക്കാൻ ഈവാനിയോസ് ശ്രമിച്ചു. ഇത് ദീർഘ കാലം നീണ്ടുനിന്ന കോടതി വ്യവഹാരങ്ങൾക്ക് കാരണമായി. മാർ ഈവാനിയോസിന്റെ സഭാഭ്രംശത്തോടെ ബഥനി ആശ്രമവും അനുബന്ധ പ്രവർത്തനങ്ങളും ഇല്ലാതാകരുത് എന്ന് ആബോ അലക്സിയോസ് ആഗ്രഹിച്ചു. തന്നിൽ ഭരമേല്പിച്ച ഉത്തരവാദിത്തങ്ങളിൽ നിന്ന് അദ്ദേഹം പിന്മാറിയില്ല. അതിനാൽ, കോടതി വ്യവഹാരങ്ങൾ കൃത്യതയോടെ നടത്തി ബഥനി ആശ്രമത്തെ മലങ്കര ഓർത്തഡോക്സ് സഭയോട് ചേർത്ത് നിർത്തി.

**ഉത്തമ ഇടയൻ**

തിരുമേനി 1938 മുതൽ 1953 വരെ കൊല്ലം, ബാഹ്യകേരളം എന്നീ ഭദ്രാസനങ്ങളുടെ ചുമതല നിർവഹിച്ചു. സാമ്പത്തികമായി പിന്നോക്കം നിന്നിരുന്ന കൊല്ലം ഭദ്രാസനത്തിന്റെ ആസ്ഥാനം കൊട്ടാരക്കര കോട്ടപ്പുറം സെമിനാരിയായിരുന്നു. പ്രൊട്ടസ്റ്റന്റ്, കത്തോലിക്കാ റീത്ത്, പെന്തക്കോസ്തു വിഭാഗങ്ങളിൽ നിന്നുള്ള ഉപദ്രവങ്ങളും അജഗണനഷ്ടവും ഈ കാലയളവിൽ നേരിടേണ്ടിവന്നു. തിരുമേനി ദേവാലയങ്ങൾ സന്ദർശിച്ച് വിശ്വാസികളെ സഭയിൽ ഉറപ്പിച്ചു നിർത്തി. തിരുവിതാംകോട് പള്ളിയുടെ പുനരുജ്ജീവനവും അദ്ദേഹം സാധ്യമാക്കി. കൊല്ലം ഭദ്രാസനത്തിന്റെ സമഗ്രമായ പുരോഗതിക്ക് ആവശ്യമായ അടിത്തറ അദ്ദേഹം പാകി.

ഇക്കാലത്ത് മലങ്കര നസ്രാണികൾ ഉപജീവനത്തിനായി വിദേശത്തേക്ക് കുടിയേറിത്തുടങ്ങി. അവരുടെ ഇടയിൽ ഇടയനായി ബഥനിയുടെ തിരുമേനി എത്തി. മലങ്കര സഭാംഗങ്ങൾ വസിക്കുന്ന എല്ലാ സ്ഥലങ്ങളിലും സംഘടിത മായ സഭാപ്രവർത്തനം അനിവാര്യമാണെന്ന് അദ്ദേഹത്തിന് ബോധ്യമുണ്ടായി രുന്നു, കാരണം ഇത് സഭയുടെ ഭാവിയെ ബാധിക്കുന്ന വിഷയമായിരുന്നു. ബാഹ്യകേരള ഭദ്രാസനത്തിലും തുടക്കത്തിൽ ധാരാളം പ്രതിസന്ധികൾ ഉണ്ടാ യിരുന്നു. അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ കഠിന പ്രയത്നം കൊണ്ട് രൂപംകൊണ്ട ലത്തീൻ സമൂഹം ക്ഷയിക്കാൻ തുടങ്ങിയപ്പോ ഴാണ് മാർ തേവോദോസിയോസ് ഈ ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുത്തത്. 1947-ൽ അദ്ദേഹം ഈ സമൂഹത്തെ സന്ദർശിച്ച് പള്ളികൾ വഴി അവരെ മലങ്കര സഭയോട് ചേർത്തുനിർത്തി. കൊളംബോയിലെ ലത്തീൻ മിഷനെയും അദ്ദേഹം സ്നേഹിച്ചിരുന്നു. അവിടേക്ക് ബഥനി ആശ്രമത്തിൽ നിന്നുള്ളവർ ഉൾപ്പെടെ യുള്ള വൈദികരെ നിയോഗിച്ചു.

1951 മുതൽ 1954 വരെ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രസിഡന്റായി തിരു മേനി സേവനമനുഷ്ഠിച്ചു. മർത്തമറിയം സമാജം ഉൾപ്പെടെ വിവിധ പ്രസ്ഥാനങ്ങ ളുടെ പ്രസിഡന്റായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ഈ വലിയ ഉത്തരവാദിത്ത ങ്ങൾക്കിടയിലും കൊല്ലം, ബാഹ്യകേരളം എന്നീ ഭദ്രാസനങ്ങളെ മാർ തേവോ ദോസിയോസ് മാതൃകാപരമായി നയിച്ചു.

**മിഷനറി**

മിഷൻ പ്രവർത്തനങ്ങളിൽ അതീവ താല്പര്യം കാണിച്ചിരുന്ന തിരുമേനിക്ക് ബഹുമുഖമായ ഒരു പ്രവർത്തന മേഖലയുണ്ടായിരുന്നു. പരുമല തിരുമേനി, അൽവാറീസ് മാർ യൂലിയോസ്, പത്രോസ് മാർ ഒസ്താത്തിയോസ് എന്നിവരെ പ്പോലെ ഒരു മിഷൻ ദർശനം അദ്ദേഹത്തിനുണ്ടായിരുന്നു. ഒരു മെത്രാപ്പോലീത്ത എന്ന നിലയിൽ സഭാപരമായ സൗകര്യങ്ങൾ മാറ്റിവെച്ച്, പരിശുദ്ധ സഭയ്ക്കു വേണ്ടി അദ്ദേഹം അഹോരാത്രം കഷ്ടപ്പെട്ടു. യേശുക്രിസ്തുവിന്റെ നിർമ്മലമായ സുവിശേഷം എല്ലാവരിലും എത്തണമെന്ന് അദ്ദേഹം ആത്മാർത്ഥമായി ആഗ്ര ഹിച്ചു. സമൂഹത്തിൽ തിരസ്കൃതരും മാറ്റിനിർത്തപ്പെട്ടവരുമായ ആളുകളുടെ അടുക്കലെത്തി ആവശ്യമായ ശുശ്രൂഷ നൽകുന്നതിൽ അദ്ദേഹം താല്പര്യം കാണിച്ചു.

ബാഹ്യകേരളത്തിലേക്കുള്ള തിരുമേനിയുടെ ഓരോ യാത്രയും വിശുദ്ധ പൗലോസ് ശ്ലീഹാ നടത്തിയതുപോലെ മിഷനറി യാത്രകളായിരുന്നു. അജഗ ണങ്ങളുടെ ശുശ്രൂഷയെ പരിഗണിച്ച് ഇന്ത്യയുടെ വിശാലമായ ഭൂമികയും യൂറോപ്പും മലയായും സിലോണും അദ്ദേഹം സന്ദർശിച്ചു. ഇന്ത്യയിലെ മിഷനറി പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി 1947-ൽ മദ്രാസിൽ 'ഇന്ത്യൻ ഓർത്തഡോക്സ് മിഷൻ' ആരംഭിച്ചു. തമിഴ്നാട്ടിലും ഉത്തരേന്ത്യയിലും അദ്ദേഹം മിഷനറി യാത്രകൾ നടത്തി. 1947 ഒക്ടോബർ മുതൽ നവംബർ 30 വരെ തമിഴ്നാട്ടിൽ മിഷനറി പ്രവർത്തനങ്ങൾ നടത്തി. 1948 ഫെബ്രുവരി മുതൽ മാർച്ച് മാസങ്ങളിൽ ബാംഗ്ലൂർ, സെക്കന്തരാബാദ്, പൂന, ജബൽപൂർ, അലഹ ബാദ്, കൊൽക്കത്ത, ഡൽഹി എന്നിവിടങ്ങളിൽ മിഷനറി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. മദ്രാസ്, ബോംബെ, സിംഗപ്പൂർ തുടങ്ങിയ സ്ഥലങ്ങളിൽ പള്ളികൾ സ്ഥാപിച്ച് വിശ്വാസികളുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റി.

ഇന്ത്യയിൽ നിർവഹിക്കാനുള്ള ദൗത്യത്തെക്കുറിച്ച് കോട്ടയത്ത് വെച്ച് നടന്ന ഒരു വിദ്യാർത്ഥിനി കോൺഫറൻസ് ഉദ്ഘാടനം ചെയ്തപ്പോൾ തിരുമേനി ഇങ്ങനെ പറഞ്ഞു: "മാർ തോമാശ്ലീഹായാൽ അൻപത്തിരണ്ടാമാണ്ട് സ്ഥാപിത മായ നമ്മുടെ സഭയെക്കുറിച്ച് നാം എല്ലാവരും അഭിമാനം കൊള്ളുന്നവരാണ്. എന്നാൽ പുരാതനത്വത്തിന് അനുയോജ്യമായ ദൈവരാജ്യപ്രചാരണത്തിന് ചേർന്ന തീക്ഷ്ണത നൂറ്റാണ്ടുകളായിട്ടു പോലും നമ്മിൽ അഭിവൃദ്ധിപ്പെട്ടിട്ടില്ല എന്ന പരമാർത്ഥം നമ്മെ ലജ്ജിപ്പിക്കേണ്ടതാണ്."

പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ വെച്ച് നടന്ന വിദ്യാർത്ഥിനി കോൺ ഫറൻസിന്റെ ഉദ്ഘാടന പ്രസംഗത്തിൽ ഭയമില്ലാതെ ഇന്ത്യയിൽ സുവിശേഷ പ്രവർത്തനം നടത്തണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. 'ഇന്ത്യൻ ഭരണ ഘടനയനുസരിച്ചുപോലും ഇന്ത്യയിൽ മതസ്വാതന്ത്ര്യമാർക്കുമുണ്ട്. അവരവ രുടെ മതത്തെ പ്രചരിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഇന്ത്യക്കാരായ ആർക്കു മുണ്ടു താനും. തൻ നിമിത്തം സുവിശേഷഘോഷണം നടത്തുന്നതിനുള്ള ചുമതല ഇന്ത്യക്കാരായ നമ്മിൽത്തന്നെ സ്ഥിതി ചെയ്യുന്നു. സുറിയാനികാരായ നാം എന്തുചെയ്യുവാൻ പോകുന്നു? സന്തോഷപൂർവ്വം പട്ടിണിയോ, കഷ്ടതയോ,

ആക്ഷേപമോ, പരിഹാസമോ സഹിക്കുവാൻ ഒരുക്കമുള്ള സ്ത്രീപുരുഷന്മാരായ മിഷനറിമാർ നമ്മിൽ നിന്നെഴുന്നേൽക്കുമെങ്കിൽ തദ്വാരാ നമ്മുടെ സഭയ്ക്കും ഭാരതത്തിനും സുവർണ്ണകാലം വരുന്നതായിരിക്കും'. സഭയുടെ സജീവതയുടെ മുഖം മിഷൻ പ്രവർത്തനങ്ങളും സന്യാസി സമൂഹങ്ങളുടെ വളർച്ചയുമാണെന്ന് തിരുമേനി ചൂണ്ടിക്കാട്ടി. 'ഏതു സഭയുടെയും ജീവൻറെ ലക്ഷണം സഭയുടെ മിഷൻ പ്രവർത്തനവും ചൊവ്വുള്ള സന്യാസിസമൂഹങ്ങളുടെ വളർച്ചയും അഭിവൃദ്ധിയും ആകുന്നു'.

**സഭാസ്നേഹി**

മാർ തേവോദോസിയോസ് തിരുമേനി മലങ്കര സഭയുടെ സ്വയംശീർഷക ത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പ്രതീകമായ കാതോലിക്കേറ്റിന്റെ വിശ്വസ്ത ഭടനായിരുന്നു. കാതോലിക്കേറ്റിന്റെ സ്ഥാനവും മഹത്വവും തിരിച്ച റിഞ്ഞ ഈ സഭാസ്നേഹി, അത് മലങ്കരയിൽ നിലനിൽക്കണമെന്ന് ആഗ്രഹിച്ചു. സഭയുടെ പ്രധാന മേലധ്യക്ഷന്മാരായ കാതോലിക്കാമാരോട് അദ്ദേഹം വിധേയ ത്വവും ആദരവും പുലർത്തി. സമകാലീനനായ സഭാ നേതാവ് പാത്താമുട്ടം എം. സി. കുറിയാക്കോസ് റമ്പാൻ (മലയാള മനോരമ വിശേഷാൽ പതിപ്പ്, 1938 ഏപ്രിൽ 2) തിരുമേനിയിൽ 'സമുദായ സ്നേഹവും ത്യാഗബുദ്ധിയും' ഉണ്ടായിരുന്നു എന്ന് രേഖപ്പെടുത്തുന്നു. പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് തിരുമേനിയുടെ അഭിപ്രായത്തിൽ, 'ശക്തമായ നേതൃത്വം സഭയ്ക്ക് നൽകിയ പിതാവായിരുന്നു മാർ തേവോദോസിയോസ്.'

പേരും പ്രശസ്തിയും സ്ഥാനമാനങ്ങളും സാമ്പത്തിക നേട്ടങ്ങളും തിരുമേനി ആഗ്രഹിച്ചിരുന്നില്ല. അതിനാൽ സഭയ്ക്ക് അനുകൂലമായ നിലപാടുകൾ സ്വീക രിക്കുന്നതിനും അഭിപ്രായങ്ങൾ തുറന്നുപറയുന്നതിനും അദ്ദേഹം ധൈര്യം കാണിച്ചു. മലങ്കര സഭയിൽ സമാധാനം ഉണ്ടാകണമെന്ന് ആഗ്രഹിച്ചെങ്കിലും, അതിനായി സഭയുടെ സ്വയംശീർഷകത്വവും സ്വത്വവും തദ്ദേശീയതയും തിര സ്കരിക്കാൻ അദ്ദേഹം തയ്യാറായിരുന്നില്ല. 'സ്വയംശീർഷകത്വമുള്ള സഭ' എന്ന പ്രയോഗം മലങ്കരസഭയുടെ അസ്തിത്വത്തെ നിർണയിക്കുന്നതും ചരിത്രപര

മായി പ്രാധാന്യമുള്ളതുമാണെന്ന് തിരിച്ചറിഞ്ഞ തിരുമേനി, ഈ പ്രയോഗം മലങ്കരയിൽ ആദ്യമായി പരിചയപ്പെടുത്തി. സത്യത്തിനുവേണ്ടി എക്കാലവും സഭ നിലകൊള്ളണം എന്നും, പ്രതിസന്ധികൾ എത്ര വന്നാലും അതിൽനിന്ന് പിൻവാങ്ങരുത് എന്നും ഈ ധീരനായ മലങ്കര നസ്രാണി ആഹ്വാനം ചെയ്തു.

മലങ്കര സഭയുടെ സ്ഥാപകൻ മാർത്തോമാ ശ്ലീഹായാണ്. മലങ്കര സഭയുടെ പ്രധാന മേലധ്യക്ഷനും സത്യവിശ്വാസത്തിന്റെ സംരക്ഷകനും മലങ്കരയുടെയും കിഴക്കിന്റെയും കാതോലിക്കായാണ്. ഇതൊരു സ്വതന്ത്ര സഭയാണ്. അതിന്റെ സ്വയംശീർഷകത്വവും സ്വാതന്ത്ര്യവും നഷ്ടമാക്കി ഒരു വിദേശ സഭയ്ക്ക് കീഴിൽ ഒതുങ്ങരുത്. എന്ത് പ്രതിസന്ധികൾ വന്നാലും മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായ നിലപാട് സ്വീകരിക്കണമെന്ന നിർബന്ധബുദ്ധി തിരുമേനിക്കുണ്ടായിരുന്നു.

മലങ്കരയിലെ രണ്ട് കക്ഷികളെയും ഒരുമിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആലുവ, ചിങ്ങവനം എന്നിവിടങ്ങളിൽ നടന്ന വട്ടമേശ സമ്മേളനങ്ങളിൽ പങ്കെടുക്കാൻ തിരുമേനിക്ക് താല്പര്യമുണ്ടായിരുന്നില്ല. ഇരുവിഭാഗങ്ങളിലെയും യുവാക്കൾ ചേർന്ന് രൂപീകരിച്ച 'പീസ് ലീഗാണ്' ചർച്ചകൾക്ക് നേതൃത്വം നൽകിയത്. ഇതിന്റെ പ്രവർത്തനങ്ങളിൽ അനേകം പേർ സജീവമായി പങ്കെടുത്തു. കോട്ടയം പുത്തനങ്ങാടിയിലെ കുരിശുപള്ളിയായിരുന്നു പ്രധാന കേന്ദ്രം. മലങ്കര സഭാംഗങ്ങളും സാമൂഹിക-രാഷ്ട്രീയ നേതാക്കളും ഈ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകി.

മാർ തേവോദോസിയോസ് തിരുമേനിയുടെ ജീവിതത്തിലെ ഏറ്റവും പ്രശസ്തമായ സന്ദർഭം 1950 ജനുവരി 9-ന് ചിങ്ങവനം മാർ അപ്രേം സെമിനാരിയിൽ നടന്ന വട്ടമേശ സമ്മേളനമാണ്. ഇരുവിഭാഗങ്ങളിലെയും യുവാക്കൾ ചേർന്ന് രൂപീകരിച്ച 'പീസ് ലീഗാണ്' ചർച്ചകൾക്ക് നേതൃത്വം നൽകിയത്. മലങ്കരയിലെ രണ്ട് കക്ഷികളെയും ഒരുമിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രണ്ടു പക്ഷത്തെയും തിരുമേനിമാരെ ഒരു മേശയ്ക്കു ചുറ്റുമിരുത്തി ചർച്ച ചെയ്യിക്കാനും ഇരു കൂട്ടർക്കും സ്വീകാര്യമായ വ്യവസ്ഥകൾ രൂപവൽക്കരിക്കാനും അവസരമുണ്ടാക്കുകയായിരുന്നു പീസ് ലീഗിന്റെ പ്രഥമ പരിപാടി. ക്നാനായ ഇടവകയുടെ ഏബ്രഹാം മാർ ക്ലിമീസ് അക്കാര്യത്തിൽ അവർക്കു വേണ്ട സഹായ സഹകരണങ്ങൾ നൽകി. ചിങ്ങവനം അപ്രേം സെമിനാരിയിൽ മെത്രാപ്പോലീത്തന്മാരുടെ വട്ടമേശ സമ്മേളനം നടത്താനുള്ള ഒരുക്കങ്ങൾ നടന്നു. മെത്രാപ്പോലീത്തന്മാരെ എല്ലാവരേയും അതിനു സമ്മതിപ്പിച്ചു തീയതിയും കുറിച്ചു. 1950 ജനുവരി 9-നു സമ്മേളനം നടന്നു. 200 വോളണ്ടിയറന്മാർ സമ്മേളനരംഗം സംരക്ഷിച്ചു നിന്നിരുന്നു. മാർ യൂലിയോസ് മെത്രാപ്പോലീത്തായും സമ്മേളനത്തിൽ സംബന്ധിച്ചു. പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉൾപ്പെടെ ഓർത്തഡോക്സ് സഭയിലെ എല്ലാ മെത്രാന്മാരും സെമിനാരിയിൽ വന്നുചേർന്നു. പാത്രിയർക്കീസ് പക്ഷത്തെ ആലുവായിലെ പൗലോസ് മാർ അത്താനാസ്യോസ് മാത്രം ആരോഗ്യപരമായ കാരണങ്ങളാൽ സംബന്ധിച്ചില്ല.

മന്ത്രി ഇ. ജോൺ ഫീലിപ്പോസും 9 നിയമസഭാംഗങ്ങളും ചേർന്ന കമ്മിറ്റി പത്തു വ്യവസ്ഥകൾ അടങ്ങിയ ഒരു കരാർ എഴുതിയുണ്ടാക്കി തിരുമേനിമാർക്കു സമർപ്പിച്ചു. മാർ തേവോദോസ്യോസ് തിരുമേനി പീസ് ലീഗിന്റെ നിർബന്ധത്തിനു വഴങ്ങിയില്ല. അദ്ദേഹം പൊട്ടിത്തെറിച്ചു. വ്യവസ്ഥകൾ മലങ്കരയുടെ സ്വാതന്ത്ര്യത്തെയും അബ്ദേദ് മിശിഹാ പാത്രിയർക്കീസ് നൽകിയ കാതോലിക്കേറ്റിനെയും തിരസ്കരിക്കുന്നതാണെന്നു വിശ്വസിക്കുന്നതിനാൽ തനിക്ക് അതിൽ ഒപ്പുവെയ്ക്കാൻ സാദ്ധ്യമല്ലെന്ന് അദ്ദേഹം വ്യക്തമാക്കി. അദ്ദേഹം സമ്മേളനത്തിൽ നിന്നും ഇറങ്ങിപ്പോയി. അദ്ദേഹത്തെ തടയാൻ സംഘാടകർക്കു സാധിച്ചില്ല. മറ്റു മെത്രാപ്പോലീത്തന്മാർ അതുപോലെ രക്ഷപ്പെട്ടു പോകാതിരിക്കാൻ പീസ്ലീഗ് വോളണ്ടിയർമാർ വാതിലുകൾ പൂട്ടി. സമ്മർദ്ദത്തിനു വഴങ്ങാതെ വന്നതോടെ ക്ഷുഭിതരായ യുവാക്കൾ സെമിനാരിയുടെ താഴത്തെ നിലയിൽ തൊണ്ടുകൾ കൂട്ടി കത്തിച്ചു. പുക സഹിക്കാനാവാതെയും ക്ഷുഭിതരായ യുവാക്കളെ ഭയന്നും ഒടുവിൽ രക്ഷപ്പെടുവാനായി പങ്കെടുത്ത മറ്റു മെത്രാപ്പോലീത്തന്മാർ എല്ലാവരും വ്യവസ്ഥകളിൽ ഒപ്പു വച്ചു.

"ഞാൻ പഴയ ചാണ്ടിയായി മാറിയാലും സ്വാതന്ത്ര്യം നഷ്ടപ്പെട്ട ഒരു സഭയുടെ മെത്രാപ്പോലീത്തായായി കഴിയുവാൻ ആഗ്രഹിക്കുന്നില്ല. ഒരു നായയെപോലെ ഞാൻ മരിക്കേണ്ടിവന്നാലും മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി അടരാടും. മലങ്കരസഭയുടെ സ്വാതന്ത്ര്യം തീറെഴുതാനും അബ്ദുൽ മശിഹായുടെ പട്ടത്വം പാഴാണെന്നു സമ്മതിക്കാനും ഞാൻ തയ്യാറല്ല. എന്റെ കൺവിക്ഷന് എതിരായി ഞാൻ പ്രവർത്തിക്കുകയില്ല" എന്ന് തിരുമേനി അന്ന് പ്രഖ്യാപിച്ചു. ഇവിടെ തയ്യാറാക്കിയ വ്യവസ്ഥകൾ മലങ്കര സഭയുടെ സ്വാതന്ത്ര്യം, സ്വയംശീർഷകത്വം, കാതോലിക്കേറ്റിന്റെ സാധുത എന്നിവയെ തമസ്കരിക്കുന്നതാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു.

ചിങ്ങവനം വട്ടമേശ സമ്മേളനത്തിൽ നിന്നും ഇറങ്ങിപ്പോന്ന മാർ തേവോദോസ്യോസിന്റെ നടപടി തെറ്റിദ്ധാരണയ്ക്ക് ഇടയാക്കിയതും, അത് നീക്കാൻ മെത്രാപ്പോലീത്താ തന്നെ നേരിട്ടു പോയി വിശദീകരണം നൽകിയതുമായ ഒരു സംഭവം ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് പറഞ്ഞിരിക്കുന്നത് കാണുക:

> "പരിപൂർണ്ണ സ്വതന്ത്രസഭാവാദിയായിരുന്നു മാർ തേവോദോസ്യോസ് തിരുമേനി. മറ്റ് ഓർത്തഡോക്സ് സഭകളുമായുള്ള സമ്പർക്കമാണു തിരുമേനിയെ ഇക്കാര്യത്തിൽ ഉറപ്പിച്ചത്. 'സ്വയംഭരണ നേതൃത്വമുള്ള സഭ' എന്നർത്ഥം വരുന്ന 'Autocephalus Church' അഭിവന്ദ്യ തിരുമേനിയാണ് ഇവിടെ ആദ്യം പ്രയോഗത്തിൽ കൊണ്ടുവന്നത്. മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ ഭാരതത്തിലെ ദേശീയസഭ ആണെന്നും ഈ സഭയുടെ കാര്യങ്ങൾ ഈ സഭയ്ക്കുതന്നെ തീരുമാനിക്കാൻ സ്വാതന്ത്ര്യം ഉണ്ടെന്നും ഈ സഭ ഒരു വിദേശസഭയുടെയും വിധേയത്വത്തിലല്ലെന്നും അദ്ദേഹം പഠിപ്പിച്ചു. ആലുവാ വട്ടമേശസമ്മേളനം, ചിങ്ങവനം വട്ടമേശ സമ്മേളനം എന്നീ സമാധാന സന്ധിയാലോചനകളിൽ അദ്ദേഹം നിസ്സഹകരണം കാണിച്ചത് ഈ മനോബോധ്യത്തോടുള്ള കൂറുകൊണ്ടു മാത്രമായിരുന്നു. ചിങ്ങവനം വട്ടമേശസമ്മേളനം നടന്നകാലത്ത് ഡോ. വിസർട്ട് ഹൂഫ്റ്റ് (അഖില ലോക സഭാ കൗൺസിലിന്റെ സ്ഥാപക സെക്രട്ടറി) കേരളം സന്ദർശിക്കുകയായിരുന്നു. സമ്മേളനത്തിൽ മാർ തേവോദോസ്യോസ് സ്വീകരിച്ച നിലപാട് അദ്ദേഹത്തിൽ തെറ്റിദ്ധാരണകളുണ്ടാക്കി. മാർ തേവോദോസ്യോസ് തിരുമേനി എന്നോടൊത്ത് എറണാകുളത്തു ചെന്ന് ഡോ. വിസ്സർട്ട് ഹൂഫ്റ്റിനെ സന്ദർശിച്ച് അദ്ദേഹത്തിന്റെ തെറ്റിദ്ധാരണകൾ നീക്കി. ചിങ്ങവനം സമ്മേളനം എഴുതിയുണ്ടാക്കിയ സമാധാന വ്യവസ്ഥകളുടെ പഴുതുകളും പോരായ്മകളും മലങ്കരസഭയുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിൽ അതിന്റെ അപര്യാപ്തതയും മാർ തേവോദോസ്യോസ് ഡോ. വിസ്സർട്ട് ഹൂഫ്റ്റിനെ ബോദ്ധ്യപ്പെടുത്തി. അദ്ദേഹം തിരുമേനിയുടെ നിലപാടിനോടു യോജിപ്പു പ്രകടിപ്പിച്ചു."

അന്ത്യോക്യൻ സുറിയാനി സഭയുമായി 1665 മുതൽ തുടങ്ങിയ ബന്ധം പിന്നീട് തർക്കങ്ങൾക്കിടയാക്കി. അന്ത്യോക്യ പാത്രിയർക്കീസിനെ പിന്തുണച്ച് എതിർകക്ഷിയിലായി നിന്നവരോട് സ്നേഹവും സൗഹാർദ്ദവും പുലർത്തിയ തിരുമേനി, അനുരഞ്ജനത്തിന് ആഗ്രഹിച്ചു. വിഘടിത വിഭാഗത്തിലുള്ളവർ സഹോദരങ്ങളാണ്, അവർ വേദവിപരീതികളല്ല. 'അവരുടെ ദുർവാശിയും ഹ്രസ്വദൃഷ്ടിയും കാരണമാണ്' അവർ വിഘടിച്ചുനിൽക്കുന്നത് എന്നും അദ്ദേഹം വിശ്വസിച്ചു. ഭാഗ്യവശാൽ, തിരുമേനിക്ക് തന്റെ ജീവിതകാലത്തുതന്നെ സഭാ സമാധാനം നടപ്പിലാകുന്നത് കാണാൻ സാധിച്ചു. അന്ത്യകൽപ്പനയിൽ തിരുമേനി ഇങ്ങനെ ആഹ്വാനം ചെയ്യുന്നു: 'പരിശുദ്ധ പാത്രിയർക്കാ സിംഹാസനത്തോടു നമുക്ക് സ്നേഹവും ബഹുമാനവും ഉണ്ടായിരിക്കേണ്ടതാണ്. ദൈവത്തിന്റെ മഹാവലിയ കരുണയാൽ ഇന്ത്യയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള കിഴക്കിന്റെ പരിശുദ്ധ കാതോലിക്കാ സിംഹാസനത്തെ എക്കാലവും നിലനിർത്തി പരിരക്ഷിപ്പാൻ നിങ്ങൾ കടപ്പെട്ടവരാകുന്നു എന്ന് നാം നിങ്ങളെ അനുസ്മരിപ്പിക്കുന്നു.' താൻ മനസ്സിലാക്കിയതും, അനുഭവിച്ചതും, തന്നിലേക്ക് പകർന്നുകിട്ടിയതും, തന്റെ സ്വത്വത്തെ രൂപപ്പെടുത്തിയതുമായ സത്യത്തിൽ ബാഹ്യസമ്മർദ്ദങ്ങൾക്ക് വഴങ്ങാതെ നിലകൊള്ളാൻ തിരുമേനി ശ്രദ്ധിച്ചു.

### എക്യുമെനിസത്തിന്റെ വക്താവ്

എക്യുമെനിക്കൽ രംഗത്ത് മാർ തേവോദോസിയോസ് തിരുമേനി അതികായനായിരുന്നു. അദ്ദേഹത്തെ മലങ്കര സഭയുടെ എക്യുമെനിക്കൽ നയത്തിന്റെ സ്ഥാപകനായി കണക്കാക്കാം. മികച്ച വിദ്യാഭ്യാസം അദ്ദേഹത്തിന്റെ ഇടയശുശ്രൂഷയെയും എക്യുമെനിക്കൽ പ്രവർത്തനങ്ങളെയും സഹായിച്ചു.

ഓക്സ്ഫോർഡ് മൂവ്മെന്റിന്റെ നൂറാം വാർഷികാഘോഷങ്ങളിൽ പങ്കെടുക്കാൻ 1933-ൽ തിരുമേനി ഇംഗ്ലണ്ടിലെത്തി. അവിടെ ആറുമാസം താമസിച്ചത് അദ്ദേഹത്തിന് എക്യുമെനിക്കൽ രംഗത്തേക്ക് കടന്നുവരാൻ പ്രചോദനമേകി. 1937-ൽ ഓക്സ്ഫോർഡിൽ നടന്ന 'ലൈഫ് ആൻഡ് വർക്ക്,' 'ഫെയ്ത്ത്

ആൻഡ് ഓർഡർ' എന്നീ പ്രസ്ഥാനങ്ങളുടെ സമ്മേളനങ്ങളിൽ, മലങ്കര സഭയെ പ്രതിനിധീകരിച്ച് പരിശുദ്ധ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായും ആബോ അലക്സിയോസ് റമ്പാൻ, പത്തനാപുരം സി.എം. തോമസ് റമ്പാൻ (തോമ മാർ ദിവനാസിയോസ് മെത്രാപ്പോലീത്ത) എന്നിവരും പങ്കെടുത്തു. ഇതിലൂടെ, ആഗോള ക്രൈസ്തവ സമൂഹത്തിന് മുന്നിൽ മലങ്കര സഭയെ പരിചയപ്പെടുത്താൻ സാധിച്ചു.

വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ (ണഇഇ) രൂപീകരണ പ്രക്രിയയിൽ തിരുമേനി സജീവമായി പങ്കെടുത്തു. 1948-ൽ ആംസ്റ്റർഡാമിൽ നടന്ന WCC-യുടെ ആദ്യ സമ്മേളനത്തിൽ മലങ്കര സഭയെ പ്രതിനിധീകരിച്ച് അദ്ദേഹം പങ്കെടുത്തു. അതിന്റെ ഫലമായി 1948 മുതൽ 1953 വരെ സെൻട്രൽ കമ്മിറ്റി അംഗമായി പ്രവർത്തിച്ചു. 1952-ൽ കോട്ടയത്ത് നടന്ന ലോക യുവജന സമ്മേളനത്തിന്റെ (World Conference of Christian Youth) മൂന്നാം സമ്മേളനത്തിനും തിരുമേനി നേതൃത്വം നൽകി. 1953-ൽ ഉത്തർപ്രദേശിലെ ലക്നൗവിൽ നടന്ന WCCയുടെ സെൻട്രൽ കമ്മിറ്റി സമ്മേളനത്തിലും അദ്ദേഹം പങ്കെടുത്തു. എസ്.സി.എം (Student Christian Movement), ബൈബിൾ സൊസൈറ്റി തുടങ്ങിയ പ്രസ്ഥാനങ്ങളിലും അദ്ദേഹം പ്രവർത്തിച്ചിരുന്നു. മലങ്കര സഭയുമായി സഹകരിക്കുവാൻ ആഗ്രഹിച്ച ആംഗ്ലിക്കൻ സഭയിലെ ബിഷപ്പ് ഹെബർട്ട് പെകെൻഹാം വാൽഷിനെ (1871-1959) അദ്ദേഹം സ്വീകരിച്ചു.

സാർവദേശീയ തലത്തിൽ പരിശുദ്ധ സഭയുടെ സ്വത്വവും പാരമ്പര്യവും ചരിത്രവും വിശ്വാസവും വെളിപ്പെടുത്താൻ തിരുമേനിക്ക് കഴിഞ്ഞു. മറ്റു സഭകളിലെ അനേകം നേതാക്കളുമായി അദ്ദേഹം ആത്മബന്ധം സ്ഥാപിച്ചു. അദ്ദേഹത്തിന്റെ അന്തർദേശീയ ബന്ധങ്ങൾ പിന്നീട് സഭയ്ക്ക് ഏറെ പ്രയോജനകരമായി. വിപുലമായ വായനയും സംവാദങ്ങളും യാത്രകളും വഴി ഓരോ സഭാ സമൂഹത്തിന്റെയും പ്രത്യേകതകൾ അദ്ദേഹം അടുത്തറിഞ്ഞു. ആഗോള സഭയുടെയും ഭാരത സഭയുടെയും മലങ്കര സഭയുടെയും ചരിത്രവും പൈതൃകങ്ങളും അദ്ദേഹത്തിന് നല്ല ബോധ്യമുണ്ടായിരുന്നു.

വിഭജിക്കപ്പെട്ട ലോകത്തിൽ സമാധാനവും അനുരഞ്ജനവും ഉണ്ടാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾ അനുരഞ്ജനത്തിനും ഐക്യത്തിനുമുള്ള സന്ദേശം മുന്നോട്ടുവയ്ക്കുന്നവയായിരിക്കണം. ക്രിസ്തീയ സഭയിലെ ആഭ്യന്തര ഭിന്നതകൾ അവസാനിക്കണം, സഭകൾ തമ്മിൽ ഐക്യമുണ്ടാകണം, അതിനായി എല്ലാവരും പ്രാർത്ഥിക്കണം എന്നും തിരുമേനി ആവശ്യപ്പെട്ടു. എന്നാൽ, ആ ഐക്യം വിശ്വാസം, തത്വങ്ങൾ, കൂദാശകൾ, പൗരോഹിത്യം, ആരാധന എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം. വിശ്വാസത്തിൽ ഐക്യമുണ്ടാകുമ്പോഴാണ് യോജിപ്പിനുള്ള ചർച്ചകൾ തുടങ്ങുന്നത്. അതിന്റെ പൂർത്തീകരണം വിശുദ്ധ കുർബാനയിലാണ്. അല്ലാത്ത പക്ഷം എക്യുമെനിക്കൽ പ്രസ്ഥാനം വഴി ലക്ഷ്യമിടുന്ന ഐക്യം ഉപരിപ്ലവമായി തീരുമെന്ന മലങ്കര സഭയുടെ നിലപാട് തിരുമേനി സമ്മേളനങ്ങളിൽ വ്യക്തമാക്കി. വേദശാസ്ത്ര സംവാദവും, പരസ്പര ബഹുമാനവും, ഐക്യത്തോടുകൂടിയ ക്രിസ്തീയ സാക്ഷ്യവും ഇതിലൂടെ നിർവഹിക്കപ്പെടണം എന്നും, എല്ലാവർക്കും പ്രത്യാശയും ദുർബലർക്ക് കരുത്തും പ്രതിസന്ധിയിൽ വലയുന്നവർക്ക് ആശ്വാസവും നൽകാൻ ശ്രമിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

എക്യുമെനിക്കൽ പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുമ്പോൾ സഭയുടെ വിശ്വാസത്തിലും പാരമ്പര്യത്തിലും കുറവ് വരാതിരിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. വേദ വിപരീതികളുമായി കൗദാശിക ബന്ധം സ്ഥാപിക്കുന്നത് സഭയ്ക്ക് ദോഷകരമാണെന്ന് തിരുമേനി നിരീക്ഷിച്ചു. ഇത്തരം ബന്ധങ്ങളിലൂടെ ഓർത്തഡോക്സ് സഭ അതിന്റെ അടിസ്ഥാന തത്വങ്ങളിൽനിന്ന് ഒരിക്കലും വ്യതിചലിക്കരുത് എന്നും, കലർപ്പുകൾ ഉണ്ടാകാതിരിക്കാൻ സൂക്ഷിക്കണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. അപ്പോസ്തോലന്മാരിൽനിന്ന് നമുക്ക് ലഭിച്ച സത്യവിശ്വാസവും പാരമ്പര്യങ്ങളും തള്ളിക്കളയാതെ നിലനിർത്തണം. മറ്റു സഭകൾക്കിടയിൽ മലങ്കര സഭയ്ക്ക് ലഭിക്കുന്ന ആദരവിന്റെ കാരണം ഇതാണെന്ന് അദ്ദേഹം പറഞ്ഞു.

സഭകൾ തമ്മിലുള്ള ഐക്യത്തിനും സഹവർത്തനത്തിനും ഏറ്റവും വലിയ വെല്ലുവിളി റീത്ത് പ്രസ്ഥാനമാണെന്ന് തിരുമേനി തിരിച്ചറിഞ്ഞു. റോമൻ കത്തോലിക്കാ സഭയുടെ നേതൃത്വപരമായ ഇടപെടലുകൾ ക്രൈസ്തവ സഭയുടെ അന്തരീക്ഷം കലുഷിതമാക്കുന്നു എന്ന വിമർശനവും അദ്ദേഹം ഉന്നയിച്ചു. എന്നാൽ, ചർച്ചകൾ അനിവാര്യമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. റോമിലെ പാപ്പായുടെ അപ്രമാദിത്വം അദ്ദേഹം ഒരിക്കലും അംഗീകരിച്ചില്ല. ഇത്തരം നടപടികൾ അപ്പോസ്തോലിക സഭയുടെ ശൈലിയല്ല. മലങ്കര സഭ ഒരു കാതോലിക സഭയാണ്. അതിനാൽ ഈ സഭയ്ക്ക് വിശാലമായ മാനങ്ങളുണ്ട്. റോമൻ കത്തോലിക്കാ സഭയിൽ ലയിച്ച് ഒരു റീത്തായി തീർന്നാൽ 'കാതോലികത' എന്ന വിശാലത പ്രത്യേകമായി മലങ്കര സഭയ്ക്ക് കൈവരികയില്ലെന്ന് തിരുമേനി ഓർമ്മിപ്പിച്ചു.

ഓറിയന്റൽ ഓർത്തഡോക്സ്-ബൈസന്റൈൻ ഓർത്തഡോക്സ് സഭകൾ തമ്മിൽ ഐക്യമുണ്ടാകണമെന്ന് അദ്ദേഹം ഏറെ ആഗ്രഹിച്ചു. ഇരുസഭകൾക്കും ഇടയിലുള്ള ക്രിസ്തുശാസ്ത്രപരമായ തെറ്റിദ്ധാരണകൾ മാറേണ്ടതാണ്. അവരുമായുള്ള നമ്മുടെ ബന്ധം സജീവമായി തുടരുന്നത് നല്ലതാണെന്ന് തന്റെ അന്ത്യകൽപ്പനയിൽ തിരുമേനി ഓർമ്മിപ്പിച്ചു. ഇങ്ങനെ, പരസ്പര സഹകരണവും ബഹുമാനവും നിലനിർത്തിക്കൊണ്ടും, മലങ്കര ഓർത്തഡോക്സ് സഭയുടെ വിശ്വാസത്തിനും പൈതൃകത്തിനും കോട്ടം വരാതെയുമുള്ള സംവാദങ്ങൾക്കും പ്രവർത്തനങ്ങൾക്കും തിരുമേനി തുടക്കം കുറിച്ചു.

### ദർശകൻ

തേവോദോസിയോസ് തിരുമേനി സഭയെയും സമൂഹത്തെയും ബാധിക്കുന്ന വിഷയങ്ങൾ ശ്രദ്ധാപൂർവ്വം വിലയിരുത്തി തന്റെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിരുന്ന ഒരു വ്യക്തിത്വമായിരുന്നു. വിപുലമായ വായനയിലൂടെ ഏത് വിഷയത്തെക്കുറിച്ചും വ്യക്തമായ വിശകലനവും തയ്യാറെടുപ്പും നടത്തിയതിന് ശേഷമാണ് അദ്ദേഹം പ്രസംഗിച്ചിരുന്നത്. ദീർഘമായ ആലോചനയ്ക്കും പ്രാർത്ഥനയ്ക്കും ശേഷം ഉചിതമായ നിലപാടുകൾ അദ്ദേഹം സ്വീകരിച്ചു. ഇത്, ആഭ്യന്തരവും അന്തർദേശീയവുമായ വിഷയങ്ങളിൽ തിരുമേനി നടത്തിയ നിരീക്ഷണങ്ങളിൽ നിന്ന് വ്യക്തമാണ്. ക്രിസ്തീയ സഭയുടെ വിശ്വാസം, ചരിത്രം, ആചാരാനുഷ്ഠാനങ്ങൾ എന്നിവയിൽ അദ്ദേഹത്തിന് നല്ല അറിവുണ്ടായിരുന്നു. ദേശീയവും അന്തർദേശീയവുമായ യാത്രകൾ അദ്ദേഹത്തിന് വലിയ അനുഭവ സമ്പത്ത് നൽകി. എല്ലാ മനുഷ്യരും ഒരു കുടുംബത്തിലെ അംഗങ്ങളാണെന്നും, ക്രിസ്തീയ സഭ സാർവത്രികമാണെന്നും തിരുമേനി ഊന്നിപ്പറഞ്ഞു.

യുവജനത്തെ സഭയോട് ചേർത്ത് നിർത്താൻ താല്പര്യപൂർവ്വം പരിശ്രമിച്ചു. കോൺഫറൻസുകളിലും ക്യാമ്പുകളിലും മുടങ്ങാതെ പങ്കെടുക്കുകയും നേതൃത്വം നൽകുകയും ചെയ്ത തിരുമേനി, സന്യാസപ്രസ്ഥാനത്തിലേക്കും സഭാശുശ്രൂഷയിലേക്കും അനേകം സ്ത്രീ-പുരുഷന്മാരെ ക്ഷണിച്ചു. ഇംഗ്ലണ്ടിലെ കൗളി ഫാദേഴ്സിനെ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ സമ്മേളനങ്ങളിൽ ക്ലാസുകൾ നയിക്കാൻ അദ്ദേഹം ക്ഷണിച്ചു. സഭാശുശ്രൂഷയിൽ താല്പര്യമുള്ളവർക്ക് അദ്ദേഹം പ്രത്യേക പരിഗണന നൽകി. കത്തുകളിലൂടെ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി അവരെ ചേർത്തുനിർത്തി. ഇപ്രകാരം തിരുമേനിയുടെ താൽപര്യത്തിൽ വളർന്നുവന്നതാണ് ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ.

കുടുംബജീവിതത്തിന്റെ ധാർമ്മിക നിലവാരം, ഇതര സഭകളിൽ നിന്നുള്ള വിവാഹബന്ധം, വിവാഹമോചനം, സന്താനനിയന്ത്രണം എന്നീ വിഷയങ്ങളിൽ തിരുമേനി തന്റെ അഭിപ്രായങ്ങൾ വ്യക്തമാക്കി. 1950 നവംബർ 19-ന് തിരുവനന്തപുരം സെന്റ് ജോർജ് പള്ളിയുടെ ജൂബിലി മീറ്റിങ്ങിൽ നടത്തിയ പ്രസംഗത്തിൽ നേതൃസ്ഥാനത്തേക്ക് കടന്നുവരുന്നവരെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാട് അദ്ദേഹം പങ്കുവെച്ചു. 'സ്വഭാവദാർഢ്യമില്ലാത്തവരുടെ നേതൃത്വം സഭയ്ക്കും, സമുദായത്തിനും, രാഷ്ട്രത്തിനും ഒരുപോലെ ആപൽക്കരമാണെന്ന് നാം ധരിക്കേണ്ടതാകുന്നു'. ഇതേ പ്രസംഗത്തിൽ ഭാരതത്തിലെ ക്രിസ്തീയ സാക്ഷ്യത്തെക്കുറിച്ചുള്ള ദർശനവും അദ്ദേഹം പങ്കുവെച്ചു. 'ഭാരതത്തിൽ പൊതുവെയും വിശിഷ്യാ നമ്മുടെ ഈ രാജ്യത്തും ഉള്ള സാമൂഹ്യമോ, സാമ്പത്തികമോ, രാഷ്ട്രീയമോ ആയ അവശതകൾ നാം യഥാർത്ഥത്തിൽ നല്ല ക്രിസ്ത്യാനികളായിത്തീരുന്നതിനുള്ള ഒരു ആഹ്വാനമായി നാം കരുതേണ്ടതാകുന്നു'. ഇന്ത്യയിലെ ക്രിസ്ത്യാനികളുടെ സാക്ഷ്യ ജീവിതത്തെക്കുറിച്ച് തിരുമേനിയുടെ ദർശനം ഇങ്ങനെയായിരുന്നു: 'ക്രിസ്ത്യാനികൾക്കു വർഗ്ഗീയത ഉണ്ടായിരിക്കാൻ പാടില്ല; ഉണ്ടായിരിക്കയുമരുത്. കുറഞ്ഞപക്ഷം സാമൂഹ്യവും, സാമ്പത്തികവും, രാഷ്ട്രീയവുമായ കാര്യങ്ങളിലെങ്കിലും വർണ്ണ, വർഗ്ഗ, വിശ്വാസവ്യത്യാസമെന്യേ എല്ലാ ക്രിസ്ത്യാനികളും ലോകത്തിന്റെ പൊതു നന്മയ്ക്കായി പരസ്പരം സംഘടിച്ച ഒരുമിച്ചു പ്രവർത്തിക്കേണ്ടതാണ്'.

ഇടയ ശുശ്രൂഷയെക്കുറിച്ചുള്ള തന്റെ ദർശനം മറ്റൊരു അവസരത്തിൽ തിരുമേനി ഇങ്ങനെ പങ്കുവെച്ചു: 'വിദ്യാസമ്പന്നതയും ദൈവസ്നേഹവും ത്യാഗസന്നദ്ധതയുമുള്ള പട്ടക്കാരുടെ നിസ്വാർത്ഥമായ സേവനം കൊണ്ടല്ലാതെ

യാതൊരു സഭയും കാര്യമായ നിലയിൽ ഉയർച്ച പ്രാപിക്കുന്നതല്ല. നമ്മുടെ കർത്താവിനോടൊന്നിച്ച് തന്റെ രാജ്യമഹത്വത്തിനും വിപുലതയ്ക്കുമായി പ്രയത്നിക്കുകയും സഹകരിക്കുകയും ചെയ്യുന്നതിനേക്കാൾ ശ്രേഷ്ഠമായ ഒരു പദവി ഒരു മനുഷ്യനും ലഭിക്കാനില്ല'.

**ഉപസംഹാരം**

മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് വേണ്ടി ജീവിതത്തിലുടനീളം നിലപാടെടുത്തതുകൊണ്ട് ധീരനും ദീർഘവീക്ഷണമുള്ളവനുമായ മാർ തേവോദോസിയോസ് തിരുമേനിക്ക് ധാരാളം പ്രതിസന്ധികൾ നേരിടേണ്ടി വന്നു. എങ്കിലും, പ്രാർത്ഥനയിലും ധ്യാനത്തിലും സന്യാസനിഷ്ഠയിലും മുഴുകി ദൈവത്തിൽ നിന്ന് ശക്തി സ്വീകരിച്ച ഈ പിതാവ് സ്ഥിരത്സാഹത്തോടെ മുന്നോട്ട് പോയി. ഇതിലൂടെ അനേകരെ ആകർഷിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഓർത്തഡോക്സ് സഭയുടെ വിശ്വാസവും പൈതൃകവും പാരമ്പര്യങ്ങളും ശരിയായ രീതിയിൽ മനസ്സിലാക്കിയ തിരുമേനി, അവയെ സംരക്ഷിക്കാനും അടുത്ത തലമുറയിലേക്ക് കൈമാറാനും ശ്രദ്ധിച്ചു. ഏകദേശം 30 വർഷത്തോളം ഒറ്റയ്ക്ക് നിൽക്കേണ്ടി വന്നിട്ടും, വീണുപോകാനുള്ള സാധ്യതകൾ ഏറെയുണ്ടായിരുന്നിട്ടും, അദ്ദേഹം ദൈവത്തിൽ ആശ്രയിച്ചു. മലങ്കരയുടെ ധർമ്മയോഗിയായ ബഥനിയുടെ അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ ജീവിതവും സാക്ഷ്യവും ഏവർക്കും ഒരു മാതൃകയാണ്. ഈ പുണ്യശ്ലോകനായ പിതാവിന്റെ മധ്യസ്ഥത നമുക്ക് തുണയായിരിക്കട്ടെ.

**BIBLIOGRAPHY**

ചന്ദനപ്പള്ളി, സാമുവൽ, *മലങ്കര സഭാ പിതാക്കന്മാർ, വാല്യം 2*, ചന്ദനപ്പള്ളി: സിഡീസ് ബുക്സ്, 2012.

തോമസ്, എം. കുര്യൻ (എഡിറ്റർ), *ആബോ അലക്സിയോസ്: നദീതുല്യം ശാന്തം*, കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭാ പ്രസിദ്ധീകരണ വകുപ്പ്, 2015.

**മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗമായ എം.ഒ.സി. പബ്ലിക്കേഷൻസ് സെക്രട്ടറിയായി 11 വർഷക്കാലം സ്തുത്യർഹമായി സേവനമനുഷ്ഠിച്ച ജോസഫ് കുര്യാക്കോസ് പാമ്പാടിക്കണ്ടത്തിലച്ചനെ ബോർഡ് മീറ്റിംഗിൽ പ്രസിഡന്റ് ഡോ യാക്കോബ് മാർ ഐറേനിയസ് മെത്രാപ്പോലീത്താ പൊന്നാട അണിയിച്ച് ആദരിച്ചു.**

**ബാങ്കോക്ക് കൺവെൻഷനിൽ വേൾഡ് മലയാളി കൗൺസിലിന്റെ ഗ്ലോബൽ വൈസ് പ്രസിഡന്റായി വീണ്ടും ഏകകണ്ഠമായി തിരഞ്ഞെടുക്കപ്പെട്ട ജോൺ ശാമുവേൽ. മുൻ സഭാ മാനേജിംഗ് കമ്മിറ്റിയംഗമാണ്.**

## പരുമലയിൽ അത്യാധുനിക വെർസാന ഇന്റർവെൻഷണൽ അൾട്രാസൗണ്ട് സ്കാനർ; ഇന്റർവെൻഷണൽ റേഡിയോളജി ചികിത്സകൾ ഇനി കൂടുതൽ കൃത്യം

തിരുവല്ല: പരുമല ഇന്റർവെൻഷണൽ റേഡിയോളജി (IR) വിഭാഗത്തിൽ ഈ മേഖലയിലെ ഏറ്റവും നൂതനമായ വെർസാന പ്രീമിയർ അൾട്രാസൗണ്ട് സ്കാനറുടെ പ്രവർത്തനമാരംഭിച്ചു. മധ്യ തിരുവിതാംകൂറിൽ ആദ്യമായി ഈ സാങ്കേതികവിദ്യ ലഭ്യമാകുന്നത് പരുമല ആശുപത്രിയാണ്. സാധാരണ അൾട്രാസൗണ്ട് സ്കാനിംഗിൽ നിന്ന് വ്യത്യസ്തമായി, വെർസാന പ്രീമിയർ അൾട്രാസൗണ്ട് സ്കാനർ ഉപയോഗിച്ച് ഇന്റർവെൻഷണൽ റേഡിയോളജിസ്റ്റ് തന്നെ നേരിട്ട് സ്കാനിംഗ് നടത്തുന്നു. ഇത് ശസ്ത്രക്രിയയ്ക്കും മറ്റ് ചികിത്സാ നടപടികൾക്കും ആവശ്യമായ ചിത്രങ്ങൾ തത്സമയം ലഭ്യമാക്കുന്നതിലൂടെ ചികിത്സ കൂടുതൽ വേഗത്തിലും കൃത്യതയോടെയും പൂർത്തിയാക്കാൻ സാധിക്കും. CrossXBeam, SRI-HD പോലുള്ള നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഉദരം, കരൾ, ഗർഭാശയം, വൃക്കകൾ, രക്തക്കുഴലുകൾ, പേശീ-അസ്ഥി സംബന്ധമായ പ്രശ്നങ്ങൾ, വെരിക്കോസ് വെയിൻ, പ്രോസ്റ്റേറ്റ് തുടങ്ങി വിവിധ തരം രോഗനിർണയങ്ങൾക്കും, ചെറിയ രോഗാവസ്ഥകൾ പോലും കൃത്യമായി തിരിച്ചറിയാൻ സഹായിക്കും.

"നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല."

-പ. പരുമല തിരുമേനി

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

# ത്യാഗത്തിന്റെ പാദമുദ്ര

## ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

മലങ്കര ഓർത്തഡോക്സ് സഭയിൽ അസോസിയേഷൻ സെക്രട്ടറിയായി ധീരനേതൃത്വം നൽകിയ മഹത് വ്യക്തിത്വമാണ് പറക്കോട് അമ്പിയിൽ എ. കെ. തോമസ്. വിവിധങ്ങളായ നൂതന പദ്ധതികൾ ആവിഷ്കരിച്ച് സഭയുടെ സമഗ്രമായ വികസനത്തിന് മാർഗ്ഗം പകർന്ന എ. കെ. തോമസ് 1994 ജൂൺ 30 -നാണ് അസോസിയേഷൻ സെക്രട്ടറിയാകുന്നത്. 2002 ആഗസ്റ്റ് 9 വരെ സ്തുത്യർഹമായി സഭാശുശ്രൂഷയിൽ ജാഗ്രത പുലർത്തി. 1994 മെയ് 26-ന് പരുമലയിൽ നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ മാനേജിംഗ് കമ്മിറ്റി അംഗമായി പഞ്ചായത്ത് ഡയറക്ടറായിരുന്ന എ. കെ. തോമസിനെ നോമിനേറ്റ് ചെയ്തിരുന്നു.

രണ്ടാം സമുദായ കേസിന്റെ വിധി 1995 ജൂൺ 20-ന് വന്ന പശ്ചാത്തലത്തിലും 2001 നവംബർ 28-ലെ സുപ്രീംകോടതി ഉത്തരവ് അനുസരിച്ചും സുപ്രീംകോടതി നിയമിച്ച നിരീക്ഷകൻ ജസ്റ്റീസ് വി. എസ്. മളീമഠിന്റെ അംഗീകാരത്തോടും കൂടി 2002 മാർച്ച് 20-ന് നടത്തിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന് മുഖ്യ നേതൃത്വം നൽകിയത് അസോസിയേഷൻ സെക്രട്ടറിയായ എ. കെ. തോമസാണ്. അദ്ദേഹം സെക്രട്ടറി സ്ഥാനം വഹിച്ച 1994 മുതൽ 2002 വരെയുള്ള കാലഘട്ടം സമുദായകേസിന്റെയും മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ നടത്തിപ്പിന്റെയും പുതിയ ഒരു അദ്ധ്യായം ആരംഭിച്ചു. *മലങ്കര അസോസിയേഷൻ യോഗം 2002 മാർച്ച് 20-ന് പരുമലയിൽ കാര്യക്ഷമമായും, സ്വതന്ത്രവും നീതിപൂർവ്വകവുമായ വിധവും വിളിച്ചു ചേർത്തു എന്നാണ്* ജസ്റ്റീസ് വി. എസ്. മളീമഠ് സുപ്രീംകോടതിക്ക് റിപ്പോർട്ട് ചെയ്തത്.

മലങ്കര മെത്രാപ്പോലീത്താ ആര് എന്ന് തീരുമാനിക്കാനായി നടത്തിയ രഹസ്യ വോട്ടെടുപ്പിൽ പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഒൻപതിനെതിരെ 3464-ന്റെ തകർപ്പൻ ഭൂരിപക്ഷത്തോടെ തീരുമാനിക്കപ്പെട്ടു. വി. എസ്. മളീമഠ് എഴുതി:

*'തീരുമാനം സ്വതന്ത്രവും നീതിപൂർവ്വകവുമായിരുന്നു. (തെരഞ്ഞെടുപ്പു) ഫലം ശരിയായിരുന്നു. ഫലം പ്രഖ്യാപിക്കുന്നതിനു മുമ്പായി ഞാൻ അത് സ്വീകരിക്കുകയും ചെയ്തു'* (മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ: ചരിത്രം, രേഖകൾ, ഡെറിൻ രാജു, 2021:612).

ആധുനിക മലങ്കരസഭാ ചരിത്രത്തിലെ സുപ്രധാന സമ്മേളനമായിരുന്നു പരുമല സെമിനാരിയിൽ കൂടിയ 2002-ലെ മലങ്കര അസോസിയേഷൻ യോഗം. ഇതിന്റെ വിജയകരമായ നടത്തിപ്പിന് സൂത്രധാരത്വം വഹിച്ചത് അസോസിയേഷൻ സെക്രട്ടറി എ. കെ. തോമസായിരുന്നു. പ. മാത്യൂസ് ദ്വിതീയൻ ബാവായുടെ ഉത്തമ വിശ്വസ്ഥൻ എന്ന നിലയിൽ കർമ്മപദ്ധതികൾ നീതിപൂർവ്വവും സുതാര്യമായും നിർവ്വഹിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

സഭാ കേസിൽ 1995-ലെ സുപ്രീംകോടതി വിധിയെ തുടർന്ന് അഞ്ചു വർഷ കാലാവധിയുള്ള മലങ്കര അസോസിയേഷനും മാനേജിംഗ് കമ്മിറ്റിയും നിലവിൽ വന്നത് 2006-ലെ ഭരണഘടനാ ഭേദഗതിയോടു കൂടിയാണ്. അതിന് മുമ്പ് കൂട്ടു ട്രസ്റ്റിമാർക്ക് കാലാവധി ഉണ്ടായിരുന്നില്ല. എ. കെ. തോമസ് അസോസിയേഷൻ സെക്രട്ടറി എന്ന നിലയിൽ (1994-2002) നടത്തിയ ധീരമായ ഇടപെടലും നടത്തിപ്പുമാണ് ഈ രംഗത്ത് സമഗ്രമായ മാറ്റങ്ങൾക്കിടയാക്കിയത്.

അമ്പിയിൽ എ. കെ. തോമസിന്റെ സഭാദർശനങ്ങൾ തിരിച്ചറിയുവാനുള്ള സുപ്രധാന മാർഗ്ഗരേഖയാണ് അസോസിയേഷൻ സെക്രട്ടറി എന്ന നിലയിൽ നടത്തിയ *ബഡ്ജറ്റ് പ്രസംഗങ്ങൾ*. സഭയുടെ സാമ്പത്തിക രേഖകളുടെ സമഗ്ര സ്വഭാവവും കർമ്മ പദ്ധതികളും തിരിച്ചറിയുവാൻ ബഡ്ജറ്റ് പ്രസംഗങ്ങൾ സഹായിക്കും. സഭയുടെ വിവിധ ഷെഡ്യൂളിൽപെട്ട സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെ കണക്കുകൾ ഇതിൽ ഉൾച്ചേർത്തിട്ടുണ്ട്.

സഭയിലെ പ്രധാന ചെലവുകളെക്കുറിച്ച് 2021 മെയ് 17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ എ. കെ. തോമസ് രേഖപ്പെടുത്തുന്നുണ്ട്: *'സഭയുടെ അനിവാര്യമായ ചെലവുകൾ, വൈദിക ശമ്പള സബ്സിഡി, അവികസിത പള്ളികൾക്കുള്ള സാമ്പത്തിക സഹായം, കാതോലിക്കേറ്റ് ഓഫീസ്, കാതോലിക്കേറ്റ് അരമന ചെലവുകൾ മെത്രാസനങ്ങൾക്കുള്ള വിഹിതം, ഗ്രാന്റുകൾ എന്നിവയാണ് പ്രധാന ചെലവുകൾ'* (പേജ് 3-4). ഇവയെല്ലാം കൃത്യമായി നീതിപൂർവ്വം വിനിമയം ചെയ്യുവാൻ എ. കെ. തോമസ് ശ്രദ്ധിച്ചിരുന്നു.

അസോസിയേഷൻ സെക്രട്ടറി എന്ന നിലയിൽ എ. കെ. തോമസ് ഏഴ് ബഡ്ജറ്റ് പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിയുടെ പ്രഥമ ബജറ്റ് (1995-96) അവതരിപ്പിക്കുന്നത് 1995 ഏപ്രിൽ 27-നാണ്. തുടർന്ന് 2002 മെയ് 17 വരെ സാമ്പത്തിക രേഖയായ ബഡ്ജറ്റ് പ്രസംഗങ്ങൾ ഹൃദ്യമായി അവതരിപ്പിച്ചു. എ. കെ. തോമസ് 1995-ൽ 22 കോടിയുടെ ബജറ്റ് അവതരിപ്പിച്ചു. 2001-ൽ 58 കോടിയുടെ ബജറ്റാണ് അദ്ദേഹം അവതരിപ്പിച്ചത്.

മലങ്കരസഭയുടെ സാമ്പത്തിക രേഖ എ, ബി, സി, ഡി വിഭാഗങ്ങളായി ബഡ്ജറ്റിൽ തരംതിരിച്ചിരിക്കുന്നു. ഇതിൽ മാനേജിംഗ് കമ്മിറ്റിക്ക് നേരിട്ട് ഉത്തരവാദിത്വവും നിയന്ത്രണവും ഉള്ളത് എ ഷെഡ്യൂളിൽപ്പെട്ടവ മാത്രമാണ്. ബഡ്ജറ്റിന്റെ ഘടനയിൽ മാനേജിംഗ് കമ്മിറ്റിയുടെ നിയന്ത്രണത്തിലുള്ള 15 സ്ഥാപനങ്ങളും ബി യിൽ എപ്പിസ്കോപ്പൻ സുന്നഹദോസിന്റെ നേരിട്ടുള്ള ഭരണത്തിലുള്ള 65 സ്ഥാപനങ്ങളും ഡി യിൽ സഭയുടെ നിയന്ത്രണത്തിലുള്ള 10


എ. കെ. തോമസും മലങ്കര സഭയും
എഡിറ്റർ: ഡോ. വർഗീസ് പേരയിൽ
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അസോസിയേഷൻ സെക്രട്ടറി, കേരള പഞ്ചായത്ത് ഡയറക്ടർ, പി.എസ്.സി. അംഗം, ശമ്പള പരിഷ്കരണ കമ്മീഷൻ അംഗം തുടങ്ങിയ വിവിധ മേഖലകളിൽ പ്രശസ്തനായ അടൂർ പാക്കോട് അമ്പിയിൽ എ. കെ. തോമസിന്റെ ജീവിതവും പ്രവർത്തനങ്ങളും ഈ ഗ്രന്ഥത്തിൽ ഇതൾ വിരിയുന്നു. മലങ്കര സഭയെ ജീവനുതുല്യം സ്നേഹിച്ച അതുല്യ നേതാവായ എ. കെ. തോമസിന്റെ കർമ്മ ജീവിതം ഈ പുസ്തകത്തിൽ അനാവരണം ചെയ്യുന്നു.
അവതാരിക: ഡോ. പോൾ മണലിൽ
പ്രസാധനം:
പീടികയിൽ ബുക്ക് ഹൗസ്
പരുമല
എ. കെ. തോമസും മലങ്കര സഭയും
എഡിറ്റർ: ഡോ. വർഗീസ് പേരയിൽ

സ്ഥാപനങ്ങളും സി യിൽ മെത്രാസന പൊതുയോഗം പാസ്സാക്കുന്ന 20 മെത്രാസനങ്ങളുടെ കണക്കും ഉൾക്കൊള്ളുന്നു.

എ. കെ. തോമസിന്റെ പ്രഥമ ബജറ്റിൽ 40 ലക്ഷം രൂപയാണ് കാതോലിക്കാ ദിനപ്പിരിവായി ബജറ്റ് ചെയ്തത്. എന്നാൽ 'ഒരു കോടി രൂപാ ഈ ഇനത്തിൽ ശേഖരിക്കുവാൻ കഴിയണമെന്ന് എ. കെ. തോമസ് 1995-ൽ നിർദ്ദേശിക്കുന്നു' (പേജ് 5). 1992 മുതൽ ആരംഭിച്ച നാചറൽ കലാമറ്റി ഫണ്ട്, 1993-ൽ ആരംഭിച്ച ഭവനസഹായ പദ്ധതി, 1993-ൽ ആരംഭിച്ച സമൂഹ വിവാഹ പദ്ധതി, മാനവ വികസന പ്രവർത്തനങ്ങൾ, മിഷൻ പ്രവർത്തനങ്ങൾ എന്നിവ എ. കെ. തോമസ് തുടർപദ്ധതിയായി വിഭാവനം ചെയ്തിരുന്നു.

1997-ലെ ബജറ്റ് പ്രസംഗത്തിൽ 1996-ലെ സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ എ. കെ. തോമസ് "... സുപ്രീംകോടതിവിധിയുടെ വെളിച്ചത്തിൽ സഭാകേസുകൾ എല്ലാം അവസാനിച്ച്, ഒന്നായ ഒരു സഭയുടെ ചിരകാലസ്വപ്നം സാക്ഷാത്കരിക്കാൻ സംഗതിയാകട്ടെ' എന്ന് ആഹ്വാനം ചെയ്യുന്നു. എന്നാൽ 2000 മെയ് 12-ന് അവതരിപ്പിച്ച ബജറ്റ് പ്രസംഗത്തിൽ; സഭാ സമാധാനത്തിനുള്ള ആലോചനകളും ശ്രമവും നടപ്പുവർഷവും തുടർന്നുകൊണ്ടിരുന്നു. ഇക്കാര്യത്തിൽ കുറെ പുരോഗതി ഉണ്ടായി എങ്കിലും വിജയത്തിലെത്താൻ സാധിക്കാതിരിക്കുന്നു എന്നുള്ള ദുഃഖസത്യം നിലനിൽക്കുകയാണ് (പേജ് 3).

മലങ്കരസഭയിലെ വ്യവഹാര പരമ്പരയ്ക്ക് ഒരു തിരശ്ശീല വീഴുമെന്ന് ഏവരും കരുതിയിരുന്നു എന്ന് എ. കെ. തോമസിന്റെ 2001 മെയ് 17-ലെ പ്രസംഗത്തിൽ പറയുന്നു. എന്നാൽ അപ്രതീക്ഷിതമായി ഉണ്ടായ തടസ്സങ്ങൾ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ നടത്തിപ്പിലും ഉണ്ടായി. എ. കെ. തോമസ് പറഞ്ഞു: *'സത്യം ജയിക്കും എന്നും ദൈവകൃപ നമ്മേ തളരാതെ തുടർന്നും നടത്തുമെന്നും നമുക്ക് പൂർണ്ണമായും വിശ്വസിക്കാം'* (പേജ് 3).

എ. കെ. തോമസ് 2001-ൽ സഭാകേസിൽ 'സത്യം ജയിക്കും' എന്ന് സ്വപ്നം കണ്ടത് 2017 ജൂലൈ 3-ന് യാഥാർത്ഥ്യമായി.

അസോസിയേഷൻ സെക്രട്ടറിയായി എ. കെ. തോമസ് പ്രവർത്തിച്ച കാലഘട്ടത്തിൽ ബഡ്ജറ്റ് പ്രസംഗത്തിലൂടെ അവതരിപ്പിച്ച നൂതന പദ്ധതികൾ താഴെ പ്പറയുന്നവയാണ്:

കാതോലിക്കേറ്റ് സ്റ്റഡി സെന്റർ കോട്ടയം (1995-1999), കാതോലിക്കേറ്റ് അരമന കവാടത്തിന് ആർച്ച് (1995), 1996 വൈദിക വർഷമായി പ്രഖ്യാപനം (1995), ഭിലായിൽ ഒരു പെറ്റി സെമിനാരി (1995), വൈദിക ക്ഷേമത്തിനായി ഒരു കോടി രൂപാ സമാഹരിക്കുക (1996. 20 ലക്ഷം രൂപ ശേഖരിച്ചു), 1992-ൽ ആരംഭിച്ച തിരുവനന്തപുരം സിവിൽ സർവ്വീസ് അക്കാഡമിക്ക് പുതിയ ക്രമീകരണം (1996), ദിവ്യബോധനം പഠനം പാസ്സായവരുടെ സേവനം സഭയിൽ ഉപയോഗിക്കണം (1997), കലഹണ്ടിയിൽ 40 ഏക്കർ സ്ഥലം സമ്പാദിച്ച് ബാലഭവൻ, ആശുപത്രി... (1996), കാതോലിക്കാ ദിനപിരിവ് ടാർജറ്റിൽ കവിഞ്ഞു കിട്ടുന്നത് ശമ്പളപരിഷ്കരണത്തിനായി നൽകണം (1997), വൈദിക ശമ്പളം പരിഷ്കരണം (1998), മലങ്കരസഭ കുഷാൽ നഗറിൽ 1998-ൽ വാങ്ങിയ 50 ഏക്കർ സ്ഥലം വിൽക്കാനുള്ള നടപടി (1998), കോട്ടയത്ത്, പബ്ലിക് സ്കൂൾ ആരംഭിക്കണം (1998. ദേവലോകം മാർ ബസേലിയോസ് പബ്ലിക് സ്കൂൾ 2001 മുതൽ പ്രവർത്തനം ആരംഭിച്ചു), പഴയസെമിനാരിയിൽ സ്മൃതി സമുച്ചയ നിർമ്മാണം (1998), പ. മാത്യൂസ് ദ്വിതീയൻ ബാവായുടെ ജന്മശതാഭിഷേകത്തോടു അനുബന്ധിച്ച് 15,000 രൂപ വീതം 34 വിവാഹങ്ങൾക്ക് ധനസഹായം, മാനവ ശാക്തീകരണ വിഭാഗം ആരംഭിച്ചു (1999), പരുമല പള്ളിയുടെ പുനർനിർമ്മാണം (1999), ഒറീസാ സൈക്ലോൺ റിലീഫ് ഫണ്ടും, കട്ടക്ക് ഗ്രാമം ദത്തെടുക്കലും 40 വീടുകളുടെ നിർമ്മാണവും (2000), പുതുക്കി പണിത പരുമല പള്ളിയുടെ കൂദാശ (2000 ഒക്ടോബർ 27, 28), പീരുമേട് എൻജിനീയറിംഗ് കോളജ് (2001. 2001 സെപ്റ്റംബറിൽ ക്ലാസ് ആരംഭിച്ചു), ആർദ്ര സോഷ്യൽ സർവ്വീസ് സൊസൈറ്റി രജിസ്റ്റർ ചെയ്തു പ്രവർത്തനം (2001) എന്നിവ എ. കെ. തോമസിന്റെ കർമ്മപന്ഥാവിലെ പാദമുദ്രകളാണ്.

**ഉപസംഹാരം**

മലങ്കരസഭയിൽ ആത്മീയ നവോത്ഥാനത്തെക്കുറിച്ചും, അത്മായ വേദശാസ്ത്രപദ്ധതിയായ ദിവ്യബോധനത്തെക്കുറിച്ചും എല്ലാ ബഡ്ജറ്റ് പ്രസംഗത്തിലും അദ്ദേഹം എഴുതിയിരുന്നു. ആദ്യമായി സഭാഡയറക്ടറി പ്രസിദ്ധീകരിക്കുന്നതിനും ശ്രദ്ധിച്ചു. മലങ്കര ഓർത്തഡോക്സ് സഭയുടെ നിരവധി മേഖലകളിൽ വികസനപദ്ധതികൾ ആവിഷ്കരിക്കുവാനും വിദ്യാഭ്യാസ സാമൂഹിക രംഗത്ത് മുന്നേറ്റം സൃഷ്ടിക്കുവാനും കഴിഞ്ഞു. മലങ്കര സഭയ്ക്കായി നടത്തിയ ത്യാഗത്തിന്റെ പാദമുദ്രയാണ് ആ ജീവിതം.

സഭയോടുള്ള പ്രതിബദ്ധതയും സഭാപിതാക്കന്മാരോടു പുലർത്തിയ ഭക്തിയും സംശുദ്ധമായ ജീവിതക്രമവും എ. കെ. തോമസിനെ വ്യത്യസ്തനാക്കി. കേരളത്തിലെ വിവിധ ജില്ലകളിൽ സംസ്ഥാന പഞ്ചായത്ത് ഡയറക്ടറായി ചെയ്ത സേവനവും അനുഭവപരിചയവും സഭാശുശ്രൂഷകൾക്ക് പ്രകാശവേഗത പകർന്നു. ഹൃദയപൂർവ്വം ആദരവുകൾ. ❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH





# ഈസേബെൽ

## സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

ഇസ്രായേൽ രാജാവായ ആഹാബിന്റെ ഭാര്യയായിരുന്നു ഈസേബെൽ രാജ്ഞി. ബൈബിളിൽ, അവരേക്കുറിച്ചുള്ള പരാമർശം പ്രധാനമായും 1 രാജാക്കന്മാരുടെയും 2 രാജാക്കന്മാരുടെയും പുസ്തകങ്ങളിൽ കാണാം. അവൾ ശക്തയായ ഒരു സ്ത്രീയായിരുന്നു, പക്ഷേ അവളുടെ പ്രവൃത്തികൾ പലപ്പോഴും ദുഷ്ടതയും ഇസ്രായേലിൽ വളരെയധികം വേദനയും ഉണ്ടാക്കി. സീദോന്യ രാജാവായ എത്ത്ബാലിന്റെ മകളായിരുന്ന ഈസേബെൽ, വ്യാജദൈവമായ ബാലിന്റെ ആരാധനയും ഇസ്രായേലിൽ കൊണ്ടുവന്നു. ഇസ്രായേലിന്റെ ദൈവത്തെ ആരാധിക്കുന്നതിനു പകരം, വിഗ്രഹങ്ങളെ ആരാധിക്കാൻ അവൾ ജനങ്ങളെ പ്രേരിപ്പിച്ചു.

തിന്മയ്ക്കായി അധികാരം ഉപയോഗിക്കുന്നതിന്റെ അപകടത്തെക്കുറിച്ചും വിഗ്രഹാരാധനയുടെ അനന്തരഫലങ്ങളെക്കുറിച്ചും അഹങ്കാരം എങ്ങനെ നാശത്തിലേക്ക് നയിക്കുമെന്നും ഈസേബെലിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. അവൾ ഒരു രാജ്ഞിയാണെങ്കിലും, ദൈവത്തിന്റെ വഴികൾക്കെതിരെ അവൾ പോരാടിയതിനാൽ ബൈബിളിൽ അവളേക്കുറിച്ചുള്ള പരാമർശം സങ്കടകരമായി അവസാനിക്കുന്നു.

### 1. ഈസേബെൽ: അധാർമ്മികതയുടെ പര്യായം

ഈസേബെൽ ഒരു വിധേയത്വമുള്ള രാജ്ഞിയല്ലായിരുന്നെങ്കിലും ദൃഢനിശ്ചയമുള്ളവളായിരുന്നു, പലപ്പോഴും അവൾ തന്റെ ഭർത്താവായ ആഹാബ് രാജാവിനുവേണ്ടി തീരുമാനങ്ങൾ എടുത്തിരുന്നു. അവൾ അവനെയും രാജ്യത്തെയും നിയന്ത്രിച്ചു. പലപ്പോഴും സൗമ്യയായ ഒരു സഹായിയാകുന്നതിനു പകരം, തെറ്റായ വഴികളിൽ പോലും അവനെ നയിച്ചവളായി അവൾ മാറി. ഈസേബെലിന് കൊട്ടാരത്തിൽ വലിയ സ്വാധീനമുണ്ടായിരുന്നു, മാത്രമല്ല ആഗ്രഹിക്കുന്നത് നേടാൻ പലപ്പോഴും ആ ശക്തി അവൾ ഉപയോഗിച്ചു. ഇതിനുള്ള ഒരു വ്യക്തമായ ഉദാഹരണം ബൈബിളിലെ 1 രാജാക്കന്മാർ 21-ൽ കാണാം. ആഹാബ് രാജാവ് നാബോത്ത് എന്ന വ്യക്തിയുടെ വകയായ ഒരു മുന്തിരിത്തോട്ടം ആഗ്രഹിച്ചു, പക്ഷേ അത് തന്റെ കുടുംബ ഭൂമിയുടെ ഭാഗമായതിനാൽ നാബോത്ത് അത് വിൽക്കാൻ വിസമ്മതിച്ചു. ആഹാബ് അസ്വസ്ഥയായി, സങ്കടത്തോടെ വീട്ടിലേക്ക് പോയി. ഈസേബെൽ ഇത് കണ്ടു കാര്യങ്ങൾ സ്വയം ഏറ്റെടുത്തു. നാബോത്തിനെതിരെ കള്ളക്കുറ്റം ചുമത്തി കൊല്ലാൻ അവൾ ഒരു ദുഷ്ട പദ്ധതി ആസൂത്രണം ചെയ്തു. നാബോത്ത് മരിച്ചതിനുശേഷം, ആഹാബിനോട് പോയി മുന്തിരിത്തോട്ടം ഏറ്റെടുക്കാൻ അവൾ പറഞ്ഞു.

ഈസേബെൽ എത്ര ദൃഢനിശ്ചയം ചെയ്തവളാണെന്ന് ഇത് കാണിക്കുന്നു. തന്റെ ലക്ഷ്യങ്ങൾ നേടുന്നതിനായി അവൾ എന്ത് തെറ്റ് ചെയ്യാനും മടിച്ചില്ല. അവൾ അപകടകരമായ രീതിയിൽ നുണകളും അധികാരവും ഉപയോഗിച്ചു. ഈസേബെലിന്റെ ശക്തിയും നിയന്ത്രണവും വ്യക്തമാക്കുന്നതാണ് അവളുടെ പ്രവൃത്തികൾ പക്ഷേ സങ്കടകരമെന്നു പറയട്ടെ, അവൾ ആ ശക്തിയെ നന്മയ്ക്ക് പകരം തിന്മയ്ക്കായി ഉപയോഗിച്ചു. ശക്തയായാൽ മാത്രം പോരാ; നമ്മുടെ ശക്തി സ്വാർത്ഥതയും ക്രൂരതയുമില്ലാതെ, സത്യസന്ധതയോടും ദയയോടും കൂടി എങ്ങനെ ഉപയോഗിക്കുന്നു എന്നതിലാണ് കാര്യമെന്ന് ഈസേബെലിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

### 2. ക്രൂരതയുടേയും വിഗ്രഹാരാധനയുടേയും പ്രതീകം

ഈസേബെൽ സത്യദൈവത്തെ ആരാധിച്ചിരുന്ന ആളുകളോട് വളരെ ദുഷ്ടതയോടും ക്രൂരതയോടും പെരുമാറിയ വ്യക്തിയായിരുന്നു. അവൾ ദൈവത്തിന്റെ പ്രവാചകന്മാരെ വെറുത്തു, അവരെ ഇല്ലാതാക്കാൻ ആഗ്രഹിച്ചു. അവൾ യഹോവയുടെ പ്രവാചകന്മാരിൽ പലരെയും കൊന്നതായി ബൈബിൾ സാക്ഷ്യം പറയുന്നു (1 രാജാക്കന്മാർ 18:4). ദൈവത്തെ അനുഗമിക്കാൻ മറ്റുള്ളവരെ പഠിപ്പിക്കാൻ ശ്രമിച്ച നല്ല ആളുകളായിരുന്നു ഈ പ്രവാചകന്മാർ. എന്നാൽ ഈസേബെൽ അത് ആഗ്രഹിച്ചില്ല. ബാൽ, അശേര തുടങ്ങിയ വ്യാജ ദൈവങ്ങളെ എല്ലാവരും ആരാധിക്കണമെന്ന് അവൾ ആഗ്രഹിച്ചു. ശരിയായത് ചെയ്യാൻ ആളുകളെ പ്രോത്സാഹിപ്പിക്കുന്നതിനുപകരം, വിഗ്രഹങ്ങളെ ആരാധിച്ചിരുന്ന നൂറുകണക്കിന് വ്യാജ പ്രവാചകന്മാരെ അവൾ പിന്തുണച്ചു. ഈ പ്രവാചകന്മാർ സത്യമോ നന്മയോ പഠിപ്പിച്ചില്ല. ദൈവത്തെ യഥാർത്ഥത്തിൽ സേവിക്കുന്നവരെ നശിപ്പിക്കാൻ ശ്രമിക്കുന്നവർക്ക് ഈസേബെൽ ഭക്ഷണവും പാർപ്പിടവും സംരക്ഷണവും നൽകി.

നീതിയെക്കുറിച്ച് അവൾക്ക് താൽപ്പര്യമില്ലായിരുന്നു. ആരെങ്കിലും അവളുടെ വഴിയിൽ തടസമായി നിന്നാൽ, അവൾ കള്ളം പറയുകയോ അവൾ ആഗ്രഹിക്കുന്നത് നേടാൻ അവരെ കൊല്ലുകയോ ചെയ്യും. നാബോത്തിനെ കൊല ചെയ്തപ്പോൾ (1 രാജാക്കന്മാർ 21) അവൾ ഇത് പ്രകടമാക്കി. സ്വന്തം ആഗ്രഹങ്ങളെയും ശക്തിയെയും കുറിച്ച് മാത്രമേ ഈസേബെൽ ചിന്തിച്ചിരുന്നുള്ളൂ. രാജ്ഞി എന്ന സ്ഥാനം ദുഷ്ടകാര്യങ്ങൾക്കായി അവൾ ഉപയോഗിച്ചു.

ലളിതമായി പറഞ്ഞാൽ, തന്റെ ശക്തി തിന്മയ്ക്കായി ഉപയോഗിച്ച ഒരു സ്ത്രീയായിരുന്നു ഈസേബെൽ. ദൈവദാസന്മാരോട് അവൾ ക്രൂരത കാണിച്ചു, നല്ലതിനെ നശിപ്പിച്ചു, ദേശത്ത് തിന്മ വളരാൻ സഹായിച്ചു. ആരെങ്കിലും ദൈവത്തിനെതിരെ പോകാനും സ്വാർത്ഥവും ദുഷ്ടവുമായ വഴികൾ പിന്തുടരാനും തീരുമാനിക്കുമ്പോൾ എന്ത് സംഭവിക്കുമെന്നതിന്റെ മുന്നറിയിപ്പാണ് അവളുടെ ജീവിതം.

### 3. വിഗ്രഹങ്ങളിൽ പണിത സിംഹാസനം

ഈസേബെൽ വളരെ ദുഷ്ടയായ ഒരു രാജ്ഞിയായി അറിയപ്പെട്ടിരുന്നു, അവൾ ചെയ്ത ഏറ്റവും മോശമായ കാര്യങ്ങളിൽ ഒന്ന് ഇസ്രായേൽ ദേശത്തേക്ക് വിഗ്രഹാരാധന കൊണ്ടുവന്നു എന്നതാണ്. വിഗ്രഹാരാധന എന്നാൽ ഏക സത്യദൈവത്തിനു പകരം വ്യാജദൈവങ്ങളെയോ പ്രതിമകളെയോ ആരാധിക്കുക എന്നതാണ്. ഈസേബെൽ ഇസ്രായേലിൽ നിന്നുള്ളവളല്ല - അവൾ സീദോന്യ ദേശത്ത് നിന്നുള്ളവളായിരുന്നു, അവിടെ ആളുകൾ ബാൽ എന്ന വ്യാജദൈവത്തെ ആരാധിച്ചിരുന്നു. ആഹാബ് രാജാവിനെ വിവാഹം കഴിച്ച ശേഷം, ഈസേബെൽ തന്റെ വ്യാജദൈവങ്ങളെ ഇസ്രായേലിലേക്ക്

കൊണ്ടുവന്നു.

അവൾ തന്റെ വിശ്വാസങ്ങൾ തന്നിൽത്തന്നെ ഒതുക്കിയില്ല. ഇസ്രായേലിലെ ആളുകൾക്ക് ബാലിനെ ആരാധിക്കാൻ കഴിയേണ്ടതിന് അവൾ അവനുവേണ്ടി ക്ഷേത്രങ്ങളും ബലിപീഠങ്ങളും പണിതു. ഇസ്രായേലിന്റെ യഥാർത്ഥ ദൈവത്തിനു പകരം ബാലിനെ പിന്തുടരാൻ ആളുകളെ പ്രോത്സാഹിപ്പിക്കാൻ അവൾ തന്റെ അധികാര ശക്തി ഉപയോഗിച്ചു. ഇത് വളരെ ഗുരുതരമായ പാപമായിരുന്നു, കാരണം മറ്റ് ദൈവങ്ങളെ ആരാധിക്കരുതെന്ന് ദൈവം തന്റെ ജനത്തോട് വ്യക്തമായി കൽപ്പിച്ചിരുന്നു. അവളുടെ പ്രവൃത്തികൾ നിമിത്തം ഇസ്രായേലിലെ പലരും യഹോവയിൽ നിന്ന് അകന്നു വ്യാജദൈവങ്ങളെ പിന്തുടർന്നു. ഇത് ദൈവത്തെ വളരെയധികം കോപിപ്പിച്ചു. ഈസേബെലിന്റെ പ്രവൃത്തികൾ തെറ്റായതും മുഴുവൻ ജനതയ്ക്കും അപകടകരവുമായിരുന്നു. അവൾ ആളുകളെ പാപത്തിലേക്ക് നയിച്ചു, ഇത് ഇസ്രായേലിന് കുഴപ്പങ്ങൾ വരുത്തിവച്ചു. ബൈബിളിൽ, ദൈവം ഏലിയാവിനെപ്പോലുള്ള പ്രവാചകന്മാരെ അവൾക്കെതിരെ സംസാരിക്കാനും തന്നിലേക്ക് മടങ്ങാൻ ആളുകൾക്ക് മുന്നറിയിപ്പ് നൽകാനുമായിട്ട് അയച്ചു.

ആരെങ്കിലും തങ്ങളുടെ ശക്തി ഉപയോഗിച്ച് മറ്റുള്ളവരെ ദൈവത്തിൽ നിന്ന് അകറ്റുമ്പോൾ എന്ത് സംഭവിക്കുമെന്ന് ഈസേബെലിന്റെ ജീവിതം കാണിക്കുന്നു. അവളുടെ വിഗ്രഹാരാധന അവൾക്കും കുടുംബത്തിനും ന്യായവിധി വരുത്തി വച്ചു. ദൈവത്തോട് വിശ്വസ്തത പുലർത്താനും നമ്മുടെ ഹൃദയങ്ങളിൽ ദൈവത്തിന്റെ സ്ഥാനം ഏറ്റെടുക്കാൻ ഒന്നിനേയും അനുവദിക്കാതിരിക്കാനും ഇത് നമുക്കൊരു ഓർമ്മപ്പെടുത്തലാണ്.

**4. അഹങ്കാരിയും അനുതപിക്കാത്തവളും**

ഈസേബെൽ രാജ്ഞിയുടെ ഏറ്റവും ഗുരുതരമായ പ്രശ്നങ്ങളിലൊന്ന് അവളുടെ അഹങ്കാരമായിരുന്നു. അവൾ ഒരു എളിമയുള്ള സ്ത്രീ ആയിരുന്നില്ല. ദൈവം തന്റെ പ്രവാചകന്മാരിലൂടെ, പ്രത്യേകിച്ച് ഏലിയാവിലൂടെ വ്യക്തമായ മുന്നറിയിപ്പുകൾ അയച്ചപ്പോഴും, അവൾ തന്റെ വഴികൾ മാറ്റാൻ കൂട്ടാക്കിയില്ല. ദൈവത്തിന്റെ സന്ദേശം കേൾക്കുന്നതിനുപകരം, അവൾ അവന്റെ വചനത്തെ പരിഹസിക്കുകയും തിന്മ ചെയ്യുന്നത് തുടരുകയും ചെയ്തു. അവളുടെ അഹങ്കാരം അവളെ സത്യത്തിന് അന്ധയാക്കി, അത് അവളുടെ പതനത്തിലേക്ക് നയിച്ചു. തനിക്കെല്ലാം നന്നായി അറിയാമെന്ന മട്ടിൽ അവൾ പ്രവർത്തിച്ചു. ഇത് അവൾ എത്ര അഹങ്കാരിയാണെന്ന് കാണിക്കുന്നു.

മാനസാന്തരപ്പെടാനും, ക്ഷമ ചോദിക്കാനും, പാപത്തിൽ നിന്ന് പിന്തിരിയാനും ദൈവം അവൾക്ക് നിരവധി അവസരങ്ങൾ നൽകി. എന്നാൽ ഈസേബെൽ ഒരിക്കലും അത് ഉപയോഗിച്ചില്ല. അവൾ സത്യത്തെ വെറുക്കുകയും അത് പറയുന്നവരെ നിശബ്ദരാക്കാൻ ശ്രമിക്കുകയും ചെയ്തു. അവൾ ദൈവത്തെ ഭയപ്പെട്ടിരുന്നില്ല. വാസ്തവത്തിൽ, വ്യാജ പ്രവാചകന്മാരെ സംരക്ഷിച്ചും സത്യവാന്മാരെ കൊന്നും അവൾ ദൈവത്തെ വെല്ലുവിളിച്ചു. അവളുടെ ഹൃദയം കഠിനവും അഹങ്കാരം നിറഞ്ഞതുമായിരുന്നു. അവൾ അനുതപിക്കാത്തതിനാൽ, അവളുടെ പ്രവൃത്തികൾ ഭയാനകമായ ഫലങ്ങൾ കൊണ്ടുവന്നു. അവളുടെ പതനം അവളുടെ ശാഠ്യത്തിന്റെ നേരിട്ടുള്ള ഫലമായിരുന്നു. ദൈവം മുന്നറിയിപ്പ് നൽകിയതുപോലെ, അവളുടെ മരണം ഒരു ഭീകരമായിരുന്നുവെന്ന് ബൈബിൾ നമ്മോട് പറയുന്നു (2 രാജാക്കന്മാർ 9:30-37). ദൈവത്തെ ശ്രദ്ധിക്കാൻ വിസമ്മതിക്കുകയും പാപത്തിൽ ജീവിക്കുകയും ചെയ്യുന്നത് എത്ര ഗുരുതരമാണെന്ന് ഇത് കാണിക്കുന്നു.

ഈസേബെൽ നമ്മെ വ്യക്തമായ ഒരു പാഠം പഠിപ്പിക്കുന്നു: അഹങ്കാരം നാശത്തിലേക്ക് നയിക്കുന്നു. ദൈവവചനം കേൾക്കുമ്പോൾ, നാം അത് അവഗണിക്കുകയോ പരിഹസിക്കുകയോ ചെയ്യരുത്. നാം താഴ്മയുള്ളവരായിരിക്കണം, ശ്രദ്ധയോടെ കേൾക്കണം, അനുതപിക്കുവാൻ തയ്യാറാകണം. മാനസാന്തരത്തിനു പകരം അഹങ്കാരം തിരഞ്ഞെടുക്കുന്ന എല്ലാവർക്കും ഈസേബെലിന്റെ ജീവിതം ഒരു മുന്നറിയിപ്പാണ്.

**5 അധികാരം വിവേകത്തോടെ**

ഈസേബെലിന്റെ അധികാര ദുർവിനിയോഗം അവളെ നാശത്തിലേക്ക് നയിക്കുന്നു.

അവൾക്ക് വലിയ ശക്തിയുണ്ടായിരുന്നു, പക്ഷേ അത് അവൾ തിന്മ ചെയ്യാൻ ഉപയോഗിച്ചു. നീതിയും ദയയും ഉപയോഗിച്ച് നയിക്കുന്നതിനുപകരം, അവൾ ക്രൂരതയും ബലപ്രയോഗവും ഉപയോഗിച്ച് ഭരിച്ചു. നീതിയില്ലാത്ത ശക്തി അപകടകരമാണെന്ന് അവളുടെ ഉദാഹരണം നമുക്ക് മുന്നറിയിപ്പ് നൽകുന്നു.

ഈസേബെലിന്റെ വിഗ്രഹാരാധന ഇസ്രായേലിലേക്ക് ദൈവത്തിന്റെ ന്യായവിധി കൊണ്ടുവരുന്നു. അവൾ നിരവധി ആളുകളുടെ ഹൃദയങ്ങളെ ദൈവത്തിൽ നിന്ന് അകറ്റി. അവളുടെ സ്വാധീനം നിമിത്തം, ഇസ്രായേൽ ആത്മീയ അന്ധകാരത്തെയും ദൈവത്തിന്റെ ന്യായവിധിയെയും അഭിമുഖീകരിച്ചു. ഏക സത്യദൈവത്തെ മാത്രം ആരാധിക്കാനും എല്ലാത്തരം വിഗ്രഹാരാധനയിൽ നിന്നും അകന്നു നിൽക്കാനും ബൈബിൾ നമ്മെ പഠിപ്പിക്കുന്നു.

ഈസേബെൽ ദുരഭിമാനിയായിരുന്നു, ഒരിക്കലും പശ്ചാത്തപിച്ചില്ല. ദൈവത്തിനെതിരെ പോരാടി വിജയിക്കാൻ കഴിയുമെന്ന് അവൾ കരുതി. പക്ഷേ അവസാനം, വീഴ്ചയ്ക്ക് മുമ്പ് അഹങ്കാരം വന്നു. അവളുടെ അഹങ്കാരം അവളെ നശിപ്പിച്ചു. അവളുടെ ജീവിതം നമ്മെ എളിമയുള്ളവരായിരിക്കാനും ദൈവത്തിന്റെ ശബ്ദം കേൾക്കാനും പാപത്തിൽ നിന്ന് പിന്തിരിയാനും അവളിലൂടെ ദൈവം നമ്മെ പഠിപ്പിക്കുന്നു.

തനിക്ക് നുണ പറയാനും അനന്തരഫലങ്ങൾ ഇല്ലാതെ കൊല്ലാനും കഴിയുമെന്ന് ഈസേബേൽ കരുതി. എന്നാൽ ദൈവം എല്ലാം കാണുകയും അവളുടെ പ്രവൃത്തികളെ വിധിക്കുകയും ചെയ്തു. ദൈവം നീതിമാനാണെന്നും തിന്മയെ അവഗണിക്കില്ലെന്നും അവളുടെ ജീവിതത്തിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നു.

മറ്റുള്ളവരെ ദ്രോഹിക്കാൻ ഈസബെൽ തന്റെ രാജ്ഞി സ്ഥാനം ഉപയോഗിച്ചു. അവൾ ദൈവത്തിന്റെ പ്രവാചകന്മാരെ കൊല്ലുകയും ആളുകളെ സത്യത്തിൽ നിന്ന് അകറ്റുകയും ചെയ്തു. നമ്മൾ നേരെ വിപരീതമായി ചെയ്യണം. ദോഷത്തിനായിട്ടല്ല, നന്മയ്ക്കായി നിങ്ങളുടെ സ്വാധീനം ഉപയോഗിക്കുക. മറ്റുള്ളവരെ സഹായിക്കാനും പ്രോത്സാഹിപ്പിക്കാനും ശരിയായ വഴിയിൽ നയിക്കാനും നമ്മുടെ വാക്കുകളും പ്രവൃത്തികളും ഉപയോഗിക്കുക.

ഏക സത്യദൈവത്തിന് പകരം ഈസേബെൽ ബാലിനെപ്പോലുള്ള വിഗ്രഹങ്ങളെ ആരാധിച്ചു. ഈ വ്യാജദൈവങ്ങൾക്കായി അവൾ ക്ഷേത്രങ്ങൾ പോലും പണിതു. മറ്റുള്ളവർ എന്ത് ചെയ്താലും നമ്മൾ ദൈവത്തോട് വിശ്വസ്തരായിരിക്കണം, സത്യദൈവത്തെ മാത്രം ആരാധിക്കണം, അവനോട് പ്രാർത്ഥിക്കണം, അവന്റെ വഴികൾ പിന്തുടരണം.

ഈസേബെൽ അഹങ്കാരിയായിരുന്നു. താൻ എപ്പോഴും ശരിയാണെന്ന് അവൾ കരുതി, ദൈവമുമ്പാകെ സ്വയം താഴ്ത്താൻ അവളുടെ അഹംഭാവം സമ്മതിച്ചില്ല. ദൈവത്തിൽ നിന്ന് അകലുമ്പോൾ നാം അന്ധരാകുകയും തെറ്റായ തിരഞ്ഞെടുപ്പുകൾ നടത്താൻ നാം പ്രേരിതരാകുകയും ചെയ്യും. നാം താഴ്മയുള്ളവരായിരിക്കണം, അഹങ്കാരം നമ്മെ നിയന്ത്രിക്കാൻ അനുവദിക്കരുത്. ദൈവവചനം ശ്രദ്ധിക്കുകയും തെറ്റ് ചെയ്യുമ്പോൾ മാറാൻ തയ്യാറാകുകയും വേണം.

ഈസേബെലിന് സൗന്ദര്യവും ശക്തിയും സ്ഥാനവും ഉണ്ടായിരുന്നു, പക്ഷേ തിന്മ ചെയ്തും ദൈവത്തിൽ നിന്ന് അകന്നുമാറിയുമാണ് അവൾ അതെല്ലാം പാഴാക്കിയത്. അവളുടെ ജീവിതം നമുക്ക് ഒരു മുന്നറിയിപ്പാണ്. വിശ്വാസം, സത്യം, വിനയം എന്നിവയില്ലാതെ മറ്റെല്ലാം അർത്ഥശൂന്യമാണെന്ന് ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു. സ്നേഹം, സത്യസന്ധത, ദൈവത്തിലുള്ള വിശ്വാസം എന്നിവയാൽ നിറഞ്ഞ ഒരു മെച്ചപ്പെട്ട ജീവിതം നയിക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ. സമാധാനത്തിലേക്കും സന്തോഷത്തിലേക്കും നയിക്കുന്ന പാത അതാണ്. ❑

**ഡോ. റോബിന് ആയുർവേദത്തിൽ അർബുദ ചികിത്സയ്ക്ക് Phd ലഭിച്ചു. പന്തളം മന്നം മെമ്മോറിയൽ ആയുർവേദ കോളജ് പ്രിൻസിപ്പലും തോമസ് ജോൺസൺ കോർഎപ്പിസ്കോപ്പായുടെ മകനുമാണ്.**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം

# കൂടാരപ്പെരുന്നാളിനുശേഷം ഒന്നാം ഞായർ

## (വി. മത്തായി 21:28–32)

## ഫാ. മോൻസി ഫിലിപ്പ്

കൂടാരപ്പെരുന്നാളിനുശേഷം ഒന്നാം ഞായർ ഏവൻഗേലിയോൻ ഭാഗം വി. മത്തായി 21:28–32. പിതാവിനെ അനുസരിക്കുകയും അനുസരിക്കാതിരിക്കുകയും ചെയ്യുന്ന പുത്രന്മാരെക്കുറിച്ചുള്ള ഒരു ഉപമ യേശു ഉവിടെ അവതരിപ്പിക്കുന്നു. പശ്ചാത്തലം ദൈവാലയത്തിൽ യേശു ഉപദേശിക്കുമ്പോൾ മഹാപുരോഹിതന്മാരും ജനത്തിന്റെ മൂപ്പന്മാരും വന്ന് എന്ത് അധികാരത്താൽ, ആർ നൽകിയ അധികാരത്താൽ നീ ഇവ ചെയ്യുന്നു എന്ന് യേശുവിനെ വിചാരണ ചെന്നു. യേശു ഒരു മറുചോദ്യം അവരോട് ചോദിച്ചു യോഹന്നാന്റെ സ്നാനം സ്വർഗ്ഗത്തിൽ നിന്നോ? മനുഷ്യനിൽ നിന്നോ? അവർക്ക് ഉത്തരം ഇല്ല. കാരണം യോഹന്നാൻ സ്നാനത്തെ അവർ അംഗീകരിച്ചില്ല. ഇക്കൂട്ടർക്കുള്ള മറുപടിയാണ് യേശു ഇവിടെ പറയുന്ന ഉപമ. ഒരു പിതാവും രണ്ടു മക്കളുമാണ് ഈ ഉപമയിലെ പ്രധാന കഥാപാത്രിങ്ങൾ. മുന്തിരിത്തോട്ടത്തിൽ വേലയ്ക്ക് പോകാൻ ആഹ്വാനം ചെയ്യുന്ന പിതാവ്. ഒന്നാമത്തവൻ "എനിക്കു മനസ്സില്ല" എന്നു പറഞ്ഞു.. പിന്നത്തേതിൽ അവൻ അനുതപിച്ചു മുന്തിരിതോട്ടത്തിലേയ്ക്ക് പോയി. രണ്ടാമത്തെ മകൻ "ഞാൻ പോകാം" എന്നാൽ അവൻ പോയില്ല. രണ്ടു പേരിൽ ആർ ആകുന്നു അപ്പന്റെ ഇഷ്ടം ചെയ്തത്. ഒന്നാമത്തവൻ എന്ന് ഉത്തരം. യേശു തുടർന്നു, ചുങ്കക്കാരും വേശ്യമാരും നിങ്ങൾക്കു മുമ്പായി ദൈവരാജ്യത്തിൽ എന്ന് സത്യമായി നിങ്ങളോടു പറയുന്നു. ഇതാണ് വേദഭാഗ സാരം.

**വേദഭാഗ ചിന്തകൾ**

**(1) പിതാവും മുന്തിരിത്തോട്ടവും**

വി. മത്തായി 21:28

ക്രിസ്തു ഉപദേശിക്കുന്ന ഈ ഉപമയിൽ പിതാവിന്റെ അപേക്ഷ. തന്റെ രണ്ട് മക്കളോടും മുന്തിരിത്തോപ്പിൽ പോയി വേല ചെയ്യുന്നതിന് ആവശ്യപ്പെടുന്നു. പിതാവിന്റെ ഇഷ്ടം അറിഞ്ഞ് ചെയ്യുക എന്നത് മക്കളുടെ കടമയാണ്. മക്കളെ സ്നേഹിക്കുന്ന ഒരു പിതാവ് നമ്മൾക്കുണ്ട് അത് മറക്കരുത്. പിതാവാഗ്രഹിക്കുന്നത് നമ്മുടെ എല്ലാം നന്മ മാത്രമാണ്.

"പിതാവിന്റെ ഇഷ്ടം ചെയ്യുന്നതാണ് എന്റെ ആഹാരം" (വി. യോഹന്നാൻ 4:34).

പിതാവിന്റെ വാത്സല്യവും സ്നേഹവുമാണ് മക്കളുടെ പ്രേരണശക്തി.

"ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു" (2 കൊരി. 5:14).

പിതാവ് എരിയുന്ന പാത്രമാണ് അത് മറക്കരുത് പുത്തൻതലമുറയേ... അത് എല്ലാ തലങ്ങളിലും. മാതാപിതാക്കന്മാരെ വേദനിപ്പിക്കരുത്. കാരണം അവർ നമുക്ക് എല്ലാമാണ്. അങ്ങനെ അവരെ കരുതണം.

"നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്ത് ദീർഘായുസ്സുണ്ടാകുവാൻ നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്ക." (പുറപ്പാട് 21:12).

ദൈവം നൽകിയ പിതൃത്വം – ഒരു വിശുദ്ധ ശുശ്രൂഷയാണ്.

"പിതാക്കന്മാരെ നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പഥ്യോപദേശത്തിലും പോറ്റി വളർത്തുവിൻ." എഫെസ്യർ 6:4.

പിതാവായ ദൈവം സ്വയം മനുഷ്യനെ വളർത്തുന്നതിന് മാതൃകയാണ്. അവൻ നമ്മുടെ പരിശുദ്ധ പിതാവാണ്.

"A man becomes a Father not merely by bringing forth children, but by leading them to virtue." - St. John Chrysostom.

ഇവിടെ തോട്ടം പിതാവിന്റെ എങ്കിലും പുത്രനും അവകാശിയാണ്. തോട്ടത്തിന്റെ വളർച്ചയ്ക്ക് പുത്രൻ കടപ്പെട്ടിരിക്കുന്നു. സ്വർഗ്ഗരാജ്യം എന്ന മുന്തിരിത്തോട്ടമാണ് കർത്താവ് പരാമർശിക്കുന്നത്. ആ മുന്തിരിത്തോപ്പിൽ വേല ചെയ്യുന്നവർക്കെല്ലാം അർഹമായ പ്രതിഫലം പിതാവിൽ നിന്ന് ലഭിക്കും. ദൈവശുശ്രൂഷയിൽ ആനന്ദം കണ്ടെത്തുക എന്നതാണ് പ്രതിഫലത്തേക്കാൾ പ്രധാനം സഭയേയും ഈ ലോകത്തേയുമാണ്. മുന്തിരിത്തോട്ടം പ്രതിനിധാനം ചെയ്യുന്നത്. ദൈവീക പ്രവർത്തനങ്ങൾ സഭയിലൂടെ നടത്തി ലോകത്തിലുള്ളവരെ ദൈവത്തോട് അടുപ്പിക്കുകയാണ് നമ്മുടെ ലക്ഷ്യം. അതിലേയ്ക്ക് ദൈവം നമ്മേ മാടിവിളിക്കുന്നു.

"എന്റെ പ്രിയതമന് ഏറ്റവും ഫലവത്തായൊരു കുന്നിൻമേൽ ഒരു മുന്തിരിത്തോട്ടം ഉണ്ടായിരുന്നു. അവൻ അതിനു വേലി കെട്ടി, അതിലെ കല്ലുപെറുക്കിക്കളഞ്ഞു അതിൽ നല്ലവക മുന്തിരിവള്ളി നട്ടു, നടുവിൽ ഒരു ഗോപുരം പണിതു. ഒരു ചക്കു ഇട്ടു. മുന്തിരിങ്ങ കായ്ക്കും എന്ന് അവൻ കരുതി കാത്തിരുന്നു, കായ്ച്ചതോ കാട്ടു മുന്തിരിങ്ങയത്രേ." യെശയ്യാവ് 5:1–2

1. മുന്തിരിത്തോട്ടം – ദൈവം വിശ്വാസത്തോടെ സമർപ്പിച്ച ജനസമൂഹം.
2. കൃഷിക്കാരൻ – ദൈവം
3. ഫലം – വിശ്വാസം, നീതി, ദയ, വിശുദ്ധി.

മുന്തിരിത്തോട്ടം വിശുദ്ധമായ പാരമ്പര്യമാണ്. സഭയും മക്കളുമാണ്. നമ്മളെ തന്റെ സഭയുടെ തോട്ടം ആക്കിയ ആത്മീയ വിള.

"The vineyard is the church, Cultivated by the spirit, protected by the Father, and bearing fruit through the son." - St. Ireneus of Lyons.

തോട്ടത്തിൽ വേല ചെയ്യാൻ വിളിക്കപ്പെട്ടവർ നാം. നമ്മുടെ കർത്താവും അതിനെ വിശുദ്ധിയോടെ ശുശ്രൂഷിക്കുക എന്നുള്ളതാണ്. മുന്തിരിത്തോട്ടത്തിന്റെ ഫലം കർത്താവിന്റെ രക്തമായി വി. കുർബാനയിൽ രൂപാന്തരപ്പെടുന്നു. ഫലം ചതയ്ക്കപ്പെട്ടതും നുറുക്കപ്പെട്ടതുമായ നമ്മുടെ ക്രിസ്തുവിന്റെ രക്തം. അത് അനുഭവിക്കുമ്പോൾ ക്രിസ്തു പറയും.

"നിന്റെ ജീവിതം എന്റെ തോട്ടത്തിൽ നിന്നുള്ള രസമാണ്. അതിൽ വിശുദ്ധത ഉണ്ടാകട്ടെ."

"The wine of the Eucharist flows from the vineyard of the Lord - watered with tears, ripended by prayers, crushed humility, and served in love" - St. Ephrem the Syrian.

(2) രണ്ട് മക്കൾ – ആരുടെ പ്രതിനിധികൾ – അവരുടെ നിലപാട്.

വി. മത്തായി 21: 29–31

യേശുവിന്റെ ഉപമയിലെ പിതാവും രണ്ട് മക്കളും, പിതാവ് മക്കളോട് മുന്തിരിത്തോട്ടത്തിൽ വേലയ്ക്ക് പോകുവാൻ കൽപ്പിക്കുന്നു. എന്നാൽ അവരിൽ ചില താല്പര്യങ്ങൾ നിലകൊള്ളുന്നു. ഇത് മനുഷ്യന്റെ ജീവിതത്തിന്റെ രണ്ട് സ്വഭാവങ്ങളായി ഈ രണ്ട് മക്കളെ വ്യാഖ്യാനിക്കാം. കാരണം നാമും ഇവരുടെ പ്രതിനിധികളാണ് ഏറെക്കുറെയൊക്കെ. ഇന്നിന്റെ തലമുറയ്ക്ക് മക്കൾ എങ്ങനെയാകണം എന്നതിന് മാതൃക ക്രിസ്തു എന്ന ദൈവപുത്രനാണ്. പിതാവിന്റെ ഇഷ്ടം ചെയ്യുന്ന യഥാർത്ഥ പുത്രന്മാർ ആകുവാൻ സാധിക്കണം.

"ദൈവപുത്രൻ മനുഷ്യപുത്രനായത് മനുഷ്യപുത്രന്മാർ ദൈവപുത്രന്മാരാകേണ്ടതിനാകുന്നു." – St. Augustine of Hippo.

നാം അനുസരണത്തിൽ വളരണം. അനുതാപത്തിൽ നമ്മുടെ ജീവിതം ക്രമീകരിച്ച് വിശുദ്ധിയിൽ എത്തുവാൻ കഴിയണം.

"പ്രകൃതിപൂർണ്ണമായ മകൻ പിതാവിനെപോലെ ആകുന്നതുപോലെ, ആത്മീയ മകൻ ദൈവത്തിന്റെ വിശുദ്ധതയിൽ അവനെ അനുസരിക്കണം.

- Gregory of Nyssa.

ദൈവപുത്രത്വം രണ്ട് രീതിയിൽ പ്രകടം.

1. വിശുദ്ധതയിലൂടെ

2. സ്വഭാവത്തിലൂടെ

ഈ ഉപമയിലെ മക്കൾ ഇന്നിന്റെ ഗുണങ്ങൾ പ്രകടമാക്കുന്നു. അവർ ആരുടെ പ്രതിനിധികൾ?ഒരു ചോദ്യംആണ്. അത് ഞാൻ ആകാം നീ ആകാം എന്ന് നമ്മിൽ മാത്രം നിക്ഷിപ്തം.

**ആദ്യമകൻ പ്രതിനിധീകരിക്കുന്നത്:-**

"ഞാൻ പോകില്ല എന്ന് പറഞ്ഞിട്ട് അനുതാപം" ങലമോീശ മ എന്ന ഗ്രീക്ക് പദം അർത്ഥം "മനസ്സിന്റെ പരിവർത്തനം", ദിശാമാർഗ്ഗം. സഭാ പാരമ്പര്യത്തിൽ മനസ്സിന്റെ മാറ്റം, അനുപാതം, ദൈവീക ഊർജ്ജം. അതിലൂടെ ജീവിതത്തിൽ പുതുക്കം സംഭവിക്കുന്നു.

"Repentance is the renewal of baptism. It is a contract with God for a fresh start." - St. John Climacus

"God looks not at the tongue, but at the soul its movement toward repentance" - St. Gregory Nazianzon.

ആദ്യ മകൻ ആദ്യം ദൈവത്തെ അവഗണിച്ചവർക്കും പിന്നീട് തിരിഞ്ഞ് ഭക്തിയോടെ ജീവിതം നയിക്കുന്നവർക്കും പ്രതീകം. പാപികളുടെയും ജാതിക്കാരുടെ ഹൃദയ പരിവർത്തനത്തെ പ്രതിനിധീകരിക്കുന്നു. അവർ യോഹന്നാന്റെ പ്രസംഗത്തിൽ മാനസാന്തരത്തിലേയ്ക്ക് വന്നു.

**രണ്ടാമത്തെ മകൻ പ്രതിനിധീകരിക്കുന്നത്**

"അപ്പാ ഞാൻ പോകാം" പക്ഷേ പോയില്ല.

മതാധികാരികളേയും, യഹൂദജനതയേയും പ്രതിനിധീകരിക്കുന്നു. വാക്കിലൂടെയുള്ള ആത്മീയത എന്നാൽ പ്രവൃത്തിയിൽ ഇല്ല. "വെള്ള പൂശിയ വെറും ശവക്കല്ലറകൾക്ക് സമം."

"The lips of the Second son praised the father, but the hands of the first son obeyed him. God balues doing more than saying." - St. Jerome.

ബാഹ്യമായ ഭക്തിയേക്കാൾ ആത്മീയ ഭക്തിയാണ് പ്രകടനം. ദൈവത്തെ ശുശ്രൂഷിക്കുന്നു എന്ന് പറയുന്നവർ അഭിമാനം, കപടത്വം, അനുപാതയ ജീവിതത്തിന്റെ ഉടമകളാണ്.

**അവരുടെ നിലപാട്**

**ഒന്നാമത്തെ പുത്രന്റെ നിലപാട്**

മുന്തിരിത്തോട്ടത്തിലേയ്ക്ക് പോകുവാൻ പറഞ്ഞപ്പോൾ ഏത് പിതാവിനെയും വേദനിപ്പിക്കുന്ന ഉത്തരം. "എനിക്ക് മനസ്സില്ല." പല ക്രിസ്തീയ കുടുംബങ്ങളിലും ഇത്തരം മറുപടി ഉണ്ടാകാറുണ്ട്. മാതാപിതാക്കളെ അനുസരിക്കുന്ന തലമുറയാണ് നമുക്ക് ആവശ്യം.

"മക്കളെ നിങ്ങളുടെ അമ്മ അപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ. അതു ന്യായമല്ലോ." എഫെ. 6:1

"മക്കളെ അപ്പന്റെ പ്രബോധനം കേട്ട് വിവേകം പ്രാപിക്കേണ്ടതിന് ശ്രദ്ധിപ്പിൻ" സദൃ. 4:1

ഒന്നാമൻ പറഞ്ഞത് തെറ്റാണെന്ന് മനസ്സിലാക്കി അനുതപിച്ചു. ആന്തരീക അനുതാപം സ്വർഗ്ഗരാജ്യത്തിലേക്ക് അടുപ്പിക്കുന്നു. അനുതപിക്കുന്ന പാപിയെക്കുറിച്ച് സ്വർഗ്ഗത്തിലെ മാലാഖമാർ സന്തോഷിക്കുന്നു.

**രണ്ടാമത്തെ പുത്രന്റെ നിലപാട്**

പിതാവ് നിർദ്ദേശിച്ച പ്രവൃത്തി ചെയ്യാമെന്നേറ്റിട്ട് ചെയ്യാതിരിക്കുന്നു. ഭംഗിവാക്കുകളിലൂടെ ആദ്യം പിതാവിനെ സന്തോഷിപ്പിച്ച് ദൗത്യത്തിൽ നിന്നും പിൻവാങ്ങുന്നു. പിതാവാം ദൈവം മക്കാളായ നമ്മെ ഏൽപ്പിക്കുന്ന കാര്യങ്ങൾ ഭംഗിയായി ചെയ്യാതിരുന്നത് താലന്ത് നിലത്ത് കുഴിച്ചിട്ട ഭൃത്യനെപ്പോലെ ശിക്ഷാവിധിക്ക് വിധേയരാവും. ഭംഗിവാക്കുകൾ മാത്രം പറഞ്ഞ് ദൗത്യത്തിൽ നിന്ന് ഒളിച്ചോടുന്ന മനുഷ്യർ. കർത്താവ് ഏറ്റവും കൂടുതൽ വെറുക്കുന്ന രണ്ട് പാപങ്ങൾ

1. കപടഭക്തി

2. ദ്രവ്യാഗ്രഹം

രണ്ടാമൻ ന്യായപ്രമാണം പാലിക്കുന്നുവെന്ന് നടിക്കുകയും മറ്റുള്ളവരെ കാണിക്കുവാൻ കപടഭക്തിയുമായി നടക്കുന്ന മനുഷ്യന്റെ നിലപാടാണ്. വാക്ക് മാത്രം, വാദ്ഗാനം മാത്രം പ്രവൃത്തിയില്ല.

ഇവരിൽ ആരാണ് പിതാവിന്റെ ഇഷ്ടം ചെയ്തത്. ഒന്നാമൻ എന്ന് ഉത്തരം.

"ചുങ്കക്കാരും വേശ്യമാരും നിങ്ങൾക്കു മുമ്പായി ദൈവരാജ്യത്തിൽ കടക്കുന്നു എന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു" വി.മത്തായി 21:31

"അനുതപിക്കാം, തിരിച്ചുവരാം ക്രിസ്തുവിൽജീവിച്ച് ദൈവീകരണം പ്രാപിക്കുവാൻ."

അനുതാപത്തിനുള്ള സമയം ഇപ്പോൾ തന്നെ എന്ന് തിരിച്ചറിയുക. അത് ഇപ്പോൾ തന്നെയാണ്. ❑

**ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം നിരണം ഭദ്രാസന വാർഷിക സമ്മേളനം തിരുമൂലപുരം മാർ ബസേലിയോസ് മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ നടന്നു. സമ്മേളനത്തിൽ ഡോ. ടിജു തോമസ് ഐ.ആർ.എസ്. നെ ആദരിച്ചു. അഡ്വ. ബിജു ഉമ്മൻ, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ, ഫാ. ജെയിൻ സി. മാത്യു, കുറിയാക്കോസ് വി. കൊച്ചേരിൽ, ഫാ. ബിബിൻ മാത്യു, റെനോജ് ജോർജ് ഗീവർഗീസ്, ഷോൺ മത്തായി ഷിജി, അശ്വിൻ വി. റെജി, ജോജി ജോർജ് എന്നിവർ പ്രസംഗിച്ചു.**

## ഫാ. എബ്രഹാം ജോൺ തെക്കേത്തറയിൽ എം.ഒ.സി. പബ്ലിക്കേഷൻസ് സെക്രട്ടറി

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗമായ എം. ഒ.സി. പബ്ലിക്കേഷൻസ് സെക്രട്ടറിയായി ഫാ. എബ്രഹാം ജോൺ തെക്കേത്തറയിൽ ചുമതലയേറ്റു. തോട്ടയ്ക്കാട് മാർ അപ്രേം ഓർത്തഡോക്സ് പള്ളി ഇടവകാംഗവും, അരീപ്പറമ്പ് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയുമാണ്.

Church Calendar

# Feast of the Transfiguration of Our Lord & First Sunday after the Feast of the Transfiguration

## A Change of Heart, A Call to Action

## Fr Aaron Joshua John

### Feast of the Transfiguration of Our Lord

The Feast of the Transfiguration, Koodaara Perunnal—is a radiant moment in the liturgical life of the Church. It is not merely a feast of divine brightness, but one of inner transformation. On Mount Tabor, Christ reveals His uncreated glory—not something new, but something eternal, momentarily unveiled to three disciples. In doing so, He confirms that He is the Light from Light, true God of true God. But this light is not for spectacle; it is for *transformation*, and it points us toward the Cross.

The Transfiguration reveals the unity of Scripture, the fulfilment of the Law and the Prophets, and the destiny of humanity to participate in the divine nature. It reminds us that through Christ, we too are being transfigured from glory to glory.

**1. The Glory of Christ Revealed: The Meeting of Heaven and Earth**

In the Gospel readings from Matthew, Mark, and Luke, we see the same vision with slight variations. Jesus ascends the mountain with Peter, James, and John, and there, His face shines like the sun, His clothes become dazzling white. Moses and Elijah appear, representing the Law and the Prophets, and they speak with Him about His "exodus"—His coming Passion (Luke 9:31). A bright cloud overshadows them, and the voice of the Father declares: *"This is My beloved Son; listen to Him!"*

This moment is a theophany—a manifestation of the Holy Trinity. The Father speaks, the Son is glorified, and the Spirit is present in the cloud of light. It reveals that Jesus is not merely a teacher or prophet; He is the eternal Son of God, sharing in the glory of the Father even in the days of His humility.

The reading from Psalm 24 declares: *"Lift up your heads, O gates! And be lifted up, O ancient doors, that the King of Glory may come in."* The Transfiguration shows that Christ is that King, ascending not only the earthly mount but the hill of the Lord, clean of heart and pure.

Saint Gregory Palamas teaches that the light seen on Tabor is the uncreated light of God—the same light that will shine in the hearts of the saints. It is not a light that fades, but the divine presence that sanctifies and illumines. In this event, heaven touches earth, and the disciples are allowed to glimpse the eternal within time.

**2. Transfiguration as a Preparation for the Cross and Our Transformation**

This dazzling glory, however, is not an end in itself. It is immediately followed in all Gospel accounts by a command to descend the mountain and a prediction of the Cross. Christ shows His glory not to bypass suffering, but to strengthen His disciples to endure it. The Transfiguration is a preparation for Golgotha.

This is affirmed in Isaiah 61, which speaks of the Anointed One who comes to bring good news to the poor and bind up the broken hearted. Christ's glory is not for domination but for healing. His true majesty is revealed in self-emptying love.

Saint John the Evangelist affirms this in the epistle reading (I John 2:23–3:1): *"Beloved, we are God's children now; what we will be has not yet appeared; but we know that when He appears we shall be like Him."* We are not only witnesses of glory—we are participants in it. Through baptism, chrismation, and Eucharist, we are being transfigured into the likeness of Christ. Romans 11:25–36 reminds us that God's wisdom and mercy are unsearchable. He has included all in disobedience so that He may have mercy on all. The Transfiguration, then, is also a call to humility: to recognize that glory is not seized, but given, and that all things are from Him, through Him, and to Him.

In the Orthodox tradition, the Feast of the Transfiguration is also connected with the blessing of grapes, a symbol of first fruits, harvest, and Eucharistic offering. Just as Christ offered Himself, so we offer the fruit of our lives, to be transformed by divine grace.

The Feast of the Transfiguration is not merely about a historical event on Mount Tabor—it is about the transformation of every human life. It calls us to ascend with Christ through prayer, fasting, and humility, to behold His glory, and to be made radiant by it. But it also calls us to descend—to follow Him to the Cross, to serve others, to suffer in love, and to rise with Him in glory. As Saint Ephrem the Syrian wrote: *"The mountain became a mirror of heaven; Christ stood in light as He had created it."* May we, beholding this light, never be content with shadow, but pursue the transfiguration of our souls through repentance, the sacraments, and the life of the Church.

Let us therefore listen to the Father's voice, *"This is My beloved Son—listen to Him!"* And in listening, may we be changed—into temples of light, sons and daughters of the Kingdom, and bearers of the glory of God.

# First Sunday after the Feast of the Transfiguration

## A Change of Heart, A Call to Action

Jesus' parable of the two sons may, at first glance, seem like a simple moral tale. But placed within the dramatic tension of His final days in Jerusalem, it becomes a piercing prophetic indictment. He addresses this to the chief priests and elders, people who were supposed to be the custodians of God's law. Yet, with surgical clarity, He exposes a tragic contradiction,

their external religiosity stood in contrast to their internal resistance to God's will.

This parable poses a question that transcends time and culture, What matters more, what we say or what we do? How does God evaluate obedience, faithfulness, and righteousness? The two sons in the parable reflect two responses to the Father's call, and more than that, they reveal the dynamics of human freedom, repentance, and the unsettling difference between outward appearance and inward reality.

### 1. Repentance as the True mark of Sonship

The first son, who responds to his father's command with a blunt "I will not," appears rebellious. He seems to be the unworthy son, the one who fails the test. But the narrative turns sharply, he later "changed his mind" and went to the vineyard. His change of heart is the pivot of the parable. The Greek word used here, metameletheis, echoes the deeper New Testament concept of metanoia, a transformation of mind and heart. He didn't merely feel regret. He repented in action by doing the Father's will. This son represents the tax collectors, prostitutes, and sinners, those who initially lived outside the boundaries of holiness. But when they encountered the call of John the Baptist and later Christ, they responded. Their repentance was genuine because it translated into action; into lives turned towards the vineyard of the Kingdom.

For us in the Orthodox Church, this aligns with our theology of salvation as theosis, a journey of transformation. We are not judged by where we begin, but by the direction we are walking. As St. John Chrysostom writes, "Even if we have sinned greatly, let us not despair. The thief was saved at the last hour; so long as there is breath, repentance is possible." This is the mystery and mercy of God, that the one who once said "no" can still become a faithful servant. The Church Fathers repeatedly stress that what defines the believer is not sinlessness but the willingness to rise again, to turn back, and to respond to the divine call. This also challenges the way we see the world, are we ready to accept that those we have socially or morally condemned may be entering the Kingdom ahead of us? The first son reminds us that the gates of repentance are always open, and that grace can restore what sin has broken, if we turn and walk.

### 2. Superficial Piety Cannot Replace Obedience

The second son, in contrast, gives a swift and respectful response: "I go, sir." His words sound obedient, even pious. But we are told, he did not go. His failure lies not in what he said, but in the disconnect between his profession and his practice. He becomes the embodiment of a tragic irony, religion without transformation, ritual without repentance. In the immediate context, this son represents the religious leaders, those who preserved the Law, administered the temple, and upheld the sacrificial system. Yet they refused to respond to John's call to repentance, and later rejected Jesus Himself. Their "yes" to the Law was not matched by a "yes" to the Messiah. This exposes the hollowness of a life that looks godly but resists God. The parable is not just about them, it is also about us. In the Orthodox tradition, we take part in the Holy Mysteries, we venerate icons, we chant the Psalms, we fast and we feast. But the parable asks us: Do these external signs correspond to a heart that obeys? Do we say "yes" to God with our lips, and "no" with our lives?

St. Basil the Great once warned that "those who do not live according to the commandments, though they are counted among the faithful, are dead in spirit." This is not a condemnation but a call to vigilance. Just as the second son honoured the father with words but failed in action, we are in danger of trading living obedience for lifeless religiosity. This parable urges us to unite our liturgical life with our ethical life to ensure that what we say in Church is not contradicted by what we do in the world.

Jesus ends the parable with a piercing judgment: "Tax collectors and harlots go into the kingdom of God before you." He does not say "instead of you," but "before you", leaving the door open for change. The question remains: Which son are we becoming? This parable is not a historical artifact rather it is a mirror held up to our souls. Every day, the Father comes and asks us to work in His vineyard, to serve, to love, to forgive, to grow in holiness. And each day, we respond, either in word or in deed. Yet, the good news is this: it is not too late to become the obedient son. Even if we have resisted God's will, we can still change course. As we hear in the Pre-Communion Prayers, "I am not worthy, O Lord and Master, that You should enter under the roof of my soul... but as You deigned to dwell in the house of Simon the leper, so also deign to enter into my poor and sinful soul." The vineyard of God, the Church, the world, our neighbour, is waiting. What will our response be today?

**കാതോലിക്കേറ്റ് ആൻഡ് എം.ഡി. സ്കൂൾസ് തിരുവല്ല ക്ലസ്റ്റർ പ്രശസ്തം 2025 സമ്മേളനം തിരുവല്ല എം.ജി.എം. ഹയർ സെക്കണ്ടറി സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് ഉദ്ഘാടനം ചെയ്തു.**

**അഞ്ചൽ അച്ചൻ അവാർഡ് അട്ടപ്പാടി മിഷൻ ഡയറക്ടർ ഫാദർ എം. ഡി. യുഹാനോൻ റമ്പാൻ കോർഎപ്പിസ്കോപ്പയ്ക്ക്. അഞ്ചൽ സെന്റ് ജോർജ് ഓർത്തഡോക്സ് തീർത്ഥാടന പള്ളി നൽകുന്ന പുരസ്കാരവും ക്യാഷ് അവാർഡും ഫാദർ എം. ഡി. യുഹാനോൻ റമ്പാൻ കോർ എപ്പിസ്കോപ്പായ്ക്ക് നൽകി.**

"വി. കുർബ്ബാനവേളയിലുള്ള ആശീർവാദങ്ങളിൽ ആദ്യ മൂന്നു വാഴ്വുകളും കാർമ്മികൻ ഇടതുകൈപ്പത്തി രഹസ്യങ്ങൾക്കുകീഴെ വിരിക്കുട്ടിൽ തബലൈത്തായുടെ പടിഞ്ഞാറേ വശത്ത് മദ്ധ്യത്തിൽ വച്ചുകൊണ്ട് പൂർണ്ണമായും പടിഞ്ഞാറോട്ട് തിരിക്കുകയും ഒപ്പം രഹസ്യങ്ങൾ വിശ്വാസികൾക്ക് ഗോചരമാകുന്നവിധത്തിൽ ത്രോണോസ്സിന്റെ വടക്കുവശത്തേക്ക് മാറിനിൽക്കുകയും ചെയ്തുകൊണ്ട് നിർവ്വഹിക്കണം. നിന്റെ ശരീരത്തിന്റെ മേനിയോ അംശവസ്ത്രത്തിന്റെയോ ആടയാഭരണങ്ങളുടെയോ ഭംഗി കാണുവാനോ, കാണിക്കുവാനോ അല്ല ശ്രമിക്കേണ്ടത്."

**– ഡാറയിലെ യോഹന്നാൻ**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

മറുപുറം

# വറ്റിപ്പോകാത്ത 'നീരുറവകൾ'... സ്ത്രീപക്ഷ വായന

## ഫാ. അജീഷ് ബാബു

പോകാം...

ദൂരമുണ്ട്...

പരിസരപ്രദേശത്തുനിന്ന് വളരെ വ്യത്യസ്തമായി നിരന്നദേശം,സമഭൂമി. മുഖാമുഖം കാണുന്നതിന് സമഭൂമികളാണ് നല്ലത്. സമഭൂമിയിലെ മനുഷ്യന്റെ പരിചയപ്പെടൽ ആഴമുള്ളതാണെന്ന് സമഭൂമിയായ ശിനാർദേശം പറയുന്നു. കണ്ടവർ പരസ്പരം വേഗം അടുത്തു, അത് അവരുടെ പൊതുവായ തീരുമാനത്തിൽ വ്യക്തമാണ്. ഒരു യാത്രയ്ക്ക് ശേഷമാണ് ശിനാർ ദേശത്ത് അവർ നിൽക്കുന്നത്. പിന്നീടുള്ള അവരുടെ( ഇസ്രായേലിന്റെ ) ചരിത്രത്തിൽ നടന്നുവന്ന വഴികളിലൊന്നും ഓർത്തെടുക്കുവാൻ ഇങ്ങനെയുള്ള ഒരുമയുടെ ഓർമ്മ അവർക്ക് വളരെ കുറവാണ്. എന്നാൽ ശിനാർ അങ്ങനെയല്ല. എല്ലാക്കാലത്തേക്കും എല്ലാ തലമുറകൾക്കും ഓർത്തിരിക്കുവാൻ ഒരു ഓർമ്മ പുസ്തകമാണ് സമഭൂമിയായ ശിനാർ. ബഹുജനങ്ങളുടെ ബഹുസ്വരത ശിനാറിൽ പരസ്പരം കണ്ടുമുട്ടിയത്, ബഹുസ്വരത കൂടിയിരുന്നത് ദൈവാനുഭവത്തിന്റെ തന്നെ ബഹുസ്വരതയാണ്.

സഞ്ചരിക്കാൻ മറന്നുപോകുന്നവർ:

സമഭൂമി വിട്ടുപോകുവാൻ അവർക്കു മനസ്സില്ല. ഒരർത്ഥത്തിൽ ശിനാറിൽ രൂപപ്പെട്ട പരസ്പര ഐക്യത്തിൽ ജനത്തിന് മുന്നോട്ട് നടക്കാൻ കുറേക്കൂടി എളുപ്പമാണ്. വൈരുദ്ധ്യങ്ങളും ചിതറുകളുംമൂലം യാത്രയുടെ വേഗത കുറഞ്ഞ ജനമാണ് ചരിത്രത്തിൽ ഇസ്രായേൽ, ദൈവജനം. മറ്റെങ്ങും യാത്രയിൽ കണ്ടിട്ടില്ലാത്തവണ്ണം അവർ ശീനാറിൽ പുതിയത് ചിലതൊക്കെ കണ്ടെത്തി. അവർ കണ്ടെത്തിയതെല്ലാം ഒരുപക്ഷേ ഇതിനു മുന്നമേ ശിനാറിൽ വന്നുകൂടിയ മനുഷ്യർ രൂപപ്പെടുത്തിയ ഒരു സംസ്കാരത്തിന്റെ അവശേഷിപ്പുകളെ കണ്ടിട്ട് അവർക്ക് മുന്നോട്ടു നീങ്ങുവാൻ കഴിയാതെ കൂടിയിരിക്കുന്നു. സഞ്ചാരിയായ മനുഷ്യനും സഞ്ചാരിയായ ദൈവവും സമഭൂമിയായ ശിനാറിൽ ഉറഞ്ഞുപോകുന്നു. ചലനം നഷ്ടപ്പെട്ട ജനം എടുക്കുന്ന തീരുമാനമാണ് 'നമുക്ക് ഒരു പേരുമുണ്ടാക്കുക'ഏലി 11:4.

പശമണ്ണും കുമ്മായവും :

ചിതറിപ്പോകാതിരിപ്പാൻ ഒരു പട്ടണവും ആ ആകശത്തോളം എത്തുന്ന ഒരു ഗോപുരവും പണിക അവർ പരസ്പരം പറഞ്ഞു. അവർ ഇഷ്ടിക അറുത്തു. ഇഷ്ടികകളെ പരസ്പരം യോജിപ്പിക്കുവാൻ പശമണ്ണും കുമ്മായവും ഉപയോഗിച്ചു. ഇഷ്ടികകൾ തമ്മിലുള്ള അകലം ഇല്ലാതെയാക്കുന്നതാണ് പശമണ്ണും കുമ്മായവും നല്ലതാണെന്ന് നമുക്ക് തോന്നാമെങ്കിലും അത് സമഭൂമിയായ ശിനാറിൽ തങ്ങളുടെ ജീവിതത്തെ തുന്നിക്കെട്ടുന്ന, ചലനരഹിതമാക്കുന്ന സാംസ്കാരിക അവശേഷിപ്പുകളുടെ ചിഹ്നം കൂടിയാണ്.

പശമണ്ണും കുമ്മായവും കണ്ടെത്തിയ ശേഷമാണ് ചിതറിയിരിക്കുന്ന മനുഷ്യർക്ക് പട്ടണവും ഗോപുരവും പണിയുവാനുള്ള നിലപാടിലേക്ക് പോകുവാൻ അമിതമായ താല്പര്യമുണ്ടാകുന്നത്. അവരുടെ യാത്ര മുന്നോട്ടുപോകുവാൻ ഉള്ളവരുടെ ശബ്ദം കേൾക്കാൻ ഇല്ല, ഇനി ആരെങ്കിലും തുടരെ യാത്രയെ കുറിച്ച് പറയുന്നുണ്ടെങ്കിലും അവർ ന്യൂനപക്ഷമാണ്. ന്യൂനപക്ഷത്തിന്റെ ശബ്ദം ഭൂരിപക്ഷം വിഴുങ്ങിക്കളഞ്ഞാൽ ഭൂരിപക്ഷത്തിന്റെ ഇരകളായി ന്യൂനപക്ഷം ചരിത്രത്തിൽ തീരും. പശമണ്ണും കുമ്മായവും ഇഷ്ടപ്പെടാത്തവരുടെ ചരിത്രം, ശബ്ദം, സംസ്കാരം, ജീവിതശൈലി... ലരേ. എല്ലാം മൗനത്തിലാണ്.

കലഹിക്കുന്ന ദൈവം :

മനുഷ്യർ പണിത പട്ടണവും ഗോപുരവും കാണേണ്ടതിനു യഹോവ ഇറങ്ങിവന്നു. 'യഹോവ' ദൈവത്തെ മനുഷ്യൻ പേരിട്ടു വിളിച്ച കാലത്തിന്റെ അടയാളവും ഓർമ്മപ്പെടുത്തലാണ്. 'യഹോവ' ദൈവം എന്ന് മനുഷ്യൻ പറഞ്ഞുതുടങ്ങിയ ചരിത്ര കാലഘട്ടം ദൈവജനത്തിന്റെ ചരിത്രത്തിലെ ഒരു പ്രധാന കാലഘട്ടം തന്നെയാണ്. കാരണം ജനത്തിന് ദൈവം ദൈവത്തിന് ജനവും എന്ന അവസ്ഥയിലേക്ക് മനുഷ്യ ആത്മീയതയുടെ ഒരു ഘട്ടം മാറിയ കാലമാണത്. ജനത്തിന്റെ സ്വത്വത്തിന്റെ ഭാഗമായി യഹോവയായ ദൈവംമാറി എന്നതാണർത്ഥം.

സഞ്ചാരിയായ മനുഷ്യർക്കൊപ്പം സഞ്ചരിച്ചുവന്ന സഞ്ചാരിയായ ദൈവം ഉറഞ്ഞുപോയപ്പോൾ ദൈവം കലഹിക്കുന്നു. ദൈവത്തിന്റെ തീരുമാനം, 'നാം ഇറങ്ങിച്ചെന്ന് അവർ തമ്മിൽ ഭാഷ തിരിച്ചറിയാതിരിപ്പാൻ അവരുടെ ഭാഷ കലക്കിക്കളക എന്ന് അരുളിച്ചെയ്തു'. ഇവിടെ ദൈവം ആരെയോ കൂട്ടുപിടിക്കുന്നു. അവരുടെ ഭാഷ കലക്കി കളയുവാൻ മൂന്നാമത് ഒരു കൂട്ടം പ്രത്യക്ഷപ്പെടുന്നു. പേരു വെളിപ്പെടുത്തുന്നില്ലെങ്കിലും ന്യൂനപക്ഷത്തിന്റെ പ്രതിരോധ സാന്നിധ്യത്തെയാണ്, ന്യൂനപക്ഷത്തിന്റെ മുന്നേറ്റത്തെയാണ് വേദം പറഞ്ഞുവെക്കുന്നത്.

ഒരുപക്ഷേ ന്യൂനപക്ഷത്തിന്റെ കലാപത്തെ ഏറ്റെടുക്കുന്ന ദൈവമാണോ എന്നുപോലും ഒരുപക്ഷേ തോന്നും.

സഞ്ചാരിയായ ദൈവത്തെ പൂർണ്ണമായി ഏറ്റെടുക്കുന്നത് ഭൂരിപക്ഷമല്ല അത് ന്യൂനപക്ഷം തന്നെയാണ്.

ദൈവം കലഹിക്കുന്നത് നീതിക്കുവേണ്ടി സങ്കടപ്പെടുന്ന ഭൂരിപക്ഷത്തിന്റെ അടിച്ചമർത്തലുകൾക്ക് ഇരയാകുന്ന ന്യൂനപക്ഷത്തിന്റെ സഞ്ചരിക്കുന്ന ആധ്യാത്മികതയെ തടസ്സപ്പെടുത്തുന്ന ഘടനകൾക്ക് നേരെയാണ്...

പരസ്പരം തിരിച്ചറിയാൻ കഴിയാത്ത ഭാഷ അവരെ ചിന്നിച്ചു ചിതറിച്ചു...

ഭാഷ കലക്കിയ ദേശത്തിന് ബാബേൽ എന്ന പേരായി. അങ്ങനെ സമഭൂമിയായ ശിനാർ, മനുഷ്യൻ പരസ്പരം സൗഹൃദം ശിനാർ പരസ്പരം തിരിച്ചറിയാൻ കഴിയാത്ത ബാബേലായി. സമഭൂമിയിൽ കണ്ടുമുട്ടിയ സൗഹൃദത്തിൽ നമുക്ക് മുമ്പോട്ടു പോകാം അതാണ് ആത്മീയത.

സഞ്ചരിക്കുന്ന മനുഷ്യരും സഞ്ചരിക്കുന്ന ദൈവം...

യാത്ര തുടരുന്നതാണ് നല്ലത് ഇനിയും കാണാനുള്ള ദേശത്ത്, കാണാനുള്ള മനുഷ്യരിൽ കൂടുതൽ സൗന്ദര്യമുണ്ട്. നമ്മുടെ രാജ്യത്തെ തന്നെ ഒരു സ്ഥലമായ

അജ്മീരിലേ പശ്ചാത്തലത്തിലെ ഒരു നോവലിലെ പ്രണയത്തെ പറഞ്ഞ് അവസാനിപ്പിക്കാം.

ഓർമ്മകളും സ്വപ്നവും ഊടും പാവുമായി നെയ്ത ഒരു ചിത്രകംബളംമാണ് ആലം നൂർന്റെ 'റെഹീക്ക് ബദരിയ' എന്ന നോവൽ. ഒരു നോവലും അതിന്റെ കഥാസാരമല്ല. ആഖ്യാനമാണ് നോവലിന്റെ ശരീരം. ഒരു യാത്രയിലെന്നപോലെ ഗദ്യത്തിന്റെ തീവണ്ടിപ്പാളത്തിലൂടെ ശ്രുതി മുറിയാതെ, താളം പിഴയ്ക്കാതെ വായനക്കാരായ യാത്രികരെ കൊണ്ടുപോകാൻ കഴിയുന്നുണ്ട് ഇതിന്റെ രചയിതാവിന്. ഖവാലികളുടെയും തുമ്രികളുടെയും സൂഫിഗീതത്തിന്റെയും പശ്ചാത്തലസംഗീതം നിറഞ്ഞ, ഉത്തരേന്ത്യൻ വാസ്തുശില്പങ്ങളുടെ നിരതിശായിത്വം ഏതുരംഗത്തിനും പിൻകാഴ്ചയായി പുലരുന്ന, വ്യത്യസ്തമായ ഒരു കഥയാണ് റഹീക്ക് ആഖ്യാനം ചെയ്യുന്നത്.

ഖത്തറിലെ യാന്ത്രികമായ ജോലിയുടെ തിരക്കുകൾക്കിടയിൽ മടുപ്പു മാറ്റുകയെന്ന ഉദ്ദേശവുമായാണ് റോവൽ അജ്മീരിലേക്കെത്തുന്നത്. അജ്മീരിലേക്ക് ഒരിക്കലും ഭക്തനായി പോവരുത്, കാഴ്ച്ചക്കാരാനായി പോയി വരൂവെന്ന് നിർദേശിക്കുന്നത് കൂടെ ജോലി ചെയ്യുന്ന പിള്ള സാറാണ്.

യാത്രയിൽ കണ്ടുമുട്ടിയ യാതൊരു പരിചയമില്ലെങ്കിലും താമസസൗകര്യം ഒരുക്കി നൽകിയ ഉസ്മാനിക്കയും സാലിഹും സൈറയുടെ ബാബയും സൽമ ദീദിയും തുടങ്ങി ഈ നോവലിൽ റോവൽ കണ്ടുമുട്ടുന്ന ഓരോരുത്തരും നമ്മുടെ കൂടി പ്രിയപ്പെട്ടവരാവുന്നുണ്ട്.

അജ്മീറിൽ വെച്ചാണ് റോവൽ സൈറയെ കണ്ടുമുട്ടുന്നത്. ആദ്യ കാഴ്ചയിൽ തന്നെ അവളുടെ കണ്ണിലെ തിളക്കം അവരെ പരസ്പരം ആകർഷിച്ചു. സ്വപ്നത്തിൽ എന്നും താൻ കാണുന്ന ആൺകുട്ടി റോവലാണെന്ന് സൈറ തിരിച്ചറിയുന്നതും അവരിൽ പ്രണയമുണ്ടാവുന്നതും തുടർന്നുണ്ടാവുന്ന സംഭവവികാസങ്ങളുമാണ് നോവലിനെ സമ്പന്നമാക്കുന്നത്.

'പ്രിയപ്പെട്ട കവി, അപ്രതീക്ഷിതമായ എന്റെ മെസ്സേജ് കണ്ടു നീ ഞെട്ടിയുണ്ടാവും എന്നെനിക്കറിയാം. പേടിക്കേണ്ട, ഞാൻ സുരക്ഷിതയാണ്. ഈ വരുന്ന ജനുവരി 25നു നീ അജ്മീറിലേക്ക് വരണം. ഒരിക്കൽ കൂടി കാണാണമെന്ന് ആഗ്രഹമുണ്ട്. സൂഫി മന്ദറിൽ ഞാൻ കാത്തിരിക്കും. ഇനിയൊരു മെസ്സേജ് ഉണ്ടാകില്ല.'

നോവലിന്റെ ആദ്യം മുതൽ അവസാനം വരെ നോവലിസ്റ്റ് ആകാംക്ഷ നിറച്ചു വെച്ചിട്ടുണ്ട്. പ്രണയത്തിൽ ചാലിച്ച ആകാംക്ഷ തന്നെയാണ് പത്തു വർഷങ്ങൾക്കു ശേഷവും സൈറയുടെ മെസ്സേജ് കിട്ടിയുടനെ അജ്മീറിലേക്ക് പോവാൻ റോവലിനെ പ്രേരിപ്പിക്കുന്നത്.

സൈറയും റോവലുമായുള്ള സംഭാഷണങ്ങളിൽ നിറയെ കവിത തുളുമ്പിനിൽക്കുന്നുണ്ട്. അത്തരമിടങ്ങൾ മികവുറ്റതാക്കാൻ റെഹീക്കിലെ കവിക്കു കഴിയുന്നുണ്ട്. സൽമ ദീദിയെ കണ്ടിറങ്ങുന്ന സമയത്തു സൈറ പറയുന്ന വാക്കുകൾ ഈ പുസ്തകത്തിലെ എനിക്കേറ്റവും പ്രിയപ്പെട്ട വരികളാണ്.

'നിങ്ങൾ എന്താണ് പ്രണയത്തെക്കുറിച്ച് മനസ്സിലാക്കിയിട്ടുള്ളത്? പ്രണയിക്കുന്ന ആൾ എപ്പോഴും കൂടെ വേണമെന്നോ? അതോ പ്രണയിച്ച ആളെ വിവാഹം കഴിച്ചാൽ മാത്രമേ പ്രണയം പൂർണ്ണമാകൂ എന്നോ? സൽമ ദീദിയുടെ പ്രണയം സത്യമുള്ളതാണ്. ഇനി അയാൾ തിരിച്ചു വന്നില്ലെങ്കിലും സൽമ ദീദിക്ക് അയാളോടുള്ള പ്രണയം മരണം വരെ അതേപോലെ നിലനിൽക്കും. മാത്രമല്ല യഥാർത്ഥത്തിൽ സൽമ ദീദി നിങ്ങളെ കുറിച്ച് ചോദിച്ചത് എന്താണെന്നറിയുമോ? നിങ്ങൾക്ക് എന്നോട് പ്രണയമുണ്ടോ എന്ന്? ഞാൻ അറിയില്ലെന്ന് പറഞ്ഞു. അപ്പോൾ ദീദി പറഞ്ഞത് നിങ്ങളുടെ കണ്ണ് നിറയെ എന്നോടുള്ള പ്രണയമാണെന്ന്.'

ആലംനൂർ എന്നാൽ ലോകത്തിന്റെ പ്രകാശമെന്നാണ്. ആലംനൂർ എന്ന വിലയേറിയ രത്നം സ്വന്തമാക്കാൻ വേണ്ടി കറുത്ത ആട് വംശവും വെളുത്ത ആട് വംശവും നടത്തുന്ന അടങ്ങാത്ത പോരാട്ടത്തെ ചരിത്രമേത് കെട്ടുകഥയേതെന്ന് തിരിച്ചറിയാത്ത വിധം കുറഞ്ഞ വരികളിൽ റെഹീക്ക് വളരെ ഭംഗിയായി വിവരിക്കുന്നുണ്ട്. തുർക്കിയിലേക്ക് വേരുകളുള്ള കറുത്ത ആട് വംശത്തിലാണ് സൈറ ജനിച്ചത്.

ഖവാലികളുടെയും തുമ്രികളുടെയും സൂഫിഗീതത്തിന്റെയും നൃത്തത്തിന്റെയും പശ്ചാത്തല സംഗീതം നിറഞ്ഞ ഊദ് പുകയുന്ന മുഗൾ പൗരാണിക പാരമ്പര്യത്താൽ സമ്പന്നമായ അജ്മീരിലെ തെരുവുകൾ റെഹീക്ക് തന്റെ വാക്കുകൾ കൊണ്ടു വളരെ മനോഹരമായ ജലാഛായം വരയ്ക്കുന്നു.

ഇനിയും സഞ്ചരിക്കാൻ ഒരുപാട് ദൂരമുണ്ട്...



## ഫാ. തോമസ് വർഗീസ് കാവുങ്കൽ അന്തരിച്ചു

പങ്ങട: മുൻ കോട്ടയം ഭദ്രാസന സെക്രട്ടറിയും സീനിയർ വൈദികനുമായ ഫാ. തോമസ് വർഗീസ് കാവുങ്കൽ (73) അന്തരിച്ചു. കോട്ടയം ഭദ്രാസന വൈദിക സംഘം മുൻ സെക്രട്ടറിയും ബാലസമാജം, യുവജനപ്രസ്ഥാനം ഭദ്രാസന മുൻ വൈസ് പ്രസിഡന്റുമാണ്.

ഭാര്യ: അയ്മനം കല്ലുപുരയ്ക്കൽ ശാന്തമ്മ ജേക്കബ് (റിട്ട. അധ്യാപിക, എംഡി എച്ച്എസ്എസ് കോട്ടയം). മക്കൾ: ധനുജ എൽസ വർഗീസ് (യുകെ), മെയ്ജ മേരി വർഗീസ് (ദുബായ്). മരുമക്കൾ: ജെറിൻ ജോസഫ് കുരകത്ത് പറമ്പിൽ പയ്യപ്പാടി (യുകെ), നിജു ഫിലിപ് കളീക്കൽ പങ്ങട (ദുബായ്).

സംസ്ക്കാരം പങ്ങട സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ നടത്തി.

## കോതമംഗലം പള്ളി: ഹർജി തള്ളി ഹൈക്കോടതി

കൊച്ചി: കോതമംഗലം പള്ളികേസിൽ മുവാറ്റുപുഴ സബ് കോടതിയിൽ വികാരി റവ. ഫാ. തോമസ് പോൾ റമ്പാൻ ഫയൽ ചെയ്ത അപ്പീലിൽ കക്ഷി ചേർക്കണമെന്ന് ആവശ്യപ്പെട്ട് ക്രിസ്റ്റി ചാർലി സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളി. അപ്പീൽ എത്രയും വേഗം തീർപ്പാക്കണമെന്ന് ഹൈക്കോടതി. കേസിൽ സീനിയർ അഭിഭാഷകൻ എസ്.ശ്രീകുമാർ, അഡ്വ. റോഷൻ ഡി. അലക്സാണ്ടർ, അഡ്വ. യശ്വന്ത് ഷേണായ് എന്നിവർ ഹാജരായി.

## വിഘടിത മെത്രാന്മാർക്ക് പ്രവേശന അനുമതി ഇല്ലെന്ന് ഹൈക്കോടതി

കൊച്ചി: പാത്രിയർക്കീസ് വിഭാഗത്തിലെ മെത്രാപ്പോലീത്താമാർക്കും വൈദികർക്കും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കൊച്ചി ഭദ്രാസനത്തിലെ മുളന്തുരുത്തി മാർത്തോമൻ പള്ളിയിലെ സെമിത്തേരിയിൽ കുഴിക്കാട്ടിൽ ദാവീദ് കശീശായുടെ ഓർമ്മ ദിവസമായ ഓഗസ്റ്റ് രണ്ടിന് മരണാനാന്തര ശുശ്രൂഷയിലെ കർമ്മങ്ങൾ നടത്തുവാൻ അനുവാദം വേണമെന്ന് പറഞ്ഞ് ദാവീദ് കശീശായുടെ മകൻ അമേരിക്കയിൽ സ്ഥിരതാമസമാക്കിയ പോൾ ഡേവിഡ് എറണാകുളം ജില്ലാ കളക്ടറെ ഒന്നാം പ്രതിയാക്കി കൊടുത്ത കേസ് ഹൈക്കോടതി തള്ളി. ആവശ്യമെങ്കിൽ പോൾ ഡേവിഡ് മാർത്തോമൻ പള്ളി വികാരിക്ക്, തനിക്ക് സെമിത്തേരിയിൽ പ്രാർത്ഥിക്കുവാനുള്ള അവസരം നൽകണമെന്ന് ആവശ്യപ്പെട്ട് രേഖാമൂലം അപേക്ഷ സമർപ്പിച്ചാൽ പോൾ ഡേവിഡിന് അതിനുള്ള ക്രമീകരണങ്ങൾ ചെയ്തുകൊടുക്കണമെന്നും പാത്രിയർക്കീസ് വിഭാഗത്തിലെ മെത്രാപ്പോലീത്താമാർക്കോ, വൈദികർക്കോ ഈ വിഷയത്തിൽ അനുവാദം ഇല്ലായെന്നും ഹൈക്കോടതി വിധി പ്രസ്താവിച്ചു .